www.malankaralibrary.com

മെയ് 2026

ക്രൈസ്തവ കാഹളം



വിളിയും പൊരുളും

ദൈവവിളി പതിപ്പ്

www..malankaralibrary.com



കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ, ജാഗരണത്തിലും വിശപ്പിലും ശുദ്ധതയിലും ജ്ഞാനത്തിലും ദീർഘക്ഷമയിലും ദയയിലും പരിശുദ്ധാത്മാവിലും നിഷ്കളങ്കസ്നേഹത്തിലും എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവ കൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.

www..malankaralibrary.com



മെയ് 1

തൊഴിലാളികളുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ

www.malankaralibrary.com

ക്രൈസ്തവ കാഹളം

മെയ് 2026
വാല്യം 87 ലക്കം 5

ദൈവവിളി പതിപ്പ്



ഉള്ളടക്കം

എഡിറ്റോറിയൽ	04
പിതൃമൊഴി	07
പൗരോഹിത്യം: വിളിയും ശ്രേഷ്ഠതയും	09
സന്യാസം സഭയുടെ ആത്മീയ അലങ്കാരം	13
സ്വർഗ്ഗരാജ്യത്തെ പ്രതി ഷണ്ഡനായവൻ	21
കുടുംബജീവിതം: സവിശേഷത നിറഞ്ഞ ദൈവവിളി	24
ആരാണ് ഇടയൻ	27
സാർവത്രിക സഭയിലെ വേദപാരംഗതർ: പാദുവായിലെ വി. അന്തോണിയോസ്	28
ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം മാറ്റിവരയ്ക്കാൻ ശ്രമിക്കുമ്പോൾ	42
വഴിവിളക്ക്	46
മലങ്കര സുറിയാനി കത്തോലിക്കാ സഭ: വി. കുർബാനയുടെ പഠനങ്ങൾ	52

രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ

പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള
കോർ എപ്പിസ്കോപ്പാ

എഡിറ്റർ
റവ. ഫാ. ഷിൻ പാലക്കുഴി

ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. സാം തോമസ് മണലുശ്ശേരി
9539955970

കവർ & ലേഔട്ട്
Fingraph - 9387811920
fingraphtvm@gmail.com

പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്,
പട്ടം, തിരുവനന്തപുരം-4

വിലാസം
ക്രൈസ്തവ കാഹളം,
സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്,
പട്ടം, തിരുവനന്തപുരം-4

www..malankaralibrary.com



വിളിയും വിവേകവും

എല്ലാ വർഷവും മെയ് മാസത്തിൽ വൈദിക പരിശീലന കേന്ദ്രങ്ങളിലും, സന്യാസസമർപ്പിത ഭവനങ്ങളിലും ചേരുവാനാഗ്രഹിക്കുന്നവരുടെ യോഗങ്ങൾ വിവിധ ഇടങ്ങളിൽ വിളിച്ചുകൂട്ടാറുണ്ട്. ഓരോ ജീവിതാന്തസ്സിന്റെയും പ്രത്യേകതകൾ കുട്ടികൾക്ക് ഈ സമയം മനസ്സിലാക്കിക്കൊടുക്കുന്ന പതിവ് ഉണ്ട്. എന്നാൽ എല്ലാകാര്യങ്ങളും അവർ മനസ്സിലാക്കണമെന്ന് നിർബന്ധമില്ല. അങ്ങനെ നിർബന്ധിക്കാൻ നമുക്ക നിവൃത്തിയുമില്ല. കാരണം ആഗ്രഹിച്ചടുത്തു വരുന്ന ജീവിതാന്തസ്സിനെ ദിവസംതോറും മനസ്സിലാക്കി സ്നേഹിക്കുവാനും അതായിത്തീരുവാൻ നിരന്തരം പ്രാർത്ഥനാപൂർവ്വം അതിനെ സമീപിക്കുവാനും സാധിക്കുമ്പോൾ മാത്രമാണ് ആ ജീവിതത്തിന്റെ എല്ലാ പ്രത്യേകതകളും ക്രമേണ മനസ്സിലാകുന്നത്. അതുപോലെതന്നെ പരിശീലന കാലയളവിൽ ഈ ജീവിതത്തിൽ മുന്നോട്ട് പോകുവാൻ സാധിക്കില്ല എന്ന തിരിച്ചറിവും അപ്പോൾ പിൻവാങ്ങുന്നതിനുള്ള തീരുമാനമെടുക്കാനുള്ള കൃപയും നമുക്ക് ലഭിക്കും.

ദൈവവിളി എന്ന് കേൾക്കുമ്പോൾ പെട്ടെന്ന് മനസ്സിലേക്ക് വരുന്നത് വൈദിക ജീവിതത്തെക്കുറിച്ചാണ്. യേശുക്രിസ്തുവെന്ന മഹാപുരോഹിതന്റെ മുന്നിൽ ശുശ്രൂഷാ പൗരോഹിത്യത്തിനായി ഒരാൾ മുട്ടുകൾ മടക്കുമ്പോൾ ആ ആൾ വിശുദ്ധ കുർബാന അർപ്പിക്കുന്ന, പാപങ്ങൾ മോചിക്കുന്ന, ആത്മാക്കളെ വിശുദ്ധീകരിക്കുന്ന, പൗരോഹിത്യത്തിന്റെ ശ്രേഷ്ഠമായ ഉത്തരവാദിത്വങ്ങളിലേക്ക് പരിശീലനത്തിലൂടെയും പ്രാർത്ഥനാപൂർണ്ണമായ തീരുമാനത്തിലൂടെയും അഭിഷേകം ചെയ്യപ്പെടുന്നു. ലോകത്തിന്റെ പുതിയ കാഴ്ചപ്പാടുകളും ശബ്ദമുഖരിതമായ, വർണ്ണരചിതമായ സാഹചര്യങ്ങളും അമിതസന്തോഷത്തിന്റെ അഭിനിവേശങ്ങളും യുക്തമായ തീരുമാനങ്ങളെടുക്കുവാൻ പുതിയ തലമുറയെ അശക്തരാക്കുന്നു. പിൻവാങ്ങലിന്റെയും, നിശബ്ദതയുടെയും അന്തരീക്ഷം നഷ്ടപ്പെടുന്നിടത്ത് ധ്യാനപൂർവ്വമായ ദൈവാലോചനകളും, തീരുമാനങ്ങളും ഉണ്ടാകുന്നില്ല. യുവതലമുറയുടെ ലോകം ചെറിയ ഒരു ഫോൺ സ്ക്രീനിൽ ചുരുങ്ങുമ്പോൾ ചുറ്റുപാടുകൾ ആരാലും ശ്രദ്ധിക്കപ്പെടാതെ വേദനയുടെ ലോകത്ത് ഒറ്റപ്പെടലിന്റെയും അക്രമോത്സുകതയുടെയും നീരാളിപ്പിടുത്തത്തിൽ കഷ്ടപ്പെടുന്നു. ക്രിസ്തുവിന്റെ സ്നേഹം ഇവിടെ കൊടുക്കുവാൻ ശുശ്രൂഷാ പൗരോഹിത്യത്തിന്റെ ജീവിതക്രമങ്ങൾ കൂടുതൽ ഹൃദയങ്ങളെ കീഴ്പ്പെടുത്തേണ്ടതുണ്ട്.

www..malankaralibrary.com

ലോകത്തിന്റെ ജീവിതക്രമത്തിൽ നിന്നും പിൻവാങ്ങി നിശബ്ദതയുടെയും ജീവകാരുണ്യ ശുശ്രൂഷയുടെയും പന്ഥാവുകൾ തേടുന്ന സന്യാസസമർപ്പണ ജീവിതം മരുഭൂമിയിൽ നടത്തുന്ന ദൈവാന്വേഷണത്തിന്റെ നേർച്ചിത്രങ്ങളാണ്. സഭയുടെ ഹൃദയതാളം ക്രമമായി മുന്നോട്ട് പോകുന്നത് സന്യാസസമർപ്പിത ഭവനങ്ങളിലെ നിശബ്ദതയുടെയും, പ്രാർത്ഥനയുടെയും, ഏകാഗ്രമായ സേവന ശുശ്രൂഷകളുടെയും പരിണിത ഫലമാണ്. കുടുംബങ്ങൾക്കും പൗരോഹിത്യ ശുശ്രൂഷയ്ക്കും സഭാജീവിത ക്രമത്തിനും പ്രാർത്ഥനയുടെ കരുത്ത് പകരുന്ന ഈ ജീവിതവും ഈ ഭവനങ്ങളും സഭയുടെ ഊർജ്ജ സ്രോതസ്സുകളാണ്.

സന്യാസിയും സമർപ്പിതയും പുരോഹിതനും ജനിച്ചുവീഴുന്നത് ഗാർഹിക സഭയായ കുടുംബങ്ങളിലാണ്. പരിശുദ്ധ ത്രിത്വം മുന്നോട്ടുവയ്ക്കുന്ന സ്നേഹത്തിലധിഷ്ഠിതമായ കൂട്ടായ്മയുടെ പ്രതിരൂപമാണ് കുടുംബം. കുടുംബങ്ങളിലാണ് പ്രാർത്ഥനയുടെയും ദൈവവിശ്വാസത്തിന്റെയും ആഴമായ അനുഭവങ്ങൾ പകർന്നുനൽകുന്ന ജീവിതക്രമം രൂപപ്പെടുന്നത്. സന്ധ്യാസമയത്തെ പ്രാർത്ഥനകളും ദൈവാലയത്തിലേക്ക് ഒരുമിച്ച് പോകുന്ന മാതാപിതാക്കളും മക്കളും എല്ലാക്കാലത്തും നമ്മുടെ മനസ്സിന് സന്തോഷം പകർന്നിട്ടുള്ള ദൃശ്യങ്ങളാണ്.

എല്ലാ ദൈവവിളികളും പരസ്പര പൂരകങ്ങളാണ്. കുടുംബങ്ങളിലാണ് എല്ലാവരും ജനിക്കുന്നതും ദൈവസ്നേഹത്തിൽ രൂപപ്പെടുന്നതും. പുരോഹിതൻ കുടുംബങ്ങളെ ആശീർവദിക്കുന്നു, സന്യാസ സമർപ്പിത ജീവിതത്തിലേക്ക് വ്യക്തികളെ കൈപിടിച്ച് അഭിഷേകം ചെയ്യുന്നു. സന്യാസസമർപ്പിത ഭവനങ്ങളിൾ കുടുംബങ്ങൾക്ക് വേണ്ടിയും പുരോഹിതർക്ക് വേണ്ടിയും പ്രാർത്ഥനയുടെ സുഗന്ധ ധൂപങ്ങൾ ഉയരുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവ് യുവതലമുറയുടെ മേൽ അഭിഷേകത്തിന്റെ മഹാമാരി ചൊരിയട്ടെ. നിശബ്ദതയിൽ ദൈവത്തിന്റെ സ്വരം കേൾക്കുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനും അവർക്ക് കഴിയട്ടെ. അവർ വിവേകത്തോടെ ഉചിതമായ തീരുമാനങ്ങൾ എടുത്ത് കർത്താവിന്റെ ബലിപീഠത്തിലേക്ക്, സന്യാസസമർപ്പിത ഭവനങ്ങളുടെ ആവൃതികളിലേക്ക്, കുടുംബത്തിന്റെ സ്നേഹബന്ധങ്ങളിലേക്ക് നടന്നടുക്കട്ടെ.



ഫാ. ബോവസ് മാത്യു
ചീഫ് എഡിറ്റർ
ഫോൺ: 9447661943
bovasmathew@gmail.com

www..malankaralibrary.com

പിതൃമൊഴി



ദൈവവിളി: ദൈവ – മനുഷ്യ ബന്ധത്തിലേക്കുള്ള ക്ഷണക്കത്ത്

പിന്നെ, അവൻ മലമുകളിലേക്കു കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്കു വിളിച്ചു. അവർ അവന്റെ സമീപത്തേക്കു ചെന്നു (മർക്കോസ് 3 : 13). ദൈവവിളിയെക്കുറിച്ചുള്ള വേദപുസ്തകാടിസ്ഥാനവും സഭയുടെ പ്രബോധനങ്ങളും വളരെ ആഴമുള്ളതാണ്. അത് യേശുക്രിസ്തുവുമായുള്ള വ്യക്തിപരമായ ബന്ധത്തിൽ അധിഷ്ഠിതവുമാണ്. ദൈവവിളി സ്നേഹത്തിലേക്കുള്ള ക്ഷണമാണ്. അത് കേവലം ഒരു തൊഴിൽ തിരഞ്ഞെടുക്കലല്ല, മറിച്ച് ദൈവത്തിന്റെ സ്നേഹത്തോടുള്ള പ്രതികരണമാണ്. ദൈവം നമ്മെ സ്നേഹിക്കുന്നു എന്ന തിരിച്ചറിവിൽ നിന്നാണ് എല്ലാ ദൈവവിളികളും ആരംഭിക്കുന്നത്. ദൈവവിളി എന്ന പദം 'വൊക്കാറെ' (Vocare) എന്ന ലാറ്റിൻ വാക്കിൽ നിന്നാണ് ഉണ്ടായത്, ഇതിനർത്ഥം 'വിളിക്കുക' എന്നാണ്. കത്തോലിക്കാ വിശ്വാസമനുസരിച്ച്, ഓരോ മനുഷ്യനും ഈ ലോകത്തിലേക്ക് വരുന്നത് ദൈവത്തിന്റെ ഒരു പ്രത്യേക പദ്ധതിയോടെയാണ്. ഈ പദ്ധതി തിരിച്ചറിയുകയും അതിനനുസരിച്ച് ജീവിക്കുകയും ചെയ്യുന്നതാണ് ദൈവവിളി. ഇത് ഓരോ വ്യക്തിയുടെയും അസ്തിത്വത്തിന്റെ അടിസ്ഥാനമാണ്.

www..malankaralibrary.com

ക്രിസ്ത്യാനിക്ക് തന്റെ ജീവിതത്തെക്കുറിച്ചുള്ള ദൈവഹിതം മനസ്സിലാക്കാൻ സാധിക്കുന്നത് ക്രിസ്തുവുമായുള്ള വ്യക്തിബന്ധത്തിലൂടെയാണ്. ഈ ബന്ധത്തെക്കുറിച്ച് പരിശുദ്ധ ബനഡിക്ട് പതിനാറാമൻ പാപ്പാ പഠിപ്പിക്കുന്നത്, ക്രിസ്തുവിനെ നമ്മുടെ ജീവിതത്തിലേക്ക് പ്രവേശിപ്പിക്കുമ്പോൾ നമുക്ക് ഒന്നും നഷ്ടപ്പെടുന്നില്ല, പകരം ജീവിതം കൂടുതൽ മനോഹരമാകുകയാണ് ചെയ്യുന്നത് എന്നാണ്.

ദൈവവിളി എന്നത് വ്യക്തിപരമായ ഒരു നേട്ടമല്ല, മറിച്ച് സഭയ്ക്കും സമൂഹത്തിനും വേണ്ടിയുള്ള സമർപ്പണമാണ്. പുരോഹിതർക്കും സന്യസ്തർക്കും മാത്രമല്ല, ഓരോ വ്യക്തിക്കും (അത് വിവാഹ ജീവിതമായാലും ഏകാന്ത ജീവിതമായാലും) തനതായ ഒരു ദൈവവിളിയുണ്ട്. അത് ലോകത്തിൽ ദൈവസ്നേഹം പ്രകടിപ്പിക്കാനാണ്. ആധുനിക ലോകത്തിലെ ശബ്ദങ്ങൾക്കിടയിൽ ദൈവത്തിന്റെ സ്വരം തിരിച്ചറിയാൻ വലിയ നിശബ്ദതയും വിവേചനവും ആവശ്യമാണ്. ഭയപ്പെടാതെ ദൈവത്തിന്റെ വിളിക്ക് 'അതെ' എന്ന് പറയാൻ നമ്മുടെ ചെറുപ്പക്കാർ സന്നദ്ധരാവണം. ദൈവവിളി എന്നത് സത്യവും നന്മയും സൗന്ദര്യവുമായ ക്രിസ്തുവിനെ അനുഗമിക്കലാണ്. നാം ഓരോരുത്തരും ദൈവത്തിന്റെ മനസ്സിൽ വിരിയുന്ന ഓരോ പദ്ധതികളാണ്. ആ പദ്ധതി പൂർത്തിയാക്കുമ്പോഴാണ് നാം പൂർണ്ണതയിലെത്തുന്നത്. നന്മ ആഗ്രഹിക്കുന്നവർ നന്മ നിവർത്തിയാകുവാൻ മുന്നിട്ടിറങ്ങണം.

വിശുദ്ധ ഗ്രന്ഥത്തിൽ ദൈവവിളി എന്നത് ദൈവം മുൻകൈ എടുത്ത് നടത്തുന്ന ഒരു പ്രവൃത്തിയാണ്. മനുഷ്യന്റെ യോഗ്യത നോക്കിയല്ല, മറിച്ച് ദൈവത്തിന്റെ അളവറ്റ കൃപയാലാണ് ഓരോ വിളിയും സംഭവിക്കുന്നത്. പഴയ നിയമത്തിൽ ദൈവവിളി ഒരു ദൗത്യവുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. അബ്രാഹത്തെ തന്റെ ദേശത്തുനിന്നും ബന്ധുക്കളിൽ നിന്നും വേർതിരിച്ച് വിശ്വാസികളുടെ പിതാവാകാൻ ദൈവം വിളിക്കുന്നു (ഉല്പത്തി 12:1). മുൾപ്പടർപ്പിന് നടുവിൽ നിന്ന് ഇസ്രായേൽ ജനത്തെ നയിക്കാൻ മോശയെ ദൈവം വിളിക്കുന്നു. ജെറമിയ പ്രവാചകനോട് ദൈവം പറയുന്നത് ശ്രദ്ധേയമാണ്: 'മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിനു മുൻപേ ഞാൻ നിന്നെ അറിഞ്ഞു... ജനതകൾക്ക് പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു' (ജെറമിയ 1:5). സമുദ്രത്തിന്റെ ആഴങ്ങളിൽ നിന്ന് യോനായെ വിളിച്ചതും, ബാലനായ സാമുവലിനെ പേര് ചൊല്ലി വിളിച്ചതും ദൈവത്തിന്റെ വ്യക്തിപരമായ താൽപ്പര്യത്തെ കാണിക്കുന്നു.

പുതിയ നിയമത്തിൽ യേശുക്രിസ്തുവിലൂടെയാണ് ദൈവവിളി അതിന്റെ പൂർണ്ണതയിലെത്തുന്നത്. ഗലീലി കടൽത്തീരത്തെ മീൻപിടുത്തക്കാരെ 'എന്നെ അനുഗമിക്കുക' എന്ന ആഹ്വാനം നൽകി മനുഷ്യരെ പിടിക്കുന്നവരാക്കി മാറ്റിയ യേശു, ഓരോ ക്രൈസ്തവനെയും അവിടുത്തെ സാക്ഷികളാകാൻ ക്ഷണിക്കുന്നു. അപ്പസ്തോലനായ പൗലോസ് വിവരിക്കുന്നത് പോലെ, നാം 'വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരാണ്' (റോമാ 1:7). ഈ വിളി കേവലം ഒരു അനുഗമിക്കലല്ല, മറിച്ച് ക്രിസ്തുവിൽ ആയിരിക്കുക എന്നതാണ്.

കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം (Catechism of the Catholic Church) പഠിപ്പിക്കുന്നത്, എല്ലാ മനുഷ്യരുടെയും പ്രാഥമികമായ ദൈവവിളി വിശുദ്ധി

www..malankaralibrary.com

യിലേക്കുള്ള വിളി (Universal Call to Holiness) ആണെന്നാണ്. മാമോദീസ യിലൂടെയാണ് ഒരാൾ ക്രിസ്തുവിന്റെ രാജകീയ പൗരോഹിത്യത്തിലും പ്രവാചക ദൗത്യത്തിലും പങ്കുചേരുന്നത്. അവിടെ നിന്നാണ് മറ്റെല്ലാ പ്രത്യേക വിളികളും ഉത്ഭവിക്കുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയായ ലുമെൻ ജെൻസിയും (Lumen Gentium) വ്യക്തമാക്കുന്നത്, സഭയിലെ എല്ലാ അംഗങ്ങളുംഅവർ വൈദികരോ സന്യാസികളോ അല്മായരോ ആകട്ടെ അവർ ഏത് അവസ്ഥയിലാണെങ്കിലും ദൈവസ്നേഹത്തിന്റെ പൂർണ്ണതയിലേക്ക് വളരാൻ വിളിക്കപ്പെട്ടവരാണ് എന്നാണ്.

ആധുനിക കാലഘട്ടത്തിലെ മാർപാപ്പമാർ ദൈവവിളിയെ സഭയുടെ നവീകരണത്തിനുള്ള ചാലകശക്തിയായിട്ടാണ് അവതരിപ്പിക്കുന്നത്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ തന്റെ Pastores Dabo Vobis എന്ന പ്രബോധനത്തിൽ വ്യക്തമാക്കുന്നത് 'ദൈവവിളി എന്നത് സ്നേഹത്തിന്റെ ഒരു രഹസ്യമാണ്. ഇത് ദൈവത്തിന്റെ പരമാധികാരവും മനുഷ്യന്റെ സ്വാതന്ത്ര്യവും തമ്മിലുള്ള സംവാദമാണ്' എന്നാണ്. യുവാക്കൾ തങ്ങളുടെ ജീവിതലക്ഷ്യം ക്രിസ്തുവിൽ കണ്ടെത്തണമെന്നും തങ്ങളെത്തന്നെ പൂർണ്ണമായി നൽകുന്നതിലാണ് ജീവിതത്തിന്റെ അർത്ഥമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ദിവംഗതനായ ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ വാക്കുകളിൽ ദൈവവിളി എന്നത് നമ്മെത്തന്നെ കണ്ടെത്താനുള്ള ഏക വഴിയാണ്. 'ദൈവം നമ്മെ വിളിക്കുമ്പോൾ നമ്മിൽ നിന്ന് ഒന്നും എടുത്തുമാറ്റുന്നില്ല, പകരം നമുക്ക് എല്ലാം നൽകുകയാണ് ചെയ്യുന്നത്' എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രശസ്തമായ ചിന്ത. ദൈവം ഓരോരുത്തർക്കും നൽകിയിട്ടുള്ള താലന്തുകൾ അവിടുത്തെ മഹത്വത്തിനായി ഉപയോഗിക്കുന്നതാണ് ശരിയായ ദൈവവിളി. ഫ്രാൻസിസ് മാർപാപ്പ ദൈവവിളിയെ ഒരു 'യാത്ര'യായും 'സേവന'മായും വിശേഷിപ്പിക്കുന്നു. Christus Vivit എന്ന രേഖയിൽ അദ്ദേഹം ഇങ്ങനെ ചോദിക്കുന്നു: 'നീ ആരാണ് എന്നതല്ല ചോദ്യം, മറിച്ച് നീ ആർക്കുവേണ്ടിയാണ് (For whom are you) എന്നതാണ് പ്രധാനം.' വിളി എന്നത് മറ്റുള്ളവർക്കായി മുറിക്കപ്പെടാനുള്ള ക്ഷണമാണെന്ന് അദ്ദേഹം പഠിപ്പിക്കുന്നു. വിളി തിരിച്ചറിയു ന്നതിൽ സന്തോഷവും ആവേശവും ഉണ്ടായിരിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്യുന്നു.

'ദൈവമേ, അങ്ങേയ്ക്കായിട്ടാണല്ലോ അങ്ങ് ഞങ്ങളെ സൃഷ്ടിച്ചത്. അങ്ങിൽ വിശ്രമിക്കുന്നതുവരെ ഞങ്ങളുടെ ഹൃദയം അസ്വസ്ഥമായിരിക്കും' (വിശുദ്ധ അഗസ്റ്റിൻ). മനുഷ്യന്റെ പ്രാഥമിക വിളി ദൈവവുമായുള്ള സുഹൃദ് ബന്ധത്തിലേക്കാണെന്ന് ഈ വാചകം അടിവരയിടുന്നു. വിശുദ്ധ തോമസ് അക്വീനാസിന്റെ അഭിപ്രായത്തിൽ, ദൈവവിളി എന്നത് ദൈവിക ജ്ഞാനത്തിന്റെ പ്രകാശം മനുഷ്യബുദ്ധിയിൽ പതിക്കുന്നതാണ്. അത് മനുഷ്യനെ നന്മയിലേക്കും സത്യത്തിലേക്കും നയിക്കുന്നു. വി. വിൻസെന്റ് ഡി പോളിനെ സംബന്ധിച്ചിടത്തോളം, പാവപ്പെട്ടവരുടെ സേവനമാണ് ദൈവവിളിയുടെ അളവുകോൽ. ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ പ്രാർത്ഥന ഇത്തരുണത്തിൽ പ്രസക്തമാണ്: 'ദൈവമേ, ഞങ്ങൾ അങ്ങയുടേതാകുന്നു. ഞങ്ങൾ അങ്ങേയ്ക്കായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.'

www..malankaralibrary.com



ദൈവവിളി തിരിച്ചറിയുക എന്നത് ഒരു ദിവസത്തെ ജോലിയല്ല, മറിച്ച് ജീവിതകാലം മുഴുവൻ നീളുന്ന പ്രക്രിയയാണ്. അതിന് പല വഴികളുണ്ട്. പ്രാർത്ഥനയിലൂടെ ദൈവത്തിന്റെ സ്വരം കേൾക്കാനുള്ള നിശബ്ദത കണ്ടെത്താവുന്നതാണ്. അനുഭവപരിചയമുള്ള വ്യക്തികളുടെ ആത്മീയ മാർഗ്ഗനിർദ്ദേശം തേടുക എന്നത് മറ്റൊരു മാർഗമാണ്. ദൈവവിളി തിരിച്ചറിയുന്നതിന്റെ ഏറ്റവും വലിയ അടയാളം ഹൃദയത്തിൽ ലഭിക്കുന്ന ആന്തരിക സമാധാനമാണ്. വിശുദ്ധ ഇഗ്നേഷ്യസ് ലയോള പഠിപ്പിക്കുന്നത് പോലെ, ദൈവഹിതമനുസരിച്ചുള്ള തീരുമാനങ്ങൾ ഹൃദയത്തിൽ സ്ഥിരമായ സന്തോഷം നൽകുന്നു.

ദൈവവിളി എന്നത് ഒരു വ്യക്തിക്ക് ലഭിക്കുന്ന പ്രത്യേക ബഹുമതിയല്ല, മറിച്ച് ലോകത്തിന് നന്മ ചെയ്യാനുള്ള ഉത്തരവാദിത്തമാണ്. ഓരോ ക്രൈസ്തവനും തന്റെ ജീവിതസാഹചര്യങ്ങളിൽ നിന്നുകൊണ്ട് ക്രിസ്തുവിന്റെ സ്നേഹത്തിന് സാക്ഷ്യം വഹിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. ബൈബിളിലെ പ്രവാചകന്മാരെപ്പോലെയും അപ്പസ്തോലന്മാരെപ്പോലെയും 'ഇതാ ഞാൻ' എന്ന് പറയാനുള്ള ആത്മധൈര്യമാണ് ഇതിനാവശ്യം.

സഭ പഠിപ്പിക്കുന്നത് പോലെ, നാം പൗരോഹിത്യത്തിലോ, വിവാഹജീവിതത്തിലോ, സന്യാസത്തിലോ എവിടെയായിരുന്നാലും, ദൈവസ്നേഹത്തിന്റെ പൂർണ്ണതയിലേക്ക് വളരുക എന്നതാണ് നമ്മുടെ ലക്ഷ്യം. ക്രിസ്തുവിന്റെ സ്നേഹത്തിൽ അധിഷ്ഠിതമായ ഒരു ജീവിതം നയിക്കുമ്പോൾ മാത്രമേ ഒരു മനുഷ്യൻ തന്റെ സൃഷ്ടിയുടെ ലക്ഷ്യം പൂർത്തീകരിക്കുകയും യഥാർത്ഥ സന്തോഷം കണ്ടെത്തുകയും ചെയ്യുന്നുള്ളൂ. സഭയുടെ ദൗത്യം എന്നത് ഈ ഓരോ വിളികളെയും ഏകോപിപ്പിച്ച് ലോകത്തിന്റെ രക്ഷയ്ക്കായി നിലകൊള്ളുക എന്നതാണ്.

നിങ്ങളുടെ പിതാവ്,

+Baseliosclemis

✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവ
മേജർ ആർച്ചുബിഷപ്-കാതോലിക്കോസ്

www..malankaralibrary.com



പൗരോഹിത്യം വിളിയും ശ്രേഷ്ഠതയും

ബിഷപ് യൂഹാനോൻ മാർ അലക്സിയോസ്

മറ്റെല്ലാ മതങ്ങളുടെ പൗരോഹിത്യത്തിൽ നിന്നും അടിസ്ഥാനപരമായി വ്യത്യസ്തമാണ് ക്രൈസ്തവ പൗരോഹിത്യം. കാരണം അത് ക്രിസ്തുവിന്റെ പൗരോഹിത്യവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. ക്രൈസ്തവ പൗരോഹിത്യത്തെ മനസ്സിലാക്കണമെങ്കിൽ ക്രിസ്തുവിന്റെ പൗരോഹി ത്യത്തെ മനസ്സി ലാക്കണം. സഭയിൽ സന്നിഹിതനായിരി ക്കുന്ന ക്രിസ്തുവിനെ ദൈവജനത്തിന് തന്റെ ജീവിതത്തിലൂടെ അനുഭവവേദ്യമാക്കുകയും സംലഭ്യമാക്കുകയും ചെയ്യുന്ന വ്യക്തി യാണ് പുരോഹിതൻ. പിതാവായ ദൈവത്തെ സ്നേ ഹപിതാവായ ലോകത്തിന് പരിചയപ്പെടു ത്തിയത് ക്രിസ്തുവാണ്, കാരണം ക്രിസ്തു പിതാവിന്റെ മഹത്വത്തിന്റെ തേജസും സത്ത യുടെ മുദ്രയുമാണ് (ഹെബ്രാ.1:3). ക്രിസ്തു വിന്റെ പൗരോഹിത്യത്തിന്റെ ശ്രേഷ്ഠതയാണ് ഓരോ പുരോഹിതന്റേതും.

മഹാപുരോഹിതനായ ക്രിസ്തു

ക്രിസ്തുവിന്റെ മനുഷ്യത്വത്തിൻമേൽ പിതാവായ ദൈവം വർഷിച്ച വലിയ ദാനമാണ് പൗരോഹിത്യം. വചനം മാംസമായ നിമിഷം ക്രിസ്തു നിത്യപുരോഹിതനായും ഏകമദ്ധ്യസ്ഥനായും അഭിഷേകം ചെയ്യപ്പെട്ടു. പുതിയനിയമ പൗരോഹിത്യത്തിന്റെ അടി സ്ഥാനവും സ്രോതസും ക്രിസ്തുവിന്റെ പൗരോഹിത്യമാണ്. ജനത്തിന്റെ നിയോഗ ങ്ങൾക്കായി അവർ കൊണ്ടുവരുന്ന ബലി വസ്തുക്കളുടെ അർപ്പകൻ മാത്രമാണ് പഴയ നിയമ പുരോഹിതൻ. എന്നാൽ പഴയനിയമ പൗരോഹിത്യത്തിൽനിന്നും വ്യത്യസ്തമായി, ബലിയർപ്പകനും ബലിവസ്തുവും ഒന്നാകുന്ന പൗരോഹിത്യമാണ് ക്രിസ്തുവിന്റേത്. അതുവഴി പിതാവായ ദൈവത്തിന് സമ്പൂർ ണ്ണവും സനാതന വുമായ ഒരു പരിഹാരബലി മനുഷ്യരുടെ രക്ഷയ്ക്കായി അർപ്പിക്കപ്പെട്ടു.

www..malankaralibrary.com

തന്നെത്തന്നെ ബലിയായി അർപ്പിച്ച കാൽവരിയിൽ മാത്രമല്ല ക്രിസ്തുവിന്റെ പൗരോഹിത്യം ദർശിക്കാനാവുക, മറിച്ച് ക്രിസ്തുവിന്റെ മുഴുവൻ വ്യക്തിത്വത്തിലും പുരോഹിതസ്വഭാവം മുദ്രിതമാണ്.

മനുഷ്യാവതാരം എന്ന മഹാരഹസ്യത്താലാണ് ക്രിസ്തുവിന്റെ പൗരോഹിത്യശുശ്രൂഷ ആരംഭിക്കുന്നത്. 'അവൻ ലോകത്തിലേക്ക് പ്രവേശിച്ചപ്പോൾ ഇങ്ങനെ അരുളിച്ചെയ്തു: ബലികളും കാഴ്ചകളും അവിടുന്ന് ആഗ്രഹിച്ചില്ല. എന്നാൽ അവിടുന്ന് എനിക്കൊരു ശരീരം സജ്ജമാക്കിയിരിക്കുന്നു.... ഞാൻ പറഞ്ഞു: ദൈവമേ അവിടുത്തെ ഇഷ്ടം നിറവേറ്റാൻ ഇതാ ഞാൻ വന്നിരിക്കുന്നു" (ഹെബ്രാ. 10:5-7). ദൈവത്വം മനുഷ്യത്വവുമായി സംയോജിച്ച നിമിഷമാണ് ക്രിസ്തുവിന്റെ പൗരോഹിത്യാഭിഷേകം സാദ്ധ്യമായത്. ക്രിസ്തുവിന്റെ രക്ഷാകര പ്രവർത്തികളുടെ മുഴുവൻ കൃപാസ്രോതസ് മനുഷ്യാവതാരം എന്ന പൗരോഹിത്യാഭിഷേകം ആയതുപോലെ, ഒരു വ്യക്തി സ്വീകരിക്കുന്ന പൗരോഹിത്യാഭിഷേകം അവന്റെ എല്ലാ ദൈവീക ശുശ്രൂഷകളുടെയും കൃപാസ്രോതസാകുന്നു.

ക്രിസ്തു തന്നെത്തന്നെ ബലിമൃഗമാക്കിയ പുരോഹിതനാണ്. ക്രിസ്തുവിന്റെ മഹത്വീകരണത്തിനു കാരണമായതും ബലിവസ്തുവാകാനുള്ള ആത്മസമർപ്പണമാണ്. ക്രിസ്തുവിന്റെ പൗരോഹിത്യത്തിലുള്ള മനുഷ്യ സാദ്ധ്യമായ ഏറ്റവും പരമമായ ഉൾചേരൽ പൗരോഹിത്യാഭിഷേകം എന്ന കൂദാശയിലാണ് സാദ്ധ്യമാകുക. ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുപറ്റുക എന്നാൽ സ്വയം ബലിവസ്തുവും ബലിയർപ്പകനും ആകുക എന്നുതന്നെ. അർപ്പകൻ മാത്രമാകുന്ന പഴയനിയമ പൗരോഹിത്വത്തിൽ ദൈവം സംപ്രീതനാകുന്നില്ല. "കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളുടെ നിരവധിയായ ബലികൾ എനിക്കെന്തിന്? മുട്ടാടു കളെകൊണ്ടുള്ള ദഹനബലികളും കൊഴുത്ത മൃഗങ്ങളുടെ മേദസും എനിക്കു മതിയായി" (ഏശ. 1:11). ഇത് അപൂർണ്ണമായ പൗരോഹിത്യമാണ്. ക്രിസ്തു വന്നത് ഒന്നും അസാധുവാക്കാനല്ല പൂർത്തിയാക്കുവാനാണ് (മത്താ.5:17). അപൂർണ്ണമായ പഴയനിയമ പൗരോഹിത്യത്തെ പൂർണ്ണതയുള്ളതാക്കുവാൻ ആത്മബലിയർപ്പണമാണ് ആവശ്യം. അന്ത്യത്താഴമേശയിൽ അപ്പവും വീഞ്ഞും ഉയർത്തികൃതജ്ഞതാസ്തോത്രം ചെയ്ത് ശിഷ്യന്മാർക്ക്വിളമ്പിയപ്പോൾ, ക്രിസ്തു ബലിയർപ്പകനായപുരോഹിതനായി മാറി.

പിറ്റേന്ന് ഒരുക്കപ്പെടുന്നത് ഒട്ടും ക്രമീകൃതമല്ലാത്ത ബലിവേദിയാണ്. രാത്രിയിലുള്ള നിയമവിരുദ്ധമായ വിചാരണകൾ, മുൻകൂട്ടി വിധി നിശ്ചയിച്ചശേഷമുള്ള പ്രഹസന വിസ്താരങ്ങൾ, കുറ്റക്കാരനല്ല എന്നു തെളിഞ്ഞിട്ടും നൽകപ്പെടുന്ന ശിക്ഷകൾ, അനീതികൾ അടിസ്ഥാനമിടുന്ന വിധിവാചകങ്ങൾ, ചേർത്തുപിടിച്ചവരുടെ ഉപേക്ഷിക്കലുകൾ, തള്ളിപ്പറച്ചിലുകൾ, പ്രതികരിക്കാനാവുമായിരുന്നിട്ടും നിശബ്ദമായി ഏറ്റുവാങ്ങിയ പരിഹാസങ്ങൾ എന്നിവ അരങ്ങുതകർക്കുന്ന ബലിവേദിയിലാണ് ക്രിസ്തു ബലിവസ്തുവായി ആത്മബലി പൂർത്തിയാക്കുക. വി. പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നതും അനുഷ്ഠിക്കേണ്ട ഈ ആത്മബലിയെപ്പറ്റിയാണ്. 'നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവ ബലിയായി സമർപ്പിക്കുവിൻ' (റോമ 12:1). ക്രിസ്തുവിനെപ്പോലെ പുരോഹിതനാകാൻ വിളിക്കപ്പെടുന്ന ഒരാൾ ശരീരത്തിൽ അർപ്പിക്കേണ്ട ഈ ബലിക്കായി സ്വയം വിട്ടുകൊടുക്കുമ്പോഴാണ് ക്രിസ്തു സ്ഥാപിച്ച പൗരോഹിത്യം പൂർണ്ണമാവുക. ബലിയർപ്പകൻ ആയി മാത്രം ജീവിക്കുന്ന പൗരോഹിത്യം ക്രിസ്തുവിന്റെ പൗരോഹിത്യമല്ല. അവിടെ സഹനമില്ല, സമർപ്പണമില്ല. സ്വയം ശൂന്യവൽക്കരണമാണ് പൗരോഹിത്യ ഫലസമൃദ്ധിയുടെ അടിസ്ഥാനം. സ്വയം ശൂന്യവൽക്കരിച്ച ക്രിസ്തു മഹത്വത്തിൽ ഉയർത്തപ്പെട്ടു (ഫിലി.2:7 -11). ബലിയർപ്പിക്കുന്നത് ഭൗതികഫലങ്ങളാണ്, ലഭിക്കുന്നത് ആത്മീക ഫലങ്ങൾ. 'വിതയ്ക്കപ്പെടുന്നത് ഭൗതികശരീരം പുനർജീവിക്കുന്നത് ആത്മീകശരീരം' (കോറി. 15:44). ഏൽപ്പിക്കപ്പെടുന്ന അജഗണത്തിനു വേണ്ടി ആത്മാർപ്പണം ചെയ്യുന്ന പുരോഹിതൻ അവർക്ക് ആത്മീയ ഫലങ്ങൾ വാങ്ങിക്കൊടുക്കുന്ന ക്രിസ്തുവിന്റെ യഥാർത്ഥ പുരോഹി

www..malankaralibrary.com

തനാണ്. ജീവിതം തന്നെ ബലിയാക്കുവാനുള്ള വിളിയാണ് പുരോഹിതന്റേത്. മലങ്കര കുർബാനയിലെ സെദറാ പ്രാർത്ഥനയിൽ നാം ഇങ്ങനെ അപേക്ഷിക്കുന്നു. 'ഞങ്ങൾ തന്നെ നിനക്ക് സ്വീകാര്യബലിയായി തീരുവാൻ ഞങ്ങളെ യോഗ്യരാക്കേണമേ'. കൗദാശികമായ ഈ ബലിയർപ്പണം പൂർണ്ണമാകുന്നത് പുരോഹിതൻ തന്റെ അജഗണത്തിനായി മുറിക്കപ്പെടുമ്പോഴാണ്.

പൗരോഹിത്യവും വിളിയും

നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത് (യോഹ. 15:16). ഒരു പുരോഹിതനും തന്റെ വിളിയെ തന്റെതന്നെ തെരഞ്ഞെടുപ്പായി കാണാനാകില്ല. 'അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുകയല്ലാതെ ആരും സ്വയം ഈ ബഹു മതി ഏറ്റെടുക്കുകയല്ല' (ഹെബ്രാ.5:4). സ്വയം ആർക്കും ഈ സ്ഥാനത്തേക്ക് ഉയർത്താനാകില്ല. ക്രിസ്തുതന്നെയും പൗരോഹിത്യം സ്വീകരിച്ചത് അവനെ അയച്ച പിതാവിൽ നിന്നാണ്. "ക്രിസ്തുവും പ്രധാന പുരോഹിതനാകുന്നതിന് തന്നെത്തന്നെ മഹത്വപ്പെടുത്തിയില്ല. നീ എന്റെ പ്രിയപുത്രനാണ് ഇന്നു ഞാൻ നിനക്ക് ജന്മമേകി എന്ന് അവനോടു പറഞ്ഞവൻ തന്നെയാണ് അവനെ മഹത്വപ്പെടുത്തിയത്' (ഹെബ്രാ.5:5). ഏതൊരു പുരോഹിതനും ദൈവത്താൽ വിളിക്കപ്പെട്ടവനാണ്. വിളിക്കപ്പെടാത്തവന് പൗരോഹിത്യം സ്വീകരിക്കാൻ അധികാരമില്ല. മാനുഷികമായ മാനദണ്ഡങ്ങളല്ല ഈ വിളിക്കാധാരം. 'മനുഷ്യൻ കാണുന്നതല്ല കർത്താവ് കാണുന്നത്. മനുഷ്യൻ ബാഹ്യരൂപത്തിൽ ശ്രദ്ധിക്കുന്നു, കർത്താവാകട്ടെ ഹൃദയഭാവത്തിലും" (1 സാമു.16:7). ദൈവം തനിക്ക് ഇഷ്ടമുള്ളവരെ തന്റെ ശുശ്രൂഷയ്ക്കായി വിളിക്കുന്നു (മർക്കോ.3:13). വി. പൗലോസ് ശ്ലീഹാ ഈ തെരഞ്ഞെടുപ്പിനെപ്പറ്റി പറയുന്നു: ''ഞാൻ മാതാവിന്റെ ഉദരത്തിലായിരിക്കുമ്പോൾ ദൈവം എന്നെ പ്രത്യേകം തെരഞ്ഞെടുത്തു' (ഗലാ.1:16). ഒരു പുരോഹിതാർത്ഥിയെപ്പറ്റിയുള്ള ദൈവഹിതം പൂർണ്ണമായും ദൈവത്തിൽ മറഞ്ഞിരിക്കുന്നതും, ഈ രഹസ്യത്തെപ്പറ്റി ചില സൂചനകളിലൂടെ അർത്ഥിക്ക് വെളിപ്പെട്ടുകിട്ടുന്നതുമാണ്. ഇതിനെ പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനും വൈദികർക്കും, സന്യസ്ഥർക്കും, ദൈവജനത്തിനും കടമയുണ്ട്. വൈദിക പരിശീലനത്തിലേക്ക് ഈ സൂചനകളുടെ അടിസ്ഥാനത്തിൽ ഒരു വ്യക്തിയെ പ്രവേശിപ്പിക്കുന്നതും, പരിശീലന കാലയളവിൽ ഈ ദൈവവിളിയെ വിവേകത്തോടും ദൈവാത്മപ്രേരിതമായും വിവേചിച്ചറിയുന്നതും, നിർണ്ണയിക്കുന്നതും, കൈവയ്പിലൂടെ അഭിഷേചിക്കുന്നതും അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരാണ്. ദൈവികമായ വിളിയില്ലാതെ അഭിഷേകം സ്വീകരിക്കുക എന്നത് അത്യന്തം ഗൗരവമായ തിന്മയാണ്.

പൗരോഹിത്യാഭിഷേകത്തിലൂടെ ക്രിസ്തു തന്റെ പുരോഹിതർക്ക് അധികാരവും ശക്തിയും നൽകി (ലൂക്ക.9:1). അവരിലൂടെ അവൻ പ്രവർത്തിക്കുന്നു (മത്താ.28:20) എന്നതാണ് പൗരോഹിത്യവിളിയുടെ പ്രത്യേകത. മായാത്ത മുദ്രയാലുള്ള പൗരോഹിത്യ അഭിഷേകംവഴി, ക്രിസ്തു ഒരു വ്യക്തിയുടെ വ്യക്തിത്വം ഏറ്റെടുക്കുകയാണ്. പുരോഹിതനാകുന്ന വ്യക്തി "ഞാൻ' എന്ന ഭാവത്തെ ബലികഴിച്ച് ക്രിസ്വിന്റെ ഭാവങ്ങളെ ധരിച്ച് ക്രിസ്തുവിന്റെ വ്യക്തിത്വത്തോട് അനുരൂപപ്പെട്ട് ഒന്നായിതീരുന്നു. യോഹന്നാൻ സ്നാപകന്റെ മനോഭാവമാണ് ഇവിടെയാവശ്യം. "അവൻ വളരുകയും ഞാൻ കുറയുകയും ചെയ്യണം' (യോഹ. 3:30). ഒരു പുരോഹിതനിലെ "ഞാൻ ഭാവം' ഇല്ലാതാകുന്ന അളവിൽ അവനിൽ ''ക്രിസ്തുഭാവം' വളരുന്നു. സമഗമായ ഒരുരൂപാന്തരീകരണത്തിലേക്കുള്ള വിളിയാണിത്.

ശുദ്ധതയുടെ മാതൃക

"നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നതുപോലെ എല്ലാ പ്രവർത്തികളിലും നിങ്ങളും പരിശുദ്ധരായിരിക്കുവിൻ' (1 പത്രോ.1:15). ഓരോ മനുഷ്യന്റെയും മഹത്വം അവൻ പിന്തുടരുന്ന ഉത്കൃഷ്ഠ ലക്ഷ്യങ്ങളെയും മാതൃകകളെയും ആശ്രയിച്ചിരിക്കും. ഓരോ പുരോഹിതനും ദൈവം നൽകിയ അതുല്യവും അനന്യവുമായ മാതൃകയാണ് നിത്യപുരോഹിതനായ ക്രിസ്തു. വി. സിപ്രി

www..malankaralibrary.com

യാൻ പറയുന്നതുപോലെ ''ക്രിസ്തു എന്തായിരുന്നോ അതാണ് ക്രിസ്ത്യാനി ആയിത്തീരേണ്ടത്''. ''ക്രിസ്തുവിനോട് ഐക്യപ്പെടാൻ സ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു'' (ഗലാ.3:28). ക്രിസ്തുവിനെ ധരിക്കുക യെന്നാൽ അവനെപ്പോലെയായിത്തീരുക എന്നർത്ഥം. പുരോഹിതന്റെ പരമപ്രധാനമായ മൂന്ന് ദൗത്യങ്ങളിലൊന്നാണ് വിശുദ്ധീ



കരിക്കുക. സ്വയം വിശുദ്ധീകരിക്കുന്ന പുരോഹിതന്റെ ശുശ്രൂഷകൾ കൂടുതൽ ഫലദായകമാകും. വിശുദ്ധിയുടെ ആനന്ദത്തിൽ ജീവിക്കുന്ന പുരോഹിതന് ദൈവജനത്തെ ദൈവസ്നേഹത്തിലേക്കും ദൈവികജ്ഞാനത്തിലേക്കും കൂട്ടിക്കൊണ്ടുവരാനാകും. വി. തോമസ് അക്വീനാസ് പറയുന്നു: "പൗരോഹിത്യം സ്വീകരിക്കുന്ന ഒരു വ്യക്തി അൾത്താരയിലർപ്പിക്കുന്ന വി. കുർബാനയർപ്പണത്തിലൂടെ ദൈവത്തിന് യോഗ്യമായ കാഴ്ചകൾ സമർപ്പിക്കാൻ പ്രാപ്തമാക്കപ്പെ ടുന്നു. മഹനീയമായ ഈ ശുശ്രൂഷയ്ക്ക് നിയോഗം ലഭിച്ചവർ എന്ന നിലയിൽ സാമാന്യ ജീവിതം കൊണ്ട് തൃപ്തിപ്പെടരുത് മറിച്ച് ശ്രേഷ്ഠമായ പുണ്യജീവിതത്തിനായി യത്നിക്കുക" (Summa, Supplem. q. 35, a.l, act.3). വൈദിക പട്ടാഭിഷേകവേളയിൽ മേൽപ്പട്ടക്കാരൻ പുരോഹിതാർത്ഥികൾക്ക് നൽകുന്ന സാരോപദേശത്തിൽ സംക്ഷിപ്തമായി ഒരു പുരോഹിതൻ അനുഷ്ഠിക്കേണ്ട വിശുദ്ധ ജീവിതത്തെപ്പറ്റി വിവരിക്കുന്നുണ്ട്. 'ദിവ്യങ്ങളായ വിശുദ്ധ കൂദാശകളെ ശുശ്രൂഷിക്കുന്നവർക്ക് യോഗ്യമായ പുരോഹിത നടപടികളിൽ വിശുദ്ധിയോടും നിഷ്കൻമഷമാം വണ്ണവും നീ വ്യാപരിക്കണം" എന്നിങ്ങനെ പൗരോഹിത്യ വിശുദ്ധിക്ക് ആവശ്യമായതും നിരക്കാത്തതുമായ കാര്യങ്ങളെപ്പറ്റി ഉപദേശിക്കുന്നുണ്ട്. ''വിശുദ്ധി കൂടാതെ ആർക്കും കർത്താവിനെ ദർശിക്കാൻ സാധിക്കില്ല"(ഹെബ്രാ.12:14) എന്ന് പൗലോസ് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു.

ഉപസംഹാരം

ദൈവത്തിനും ദൈവജനത്തിനുമിടയിൽ നിന്നുകൊണ്ട് ബലിയും യാഗങ്ങളും ദൈവജനത്തിനുവേണ്ടി അർപ്പിക്കുകയും, ദൈവത്തിൽ നിന്ന് കൃപാദാനങ്ങളും കരുണയും, ക്ഷമയും മനുഷ്യർക്കു നൽകുവാൻ ദൈവം പുരോഹിതനെ ഉപകരണമാക്കുന്നു. ലോകം സ്വീകരിക്കാനാഗ്രഹിക്കുന്ന എല്ലാ സ്വർഗ്ഗീയ നന്മകളും ദൈവം ഭൂമിക്ക് സമ്മാനിക്കുക യേശുക്രിസ്തുവി ലൂടെയാണ് (എഫേ.1:3). ക്രിസ്തുവിന്റെ അധികാരവും ശക്തിയും പൗരോഹിത്യാഭിഷേകത്തിലൂടെ സ്വീകരിച്ച്, ക്രിസ്തുവിന്റെ നാമത്തിൽ, പുരോഹിതരാണ് ഈ സ്വർഗ്ഗീയ കൃപാവരങ്ങൾ മനുഷ്യർക്ക് നൽകാൻ വിളിക്കപ്പെട്ടിരിക്കുക. അർപ്പകനും ബലിവസ്തുവുമായ ക്രിസ്തുവിന് അനുരൂപനായികൊണ്ടാണ് ഒരു പുരോഹിതൻ ഇതിനായി പരിശ്രമിക്കുക.

www..malankaralibrary.com

സന്ന്യാസം സഭയുടെ ആത്മീയ അലങ്കാരം



വെരി. റവ. ഡോ. ഗീവർഗ്ഗീസ് കുറ്റിയിൽ ഒ.ഐ.സി.
സുപ്പീരിയർ ജനറൽ, ബഥനി ആശ്രമം

ക്രിസ്തീയ സഭയുടെ ആരംഭം മുതൽ തന്നെ സഭയിൽ സന്ന്യാസ സമൂഹങ്ങളുമുണ്ട്. സ്വയം വിശുദ്ധീകരിക്കുവാനും ദൈവത്തിനുവേണ്ടി പൂർണമായി സമർപ്പിക്കുവാനും അതുവഴി സഭാഗാത്രത്തെ ശക്തിപ്പെടുത്തുവാനുമുള്ള നിയോഗമാണ് ഓരോ സന്ന്യാസ സമൂഹങ്ങളുടെയും സ്ഥാപനത്തിന്റെ പിന്നിലുള്ളത്. പരിശുദ്ധാത്മ പ്രചോദനത്താൽ ലഭിക്കുന്ന പ്രത്യേകമായ വിളിയും സിദ്ധിയുമാണ് (Charism) ഓരോ സന്ന്യാസസമൂഹത്തിനും നൽകപ്പെട്ടിട്ടുള്ളത്. ഓരോ കാലഘട്ടത്തിലും ദൈവം പരിശുദ്ധാത്മാവിലൂടെ നൽകുന്ന ഉൾവിളി സ്വീകരിച്ചുകൊണ്ട് സന്ന്യാസികളായി ജീവിക്കുവാൻ ഇറങ്ങിത്തിരിച്ചവരെയും, സന്ന്യാസ സമൂഹങ്ങൾക്ക് രൂപം നൽകുവാൻ നിയോഗം ലഭിച്ചവരെയും സഭാചരിത്രത്തിൽ നമ്മൾ കാണുന്നു. മലങ്കര

www..malankaralibrary.com

സഭാചരിത്രത്തിൽ ഇദംപ്രഥമായി ഇപ്രകാരം സന്ന്യാസത്തിലേക്കുള്ള വിളി സ്വീകരിച്ചു കൊണ്ട് സന്ന്യാസിയായി തീരുന്നതിനും തുടർന്ന് രണ്ട് സന്ന്യാസ സമൂഹങ്ങൾക്ക് ജന്മം കൊടുക്കുന്നതിനും പിന്നീട് 1930-ലെ സാർവ്വത്രിക കത്തോലിക്കാ സഭയുമായുള്ള പുനരൈക്യത്തിനുശേഷം മേരിമക്കൾ മിഷനറി സന്ന്യാസിനി സമൂഹം ആരംഭിക്കുന്നതിന് വന്ദ്യ ജോസഫ് കുഴിഞ്ഞാലിൽ അച്ചന് അനുവാദവും ആശീർവാദവും നൽകുന്നതിനും മാർ ഈവാനിയോസ് പിതാവിനെ ദൈവം പ്രത്യേകമായി ഒരുക്കുന്നതും മലങ്കര സഭാ ചരിത്രത്തിലെ അവിസ്മരണീയ നിമിഷങ്ങളാണ്. മാർ ഈവാനിയോസ് പിതാവ് ചരിത്രത്തിൽ ഓർമ്മിക്കപ്പെടുന്നതും പുണ്യപിതാവിന്റെ ജീവിതത്തിന്റെ ഏറ്റം വലിയ ശ്രേഷ്ഠതയായി കണക്കാക്കപ്പെടുന്നതും പുണ്യപിതാവ് ഈ സന്ന്യാസസമൂഹങ്ങളുടെ സ്ഥാപകനായി തീർന്നു എന്നുള്ളതും മാത്രമല്ല മറിച്ച്, മാർ ഈവാനിയോസ് പിതാവ് തന്നെ ഒരു സന്ന്യാസിയായി രൂപാന്തരപ്പെട്ടു എന്നുള്ളതാണ്.

മാർ ഈവാനിയോസ് പിതാവിന്റെ സന്ന്യാസത്തിലേക്കുള്ള വിളി

മാർ ഈവാനിയോസ് പിതാവ് തന്റെ ചെറുപ്പകാലംമുതൽ മനസിൽ കൊണ്ടു നടന്നതായ ഒരു ആഗ്രഹമായിരുന്നു ഒരു സന്ന്യാസിയായി തീരുക എന്നുള്ളത്. മാർ ഈവാനിയോസ് പിതാവിന്റെ ആത്മകഥയും സഭാചരിത്രവും മനസിലാക്കുമ്പോൾ പുണ്യപിതാവിനെ ദൈവം എപ്രകാരമാണ് നയിക്കുന്നത് എന്നുള്ളത് ഏറെ അത്ഭുതത്തോടെ മാത്രമേ നമുക്ക് കാണുവാൻ സാധിക്കുകയുള്ളു. ബാല്യകാലത്തുതന്നെ പ്രാർത്ഥനയിലും ദേവാലയ ശുശ്രൂഷകളിലും തീക്ഷ്ണതയോടെ പങ്കുചേരുകയും തുടർന്ന് ഓർത്തഡോക്സ് സെമിനാരിയിൽ ചേർന്ന് ശെമ്മാശനായി. തുടർന്ന് ഉന്നതവിദ്യാഭ്യാസം നേടി, വൈദികനായി, എം.ഡി.സെമിനാരിയുടെ പ്രിൻസിപ്പലായി നിയമിക്കപ്പെട്ട് ശുശ്രൂഷ ചെയ്യുന്ന പിതാവിന് പേരും പ്രശസ്തിയും പെരുമയും സമ്പത്തും ആവോളം ലഭിക്കുന്ന സെറാമ്പൂർ കോളേജിലെ പ്രൊഫസറായി നിയമനം ലഭിക്കുമ്പോൾ സ്വാഭാവികമായി മനുഷ്യമനസുകളിൽ ഉണ്ടാകുന്ന ആഗ്രഹങ്ങളോടു ചേർന്ന് ഈ നേട്ടങ്ങളിലും വിജയങ്ങളിലും മതിമറന്ന് സന്ന്യാസജീവിതത്തോടുള്ള താല്പര്യം വിസ്മൃതിയിലാണ്ടുപോകുവാനുള്ള സാധ്യത മുന്നിൽ പ്രലോഭനങ്ങളായി നിന്നപ്പോഴും സ്വർഗത്തിന്റെ പദ്ധതിയിൽ നിന്ന് വ്യതിചലിക്കാതെ മിശിഹാനുകരണത്തിനായി സന്ന്യാസത്തെ പുൽകുന്ന മാർ ഈവാനിയോസ് പിതാവിനെയാണ് നമ്മൾ കാണുന്നത്. പേരിന്റെയും പെരുമയുടെയും അധികാരത്തിന്റെയുമൊക്കെ ശീതളച്ഛായയിൽ മതിമറന്ന് ജീവിക്കുവാൻ അവസരം ഉണ്ടായിരുന്നിട്ടും, എല്ലാം ഉപേക്ഷിച്ച് സർവ്വസംഗ പരിത്യാഗിയായി തീരുവാനുള്ള ഉൾവിളി മാർ ഈവാനിയോസ് പിതാവ് തന്റെ ദൈവവിളിയായി സ്വീകരിച്ചു. തുടർന്ന് കാഷായവസ്ത്രധാരിയായി ഒരു ഭിക്ഷാംദേഹിയായി, പെരുന്നാട് മുണ്ടൻമലയുടെ വനാന്തരങ്ങളിൽ ഒരുക്കിയ പർണ്ണശാലയിൽ, ദൈവിക സംസർഗ്ഗത്തിൽ ആയിരുന്ന് ദൈവസമ്പാദനം സ്വന്തമാക്കിയതുകൊണ്ടാണ് പുണ്യപിതാവിന് സന്ന്യാസ സമൂഹങ്ങൾക്ക് രൂപംകൊടുക്കുവാനും അതുവഴി മലങ്കര സഭയെ വിശുദ്ധീകരിക്കുന്നതോടൊപ്പം വിശുദ്ധിയുടെ പടവുകളിലേക്ക് ഉയർത്തപ്പെടുന്നതിനുംഇടയായത്. ദൈവസമ്പാദനത്തിന്റെ നിറവിൽ നിൽക്കുന്ന മാർ ഈവാനിയോസ് പിതാവിന്റെ വാക്കുകൾ ശ്രദ്ധേയമാണ്: "എന്റെ ഹൃദയം വേറെ ആർക്കും ഞാൻ കൊടുക്കുകയില്ല. എന്റെ ഹൃദയം നിന്റെ തിരുഹൃദയത്തിൽ ഞാൻ ഒളിപ്പിച്ച് വയ്ക്കും. എന്റെ ബുദ്ധിയെയും, മനസ്സിനെയും അങ്ങേ ബുദ്ധിയിലും മനസ്സിലും ഞാൻ ലയിപ്പിക്കും. അവിടുന്ന് എന്നിൽ പാർത്താൽ മതി; ജീവിച്ചാൽ മതി" (സന്ന്യാസ ജീവിത സഹായി, 2003, പേജ് 203). യേശുവിന്റെ തിരുഹൃദയത്തോട് എപ്പോഴും ചേർന്നു നിൽക്കുവാൻ ആഗ്രഹിച്ച മാർ ഈവാനിയോസ് പിതാവിന്റെ വാക്കുകളാണിവ.

www..malankaralibrary.com

താബോർ അനുഭവവും മുണ്ടൻമല ഇറക്കവും

മാർ ഈവാനിയോസ് പിതാവിന്റെ ജീവിതത്തിലെ ഏറ്റവും ശ്രേഷ്ഠമായ നിമിഷങ്ങളാണ് മുണ്ടൻമലയിൽ നമ്മൾ കാണുന്നത്. മലങ്കര-യാക്കോബായ-ഓർത്തഡോക്സ് സഭകളിലെ വഴക്കുകളിൽനിന്നും അധികാര വടംവലികളിൽനിന്നുമെല്ലാം ഒഴിഞ്ഞുമാറി മുണ്ടൻമലയുടെ നിശബ്ദതയിൽ ഒരു താബോർ അനുഭവത്തിൽ മനസ്സിനെ ദൈവത്തിൽ ഉറപ്പിച്ച് സർവ്വസംഗ പരിത്യാഗിയായി തീർന്ന പുണ്യപിതാവ്, മുണ്ടൻമല വിട്ടിറങ്ങുവാനുള്ള പരിശുദ്ധാത്മാവിന്റെ പ്രേരണയ്ക്കു മുമ്പിൽ "ദൈവം നോക്കിക്കൊള്ളും" എന്നുമാത്രം വിശ്വസിച്ച് ഇറങ്ങിപോരുകയായിരുന്നു.

സ്വന്തമായ ഇഷ്ടങ്ങൾ മാറ്റിവെക്കുന്നതിന് പിതാവിനെ പ്രാപ്തനാക്കിയത് മാർ ഈവാനിയോസ് പിതാവിൽ ഒരു സാത്വികന്റെ മനസ്സ് രൂഢമൂലമായതുകൊണ്ടാണ്. തനിക്ക് ലഭിക്കാൻ പോകുന്ന സ്ഥാനമാനങ്ങളോ നഷ്ടപ്പെടുവാൻ പോകുന്ന ഭൗതിക നേട്ടങ്ങളോ അല്ല പിതാവിന്റെ തീരുമാനങ്ങളെ നിയന്ത്രിച്ചത്. മറിച്ച്, പരിശുദ്ധാത്മാവിന്റെ നിമന്ത്രണങ്ങൾക്ക് ചെവി കൊടുത്ത് പരിശുദ്ധാത്മാവ് നടത്തുന്ന വഴികളിലൂടെ നടക്കുവാൻ തക്കവണ്ണം ആർജ്ജിച്ചെടുത്ത ദൈവികാവബോധവും സന്ന്യാസത്തിലൂടെ ലഭിച്ച ആത്മീയ ബലവുമാണ്. കൂടെയുണ്ടായിരുന്നവർ തങ്ങളുടെ നിലപാടുകളിൽ നിന്നും തീരുമാനങ്ങളിൽനിന്നും പിന്മാറിയപ്പോഴും മാർ ഈവാനിയോസ് പിതാവിനെ തന്റെ ഉറച്ച നിലപാടുകളിൽ പിടിച്ചുനിർത്തിയതും ക്ലേശപൂർണമായ വഴിത്താരയിൽ തളർന്നുവീഴാതെ വന്ദ്യ പിതാവിന്റെ മുന്നോട്ടുള്ള പ്രയാണത്തെ കൂടുതൽ സുഗമമാക്കിയതും സന്ന്യാസത്തിലൂടെ ആർജ്ജിച്ചെടുത്ത ആത്മീയ പക്വതയാണ്.

മലങ്കരസഭയിലെ സന്ന്യാസസമൂഹങ്ങൾ - പുനരൈക്യത്തിന്റെ പിള്ളത്തൊട്ടിൽ

1919 ഓഗസ്റ്റ് 15-ന് സ്ഥാപിതമായ ബഥനി ആശ്രമത്തിന്റെയും 1925 സെപ്റ്റംബർ 20-ന് സ്ഥാപിതമായ ബഥനി മഠത്തിന്റെയും ചരിത്രം പുനരൈക്യത്തോടും പുനരൈക്യത്തിനുശേഷമുള്ള (1930) മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രത്തോടും



പിണഞ്ഞു കിടക്കുന്ന ചരിത്രമാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഹയരാർക്കി സ്ഥാപനത്തോടനുബന്ധിച്ച് (1932) തിരുവനന്തപുരം അതിഭദ്രാസനവും തിരുവല്ല ഭദ്രാസനവും നിലവിൽ വന്നപ്പോൾ ഇരുഭദ്രാസനങ്ങളോടും ചേർന്ന് ഈ സന്ന്യാസസമൂഹങ്ങൾ നടത്തിയ പുന രൈക്യ പരിശ്രമങ്ങളും മിഷൻ പ്രവർത്ത നങ്ങളും, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കൂട്ടായ്മകളുടെ രൂപീകരണത്തിന് വേഗം കൂട്ടി. മലങ്കര കത്തോലിക്ക സഭയിൽ പുതുതായി സ്ഥാപിതമായ ഇടവകകളോടു ചേർന്ന് ബഥനി ആശ്രമസ്തരും ബഥനി മഠത്തിലെ കന്യാസ്ത്രീകളും അതോടൊപ്പം മാർ ഈവാനിയോസ് പിതാവിന്റെ ക്ഷണ പ്രകാരവും, മാർ ഈവാനിയോസ് പിതാ വിന്റെ അനുഗ്രഹാശിസ്സുകളോടെയും മാർത്താണ്ഡം കേന്ദ്രമാക്കി ബഹു. ജോസഫ് കുഴിഞ്ഞാലിൽ അച്ചൻ ആരംഭിച്ച മേരിമക്കൾ സന്ന്യാസിനിസമൂഹവും നടത്തിയിട്ടുള്ള അജപാലന ശുശ്രൂഷകളും വിജാതീയ മിഷനും മലങ്കര സുറിയാനി കത്തോലിക്കാ സഭയെ അതിവേഗം വളരുന്ന വ്യക്തിഗത സഭയായി മാറ്റുന്നതിനും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേച്ചിൽപ്പുറങ്ങൾ കേരളത്തിന്റെ അതിർത്തികൾ വിട്ട് ഭാരത ത്തിന്റെ വിവിധ സ്ഥലങ്ങളിലേക്ക് എത്തിക്കു ന്നതിനും ഇടയാക്കി. മാത്രമല്ല, ഈ മൂന്നു സന്ന്യാസി സമൂഹങ്ങളും പിന്നീട് പൊന്തി ഫിക്കൽ പദവിയിലേക്ക് ഉയർത്തപ്പെടുകയും ആയതിനാൽ തന്നെ സാർവത്രിക കത്തോ ലിക്കാ സഭയിൽ ആവശ്യാനുസരണം ഭാരതത്തിനകത്തും ഭാരതത്തിനുപുറത്തും മറ്റു വ്യക്തിഗത സഭകളോടു ചേർന്ന് ശുശ്രൂഷകൾ ഏറ്റെടുക്കുവാൻ അതുവഴി അവസരം ലഭിക്കുകയും ചെയ്തു. ഇന്ന് ഈ സന്ന്യാസ സമൂഹങ്ങൾക്ക് തങ്ങളുടെ പ്രേഷിത ശുശ്രൂഷ അനേകം ഭൂഖണ്ഡങ്ങ ളോടു ചേർന്ന് പ്രത്യേകിച്ച്, ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ എത്യോപ്യ പോലെയുള്ള രാജ്യങ്ങളിൽ പാർശ്വവത്കരിക്കപ്പെട്ട ആളു കളുടെയിടയിൽ നടത്തുവാൻ സാധിക്കുന്നു എന്നുള്ളത് മലങ്കര സഭയിൽ ജന്മമെടുത്ത സന്ന്യാസ സമൂഹങ്ങളെന്ന നിലയിൽ ഒരു വ്യക്തിഗതസഭയായ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ഏറെ അഭിമാനം നൽകുന്നതാണ്. മലങ്കര സഭയിൽ സ്ഥാപി ക്കപ്പെട്ട ഈ മൂന്ന് സന്ന്യാസ സമൂഹളോ ടൊപ്പം മറ്റു വ്യക്തിഗത സഭകളിൽപ്പെട്ട പ്രത്യേകിച്ച് സീറോ മലബാർ സഭയിലും ലത്തീൻ സഭയിലും സ്ഥാപിതമായ അനേകം സന്ന്യാസ സമൂഹങ്ങൾ കാനോനികമായി (CCEO c. 432) പ്രോവിൻസുകളോ ആശ്രമ ങ്ങളോ, മഠങ്ങളോ സ്ഥാപിച്ചുകൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ പ്രേഷിത ശുശ്രൂഷ ഏറ്റെടുത്ത് നടത്തുന്നത് സഭയുടെ ആത്മീയ അലങ്കാരവും പുന രൈക്യ പ്രസ്ഥാനത്തിന്റെ ശതാബ്ദിയിലേ ക്കുള്ള പ്രയാണത്തിലെ നാഴികക്കല്ലുമാണ്.

സന്ന്യാസ സമൂഹങ്ങളുടെ വൈവിധ്യം മലങ്കര കത്തോലിക്കാ സഭയുടെ ഭാഗ്യം

പുനരൈക്യത്തിന്റെ ആദ്യനാളുകൾ മുതൽ സീറോ മലബാർ സഭയും, ലത്തീൻ സഭയും മലങ്കര സുറിയാനി കത്തോലിക്കാ സഭയെ മിഷനറിമാരെയും വൈദികരെയും സമർ പ്പിതരെയും നൽകി ബലപ്പെടുത്തി. സീറോ മലബാർ സഭയിലെ പ്രത്യേകിച്ച്, കർമ്മ ലീത്താ സന്ന്യാസസമൂഹത്തിലെ (CMI) ധാരാളം വൈദികർ പുനരൈക്യത്തിനു വേണ്ടി വ്യക്തികളായും കൂട്ടായ്മകളായും പ്രവർത്തിച്ചിട്ടുള്ളതിന്റെ ചരിത്രം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ ആലേഖനം ചെയ്യപ്പെട്ടിട്ടു ള്ളതാണ്. അതുപോലെതന്നെ, സീറോ മലബാർ സഭയിലെ വിവിധ ഭദ്രാസനങ്ങളിൽ നിന്ന് അനേകം പേർ ദൈവവിളി സ്വീകരിച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ വിവിധ സന്ന്യാസ സമൂഹങ്ങളിൽ പ്രത്യേ കിച്ച്, ബഥനി സന്ന്യാസി സമൂഹങ്ങളിലും, മേരിമക്കൾ സന്ന്യാസിനി സമൂഹത്തിലും ചേർന്നുകൊണ്ട് തങ്ങളുടെ സന്ന്യാസ സമർപ്പണത്തിലൂടെയും പ്രേഷിത ശുശ്രൂഷ യിലൂടെയും മലങ്കര സഭയ്ക്ക് സന്ന്യാസ ത്തിന്റെ ആത്മാവിനെ പകർന്നു നൽകുവാൻ തയ്യാറായി മുന്നോട്ടു വരികയുണ്ടായി.

www..malankaralibrary.com

പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭം മുതൽ വിവിധ പ്രദേശങ്ങളോടു ചേർന്ന് പ്രത്യേകിച്ച് തിരുവനന്തപുരത്തിന്റെ തെക്കൻ മിഷൻ പ്രദേശങ്ങളിൽ വളരെ ത്യാഗപൂർണ്ണമായ ശുശ്രൂഷകൾ നടത്തിയ നാലാഞ്ചിറയിലുള്ള ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സിന്റെ (ജയമാത) അതുല്യമായ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. വൈദികരുടെ അഭാവത്തിൽ, കൂട്ടായ്മകളെ വിശ്വാസത്തിൽ വളർത്തുന്നതിനും, അവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുമായി നിർല്ലോഭമായ സഹകരണവും, സമർപ്പണവും നല്കിയ ഫ്രാൻസിസ്കൻ ബ്രദേഴ്സ്, ഇടവക ശുശ്രൂഷകളോടൊപ്പം, പാവപ്പെട്ടവരുടെ ഇടയിൽ പ്രവർത്തിച്ചുകൊണ്ട് വിദ്യാഭ്യാസ മേഖലയിലും തൊഴിൽ മേഖലയിലും ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുണ്ട്. അതോടൊപ്പം പാർശ്വവൽക്കരിക്കപ്പെട്ട കുടുംബങ്ങളിൽ നിന്നും, അനാഥമാക്കപ്പെട്ട കുഞ്ഞുങ്ങളെയൊക്കെ കണ്ടെത്തി വിദ്യാഭ്യാസം നല്കി പൊതുസമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് ബ്രദേഴ്സ് നടത്തിയ ആത്മസമർപ്പണവും പരിശ്രമങ്ങളും എടുത്തു പറയേണ്ടതാണ്.

പുനരൈക്യപ്രസ്ഥാനത്തോടുകൂടി തിരുവല്ലാ അതിഭദ്രാസനത്തിൽ വാഗമണ്ണിൽ സ്ഥാപിതമായ കുരിശുമല ആശ്രമം, മലങ്കര കത്തോലിക്കാ സഭയെ സന്ന്യാസത്തിന്റെ തീക്ഷ്ണതയാർന്ന സാക്ഷ്യം നൽകി ഇന്നും ബലപ്പെടുത്തുന്നു. അതോടൊപ്പം തിരുവല്ല കേന്ദ്രമാക്കി ആരംഭിച്ച ഹോളി സ്പിരിറ്റ് സിസ്റ്റേഴ്സിന്റെ പ്രേഷിതശുശ്രൂഷയും, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വളർച്ചയിൽ പ്രത്യേകിച്ച് ഇന്നത്തെ തിരുവല്ലാ ഭദ്രാസനത്തിന് നല്കിക്കൊണ്ടിരിക്കുന്ന ആത്മീയ അടിത്തറയും വിസ്മരിക്കാവുന്നതല്ല.

സീറോ മലബാർ സഭയിലും ലത്തീൻ സഭയിലുമായി ജന്മമെടുത്ത അനേകം സന്ന്യാസ സമൂഹങ്ങൾ പ്രത്യേകിച്ച് തിരുഹൃദയ സമൂഹം (SH), മലബാർ മിഷനറി ബ്രദേഴ്സ്, ദീന സേവന സഭ, സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ, സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സ്, ലിറ്റിൽ സിസ്റ്റേഴ്സ് ഓഫ് ജീസസ്, സിസ്റ്റേഴ്സ് ഓഫ് ജോൺ ദി ബാപ്റ്റിസ്റ്റ്, ബാസിലിയൻ സിസ്റ്റേഴ്സ്, ഫ്രാൻസിസ്കൻ മിഷനറീസ് ഓഫ് മേരി, ലിറ്റിൽ സെർവെന്റ്സ് ഓഫ് ഡിവൈൻ പ്രൊവിഡൻസ്, സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി, ഫെർവെന്റ് ഡോട്ടേഴ്സ് ഓഫ് ദി സേക്രേഡ് ഹാർട്ട് ഓഫ് ജീസസ് തുടങ്ങിയ സന്ന്യാസ സമൂഹങ്ങളുടെ മലങ്കര കത്തോലിക്കാ സഭയിലെ വിവിധ ഭദ്രാസനങ്ങളിലുള്ള പ്രേഷിത ശുശ്രൂഷ, സാർവ്വത്രിക കത്തോലിക്കാ സഭയിലായിരിക്കുന്നതിലൂടെ മലങ്കര സുറിയാനി കത്തോലിക്കാ സഭ അനുഭവിക്കുന്ന ദൈവാനുഗ്രഹത്തിന്റെ അടയാളങ്ങളാണ്.

മലങ്കര കത്തോലിക്കാസഭയിൽ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ തട്ടത്തുമല കേന്ദ്രമാക്കിയുള്ള അഡോറേഷൻ മോണസ്റ്ററി ഓഫ് മൗണ്ട് താബോർ സിസ്റ്റേഴ്സിന്റെയും, പത്തനംതിട്ട ഭദ്രാസനത്തിൽ



www..malankaralibrary.com

കോഴഞ്ചേരി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഗത്സമേൻ സമർപ്പിത സത്സംഗം സിസ്റ്റേഴ്സിന്റെയും ദൈവസന്നിധിയിലുള്ള ഇടതടവില്ലാത്ത നിത്യാരാധന, മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് വലിയ ആത്മീയ ബലമേകുന്നതാണ്.

മലങ്കരസഭയെ പൊതിഞ്ഞുനിർത്തുന്ന സന്ന്യാസം

പുനരൈക്യപ്രസ്ഥാനത്തോടും മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ഓരോ ഭദ്രാസനങ്ങളുടെ രൂപീകരണത്തോടു ചേർന്നും Gateway ആയി മലങ്കര സഭയിലെ ഈ സന്ന്യാസ സമൂഹങ്ങളുടെ പ്രവർത്തനങ്ങളും സന്ന്യാസ സാക്ഷ്യവും ശ്രദ്ധേയമായ പങ്കു വഹിച്ചിട്ടുണ്ടെന്നുള്ളത് നിസ്തർക്കമാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് മാർ ഈവാനിയോസ് പിതാവിലൂടെ കരഗതമായ ഏറ്റവും വലിയ പുണ്യമായി സഭ കാണുന്നത് മാർ ഈവാനിയോസ് പിതാവ് സ്ഥാപിച്ച സന്ന്യാസസമൂഹങ്ങളെയാണ്. അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ഈ അടുത്ത നാളിൽ ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കൽവച്ച് ബഥനി ആശ്രമസ്തരെ അഭിസംബോധന ചെയ്ത അവസരത്തിൽ പറഞ്ഞത് ഇപ്രകാരമാണ്: "കത്തോലിക്കാ സഭയിലുള്ള ഏതെങ്കിലുമൊരു സന്ന്യാസസമൂഹത്തിനുള്ള സ്ഥാനമല്ല, ബഥനിക്കുള്ളത്. മലങ്കര ഓർത്തഡോക്സ് സഭയിൽ ജന്മമെടുക്കുകയും തുടർന്ന് പുനരൈക്യ പ്രസ്ഥാനത്തിന്റെ പിള്ളത്തൊട്ടിലായിത്തീരുന്നതിന് ഭാഗ്യം ലഭിക്കുകയും ചെയ്തിട്ടുള്ള സന്ന്യാസ സമൂഹമാണ് ബഥനി. മലങ്കര സുറിയാനി കത്തോലിക്കാ സഭാഹയരാർക്കിയുടെ സ്ഥാപനത്തിനുശേഷം സഭയുടെ രൂപീകരണത്തിലും വളർച്ചയിലും ബഥനി നിർണായകമായ പങ്ക് വഹിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചങ്കായിട്ട് തുടർന്നും പ്രവർത്തിക്കുവാൻ ബഥനിക്ക് കഴിയണം" (2025 ഓഗസ്റ്റ് 14).

ഇത്രമാത്രം സന്ന്യാസംകൊണ്ട് പൊതിയപ്പെട്ട വേറൊരു വ്യക്തിഗത സഭ സാർവ്വത്രിക സഭയിൽ ഉണ്ടാകാനിടയില്ല. മലങ്കര സഭയെ ആത്മീയമായി നവീകരിക്കുവാൻ ആഗ്രഹിച്ച് സ്ഥാപിച്ചതായ ഈ സന്ന്യാസി സമൂഹങ്ങൾ സന്ന്യാസത്തിന്റെ ആത്മാവിനെ മലങ്കര മക്കൾക്ക് നല്കി. അതുവഴി മലങ്കര സഭയെ പ്രചോദിപ്പിക്കുവാനുള്ള ഉത്തരവാദിത്വമാണ് ഈ സന്ന്യാസസമൂഹങ്ങൾക്ക് നൽകപ്പെട്ടിട്ടുള്ളത്. മലങ്കരസഭയിൽ സന്ന്യാസത്തിന്റെ ഈ ആത്മാവ് നഷ്ടപ്പെടാതിരിക്കുവാൻ എല്ലാ മലങ്കരമക്കളുടെയും പ്രാർത്ഥനയും അതോടൊപ്പം നമ്മുടെ ഇടവക കൂട്ടായ്മകളോട് ചേർന്നുള്ള ദൈവവിളി പ്രോത്സാഹനവും മലങ്കര സഭയിലെ എല്ലാ സന്ന്യാസ പ്രസ്ഥാനങ്ങളോടൊപ്പവും തുടർന്നും ഉണ്ടാകണം.

പുനരൈക്യപ്രസ്ഥാനം ബഥനിയുടെ മടിത്തട്ടിൽ പിറന്നുവീണു എന്നുള്ളതു മാത്രമല്ല, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സിരകളിലൂടെ ഒഴുകുന്ന രക്തത്തിനും സന്ന്യാസത്തിന്റെ ചൈതന്യം ഉള്ളതുകൊണ്ടാണ്, "മലങ്കര സുറിയാനി കത്തോലിക്കാസഭതന്നെ ഒരു സന്ന്യാസ സഭയാണ്" എന്ന് പറയുന്നതും, 'ബഥനി, മലങ്കര കത്തോലിക്കാ സഭയുടെ പര്യായമായി' മാറുന്നതും.

ഉപകാരസ്മരണ



ഒരു വിശ്വാസി

www..malankaralibrary.com

സ്വർഗ്ഗരാജ്യത്തെ പ്രതി ഷണ്ഡനായവൻ



റവ. ഫാ. അലൻ വർഗ്ഗീസ് വാറൂർ
(നവ വൈദികൻ, തിരുവനന്തപുരം മേജർ അതിഭദ്രാസനം)

"എന്തെന്നാൽ, ഷണ്ഡരായി ജനിക്കുന്നവരുണ്ട്; മനുഷ്യരാൽ ഷണ്ഡരാക്കപ്പെടുന്നവരുമുണ്ട്; സ്വർഗ്ഗരാജ്യത്തെ പ്രതി തങ്ങളെത്തന്നെ ഷണ്ഡരാക്കുന്നരുമുണ്ട്" (മത്താ. 19:12). എന്റെ ദൈവശാസ്ത്ര പഠനകാലഘട്ടത്തിൽ ഞാൻ തയ്യാറാക്കിയ ലഘു പ്രബന്ധത്തിന്റെ (Dissertation) വിഷയം ഇതായിരുന്നു. ഈ വാക്യത്തിന്റെ മൂന്നു ഭാഗങ്ങൾ - ജന്മനാ ഷണ്ഡന്മാർ, മനുഷ്യർ ഷണ്ഡരാക്കിയവർ, സ്വർഗ്ഗരാജ്യത്തിനായി സ്വയം അങ്ങനെയായിത്തീർന്നവർ - എന്നിവയെപ്പറ്റി ഞാൻ വിശകലനം ചെയ്യുന്നു. പൗരോഹിത്യം സ്വീകരിച്ച് ഓരു ആഴ്ച പോലും തികയാത്ത ഈ നിമിഷത്തിൽ യേശുക്രിസ്തുവിന്റെ ഈ വാക്കുകൾ എന്റെ ജീവിതത്തിന്റെ ഹൃദയസ്പന്ദനമായി മാറിയിരിക്കുന്നു. ഇന്ന് ഈ വാക്യം എന്റെ ജീവിതത്തിന്റെ ദിശയും വിളിയുമാകുന്നു.

www..malankaralibrary.com

വിളിയുടെ രഹസ്യം: കൃപയുടെ ആരംഭം

ദൈവവിളി എന്നത് ഒരു ഹൃദയ ബന്ധമാണ്. സ്വർഗ്ഗമായി അവകാശപ്പെടാനാവുന്നതിനുമപ്പുറം, അത് ദൈവത്തിന്റെ കൃപയാണ് എന്ന തിരിച്ചറിവ് എന്നെ ഈ വിളയിൽ ശക്തിപ്പെടുത്തുന്നു. കാരണം, ഇത്ര മഹത്തായ ഒരു വിളിക്ക് യോഗ്യനല്ലാതായിരിക്കെ എന്നെ യോഗ്യനാക്കി മാറ്റിയത് യേശുക്രിസ്തുവിന്റെ കൃപയാണ്. വിശുദ്ധ പൗലോസ് ശ്ലീഹായുടെ ആത്മസാക്ഷ്യം പോലെ, "പാപികളിൽ ഒന്നാമനാണെന്ന് ഞാൻ. എങ്കിലും എനിക്ക് കാരുണ്യം ലഭിച്ചു". എന്ന് ഞാനും ഹൃദയത്തിൽ അഭിമാനിക്കുന്നു.



വി. പൗലോസ് ശ്ലീഹ തന്റെ ജീവിതത്തിൽ അനുഭവിച്ച ഈ മാറ്റം – പീഡകനിൽ നിന്ന് അപ്പോസ്തലനിലേയ്ക്കുള്ള മാറ്റം – എന്റെ ദൈവവിളിയോട് ചേർത്ത് ഞാൻ ചിന്തിക്കാറുണ്ട്. ഒരു കാലത്ത് ഒരു കൗമാരക്കാരന്റെ ബുദ്ധിയിൽ നിന്നുകൊണ്ട് യുക്തി കേന്ദ്രീകൃതമായി ദൈവവിശ്വാസത്തെ ചോദ്യം ചെയ്യാനുള്ള വ്യഗ്രതയിൽനിന്ന് ബലിപീഠത്തിന്റെ ചുവട്ടിൽ ബുദ്ധിയും ശക്തിയും അടിയറവു പറഞ്ഞ് വിനീത ശുശ്രൂഷിയായി എന്നെ മാറ്റിത്തീർക്കാൻ അവന്റെ കൃപ ധാരാളമായിരുന്നു. "നിനക്ക് എന്റെ കൃപ മതി" (1 കോറി. 12:9). സ്വാഭിമാനത്തിന്റെയും അഹങ്കാരത്തിന്റെയും പാപത്തിന്റെയും ചട്ടക്കൂടുകൾ ഭേദിച്ച് യേശുക്രിസ്തുവിന്റെ കൃപയുടെ സൗരഭ്യം ഞാനിന്ന് അനുഭവിക്കുന്നു. "അതു കൊണ്ട്, ബലഹീനതകളിലും ആക്ഷേപങ്ങളിലും ഞെരുക്കങ്ങളിലും പീഡനങ്ങളിലും അത്യാഹിതങ്ങളിലും ഞാൻ ക്രിസ്തുവിനെ പ്രതി സന്തുഷ്ടനാണ് (1 കോറി. 12:10).

എല്ലാം സ്വർഗ്ഗരാജ്യത്തെപ്രതി

മത്തായി. 19:12 യേശുക്രിസ്തു പറയുന്നത് പഠിപ്പിക്കലോ ഉപദേശമോ അല്ല, മറിച്ച് അത് വലിയ ഒരു ക്ഷണമാണ്. "സ്വർഗ്ഗരാജ്യത്തെ പ്രതി" എന്ന പ്രയോഗം ഒരു നിരാകരണം മാത്രമല്ല: അത് ഒരു തെരഞ്ഞെടുപ്പാണ്. ഈ ലോകത്തിൽ നമുക്ക് ലഭ്യമായ പല ബന്ധങ്ങളും നേട്ടങ്ങളും സുഖങ്ങളും വിട്ടുകൊടുക്കുന്നത് ഒരു നഷ്ടമായി തോന്നാം. എന്നാൽ യേശുക്രിസ്തുവിന്റെ ഈ ക്ഷണം, അവന്റെ വഴിയെ അനുകരിച്ച്, വലിയ സ്നേഹത്തിനായുള്ള പങ്ക് ചേരലിന്റെ അനുഭവത്തിലേക്കുള്ള ക്ഷണമാണ്. ഈ ക്ഷണം ഒരു നിർബന്ധമല്ല. ഇത് ഒരു സ്വതന്ത്രമായ വിളി തന്നെയാണ്. ഇത് ഒരു നിയമമല്ല; ഒരു സ്നേഹത്തിന്റെ മറുപടിയാണ്. അതായത്, ദൈവത്തെമാത്രം തിരഞ്ഞെടുക്കുന്ന ഒരു സ്വതന്ത്രമായ സ്നേഹ പ്രതികരണമാണ്.

"അവിവാഹിതൻ കർത്താവിനെ എങ്ങനെ സംപ്രീതനാക്കാമെന്ന് ചിന്തിച്ച് കർത്താവിന്റെ കാര്യങ്ങളിൽ തൽപ്പരനാകുന്നു" (1 കോറി. 7:32). സ്വർഗ്ഗരാജ്യത്തിനായി ജീവിക്കുന്നവൻ തന്റെ ഹൃദയം വിഭജിക്കാതെ സൂക്ഷിക്കുന്നു. സ്വർഗ്ഗരാജ്യത്തിനായി എന്നതു വ്യാഖ്യാനിക്കുമ്പോൾ ക്രിസ്തുവിനായി എന്നതിൽ ചെന്നു നിൽക്കുന്നു. അപ്പോൾ ക്രിസ്തുവിൽ കേന്ദ്രീകരിക്കപ്പെടുന്ന സ്നേഹമാണത്. ക്രിസ്തുവാണ് രാജ്യം; ക്രിസ്തുവാണ് മനുഷ്യന്റെ ഇടയിലെ ദൈവസാന്നിധ്യം (വി. കുർബാന). സ്വർഗ്ഗരാജ്യത്തിനായി ജീവിക്കുന്നത് യഥാർത്ഥത്തിൽ ക്രിസ്തുവിനായി ജീവിക്കുന്നതാണ്.

ഒരു പുരോഹിതനായി, സ്വർഗ്ഗരാജ്യത്തെ പ്രതി ജീവിക്കുക എന്നത് മൂന്ന് അത്മവിശ്വാസ ലക്ഷ്യങ്ങളിലാണ്.

1. ദൈവം മാത്രം മതി എന്ന ആത്മവിശ്വാസം.

www..malankaralibrary.com

2. ജനങ്ങൾക്ക് ദൈവത്തെ നൽകാനുള്ള ഒരു ജീവിതം എന്ന ബോധ്യത്തിൽ

3. വ്യക്തിപരമായ സന്തോഷത്തിനോ നേട്ടത്തിനോ മുകളിൽ ക്രിസ്തുവിന്റെ സ്നേഹത്തോടും ദൗത്യത്തോടുമുള്ള പ്രിബദ്ധത.

"എന്നാൽ എന്റെ ജീവൻ ഏതെങ്കിലും വിധത്തിൽ വിലപ്പെട്ടതായി ഞാൻ കണക്കാക്കുന്നില്ല. എന്റെ ഓട്ടം പൂർത്തിയാക്കണമെന്നും ദൈവത്തിന്റെ കൃപയുടെ സുവിശേഷത്തിന് സാക്ഷ്യം നൽകാൻ കർത്താവായ യേശുവിൽ നിന്ന് ഞാൻ സ്വീകരിച്ചിട്ടുള്ള ദൗത്യം നിർവ്വഹിക്കണമെന്നും മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളു" (അപ്പ. പ്രവ. 20:24).

പൗരോഹിത്യം: ബലിയും ആനന്ദവും

ലോകത്തിന്റെ ദൃഷ്ടിയിൽ വലിയ ഭോഷത്തമായി കാണുന്നതാണ് ബ്രഹ്മചര്യത്തോടു കൂടിയ പൗരോഹിത്യം. എന്നാൽ പരിശുദ്ധ കിർബ്ബാന കയ്യിലെടുത്ത നിമിഷം മുതൽ ഈ ഭോഷത്തം എനിക്ക് ആനന്ദമാണ്. പുരോഹിതൻ ബലിയർപ്പകനും ബലി വസ്തുവുമാണ്. ഓരോ ബലിയിലും കാഴ്ച വസ്തുക്കളോടൊപ്പം, പുരോഹിതൻ യഥാർത്ഥത്തിൽ തന്റെ ജീവിതം തന്നെയാണ് അർപ്പിക്കുന്നത്. അത് ക്രിസ്തുവിന്റെ ബലിയോട് ചേർത്തു വച്ചുകൊണ്ട്, തന്റെ ജീവിതം ക്രിസ്തുവിൽ ലയിപ്പിക്കുന്നവനാണ് പുരോഹിതൻ. ഇതാണ് ഈ ജീവിതത്തിന്റെ ആനന്ദം. യേശു ക്രിസ്തുവിൽ ഉൾച്ചേർക്കപ്പെടുന്ന, ഒരു ഹൃദയ ഐക്യത്തിന്റെ അനുഭവം. ലോകത്തിലെ യാതൊരു സന്തോഷത്തോടും താരതമ്യം ചെയ്യാൻ കഴിയാത്തതാണ്. ദൈവത്തിനായി ജീവിക്കുന്നവൻ ദൈവത്തെ അനുഭവിക്കുന്ന സന്തോഷം കണ്ടെത്തുന്നു; അതാണ് പൗരോഹിത്യത്തിന്റെ ആനന്ദം.

ബലിയിലും ആനന്ദത്തിലും ഒത്തുചേരുന്ന ഒരു വലിയ രഹസ്യമാണ് പൗരോഹിത്യം. ബലിയും ആനന്ദവും വൈരുദ്ധ്യങ്ങളല്ല. ബലിയാണ് നിത്യ രക്ഷയുടെ ആനന്ദം കൊണ്ടുവരുന്നത്. ബലിയില്ലാതെ യഥാർത്ഥ ആനന്ദമില്ല; ദൈവത്തിനായി അർപ്പിക്കപ്പെട്ട ജീവിതത്തിൽ നിന്നാണ് സത്യമായ സന്തോഷം ജനിക്കുന്നത്.

ഉപസംഹാരം

ഹൃദയം വിഭജിക്കാതെ ദൈവത്തിൽ മാത്രം ചരിക്കാനുള്ള ഒരു ആത്മസമർപ്പണത്തിന്റെ ക്ഷണമാണ് "സ്വർഗ്ഗരാജ്യത്തെപ്രതിഷണ്ഡരായവർ" സ്വീകരിച്ചിരിക്കുന്നത്. ഈ ജീവിതം ആരുടേയും കഴിവിന്റെ ഫലമല്ല; ദൈവം തന്റെ കരുണയിൽ കണ്ടെത്തിയതാണ്. പൗരോഹിത്യത്തിന്റെ ആദ്യ ദിനങ്ങളിലൂടെ നടക്കുമ്പോൾ ഞാൻ തിരിച്ചറിയുന്നത് ഇതാണ്; ബലിയും ആനന്ദവും തിരിച്ചറിയാനാവാത്ത ഒരു വലിയ രഹസ്യത്തിന്റെ ഭാഗമാണ് ഞാനും എന്നത്. എന്റെ പൗരോഹിത്യം ഒരു സമ്പൂർണ്ണ പ്രഖ്യാപനമല്ല, മറിച്ച് അത് കൃപയിൽ ആശ്രയിക്കുന്ന ഒരു നിരന്തര യാത്രയാണ്.



www..malankaralibrary.com



കുടുംബജീവിതം: സവിശേഷത നിറഞ്ഞ ദൈവവിളി



സാബു ജോസ്
(പ്രൊ ലൈഫ് ഗ്ലോബൽ ഫെലോഷിപ്പ് ചെയർമാൻ, കെസിബിസി പ്രൊ ലൈഫ് സമിതിയുടെ ആനിമേറ്റർ)

മനുഷ്യജീവിതം ഒരു യാത്രയാണ്. ആ യാത്രയിൽ മനുഷ്യൻ ഒറ്റയ്ക്കല്ല ബന്ധങ്ങളോടും ഉത്തരവാദിത്വങ്ങളോടും ദൈവത്തിന്റെ കരുതലോടും കൂടിയാണ്. അതിൽ ഏറ്റവും ആഴമുള്ളതും വിശുദ്ധവുമായ വഴികളിൽ ഒന്നാണ് കുടുംബജീവിതം. എന്നാൽ ഒരു അടിസ്ഥാനചോദ്യം നമ്മെ നേരിടുന്നു: കുടുംബജീവിതം ദൈവവിളിയോ?

പലർക്കും വിവാഹം ഒരു സാമൂഹിക ഘടനയും ഒരു ജീവിതഘട്ടവും ഒരു ഉത്തരവാദിത്വവും ഒക്കെയാണ്. പക്ഷേ അത് ഒരു "വിളി" ദൈവത്തിന്റെ ക്ഷണം ആണെന്ന് തിരിച്ചറിയുന്നവർ കുറവാണ്.

എന്താണ് ദൈവവിളി? ആരെയാണ്, എന്തിനാണ് വിളിക്കുന്നത്? ദൈവവിളി ഒരു ശബ്ദമല്ല; ഒരു ജോലി നിയമനവുമല്ല.

ദൈവവിളി എന്നത് ദൈവം നമ്മെ തന്റെ സ്നേഹപദ്ധതിയിൽ പങ്കാളികളാക്കുന്ന ക്ഷണമാണ്. ഓരോ മനുഷ്യനെയും അവിടുന്നു വിളിക്കുന്നത് സ്നേഹിക്കാനും, സേവിക്കാനും, ജീവനെ ഉയർത്താനുമാണ്.

സമർപ്പിതജീവിതവും കുടുംബജീവിതവും ഒരുപോലെ ദൈവവിളിയാണ്. പക്ഷേ അവയുടെ രൂപവും ദൗത്യവും വ്യത്യസ്തമാണ്.

ദൈവത്തിന്റെ സ്നേഹം ബന്ധങ്ങളിലൂടെ ജീവിക്കൽ ആണ് കുടുംബജീവിതം. ദാമ്പത്യബന്ധം, മാതാപിതൃപങ്കാളി ബന്ധങ്ങളുടെ

www..malankaralibrary.com

വലയങ്ങൾ. കുടുംബ ജീവിതത്തിൽ ദൈവത്തിന്റെ സ്നേഹം വീട്ടിൽ നിന്ന് ആരംഭിക്കുന്നു. ഉത്തമ സമർപ്പിതജീവിതത്തിന്റെ ആദ്യ പരിശീലനം ആരംഭിക്കുന്നു.

കുടുംബം ദൈവരാജ്യത്തിന്റെ സാക്ഷ്യമാണ്.

കുടുംബത്തിൽ രണ്ട് വ്യക്തികൾ ദൈവത്തിൽ ഒന്നിക്കുന്നു. സമർപ്പിത ജീവിതത്തിൽ വ്യക്തി കുടുംബത്തിൽ നിന്നും മാറി ദൈവസ്നേഹം ജീവിതത്തിൽ കൂടുതൽ അനുഭവിക്കാനും അനേകർക്ക് പങ്കുവെയ്ക്കാനുമായി സഭയിൽ ഒറ്റയ്ക്കും കൂട്ടായും അധികാരികൾക്ക് വിധേയപ്പെട്ട് ജീവിക്കുന്നു. സുവിശേഷം അറിയിക്കുന്നു. കുടുംബജീവിതത്തിൽ ദൈവം ഏൽപ്പിച്ച വ്യക്തികളെ ഉത്തമ വിശ്വാസികളും പൗരന്മാരുമായി വാർത്തെടുക്കുന്നു. സുവിഷമായി മാതാപിതാക്കൾ ജീവിക്കുമ്പോൾ സഭയിൽ മാർപാപ്പയും സമൂഹത്തിൽ രാഷ്ട്രപതിയും പ്രധാനമന്ത്രിയും ചീഫ് ജസ്റ്റിസുമെല്ലാം ജനിക്കും.

വിശുദ്ധ വിവാഹം ഒരു കൂദാശ

ക്രൈസ്തവ ദർശനത്തിൽ വിവാഹം ഒരു ചടങ്ങ് മാത്രമല്ല; ഒരു കൂദാശയാണ്. പൗരോഹിത്യം പോലെ, വിശുദ്ധ കുർബാന പോലെ, വിവാഹവും ദൈവാനുഗ്രഹത്തിന്റെ മാർഗമാണ്.

വിവാഹജീവിതത്തിലേക്ക് പങ്കാളിയെ അന്വേഷിക്കുന്ന ഘട്ടത്തിൽ തന്നെ ദൈവവിളിയുടെ തിരിച്ചറിവ് ആരംഭിക്കണം. വിവാഹ ഒരുക്ക കോഴ്സുകൾ അതിന് സഹായിക്കുന്നു.

പക്ഷെ പലപ്പോഴും വിവാഹം ആലോചിക്കുമ്പോൾ ദൈവത്തിന്റെ ഇഷ്ടത്തെക്കാൾ സ്വന്തം ഇഷ്ടം മുൻപാകുന്നു. ആത്മീയതയെക്കാൾ സാമ്പത്തികം, സ്ഥാനം മുൻഗണന നേടുന്നു. സ്വഭാവത്തെക്കാൾ പ്രദർശനം വിലമതിക്കപ്പെടുന്നു. പ്രാർത്ഥനയെക്കാൾ ഡിജിറ്റൽ പ്ലാറ്റ്ഫോം തീരുമാനങ്ങൾ നിർണ്ണായകമാകുന്നു. അങ്ങനെ, ദൈവവിളി ഒരു "തിരഞ്ഞെടുപ്പ് പ്രക്രിയ" യായി ചുരുങ്ങുന്നു. വലിയ ഒരുക്കങ്ങൾ, പ്രാർത്ഥന, പഠനം, അന്വേഷണങ്ങൾ, വിലയിരുത്തൽ, ചർച്ചകൾ ഒക്കെ ആവശ്യമാണ്.

വിവാഹം ദൈവത്തിന്റെ പദ്ധതിയാണ്. "മനുഷ്യൻ ഏകാകിയായിരിക്കുന്നത് നല്ലതല്ല" (ഉല്പത്തി 2:18). 'ഇരുവരും ഒരേ ദേഹമാകും" (ഉല്പത്തി 2:24). വിവാഹത്തിന് ഒരു വിശുദ്ധിയുണ്ട്. ''ദൈവം കൂട്ടിയിണക്കിയത് മനുഷ്യൻ വേർപെടുത്തരുത്" (മത്തായി 19:6). കുടുംബം ദൈവസേവനത്തിന്റെ കേന്ദ്രമാണ്. "ഞാനും എന്റെ വീട്ടുകാരും കർത്താവിനെ സേവിക്കും" (ജോഷ 24:15). ദാമ്പത്യസ്നേഹം ക്രിസ്തുവിന്റെ മാതൃകയാണ്. "ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ..." (എഫെസ്യർ 5:25). കുടുംബജീവിതം ഒരു സാധാരണ ജീവിതമല്ല; അത് ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാണ്.

കുടുംബജീവിതം ഒരു സൗകര്യമല്ല ഒരു ക്രൂശും അതോടൊപ്പം ഒരു മഹത്വവുമാണ്.

കുടുംബം: പ്രാർത്ഥനയുടെയും വിശ്വാസത്തിന്റെയും ബലിപീഠം

കുടുംബജീവിതത്തിന്റെ അടിസ്ഥാനം സ്നേഹമാണെങ്കിൽ, ആ സ്നേഹത്തെ നിലനിർത്തുന്ന ചൈതന്യമാണ് പ്രാർത്ഥന. 'ഒരുമിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചു നിൽക്കുന്നു' എന്ന വചനം അന്വർത്ഥമാക്കുന്നത് പോലെ, ഒരു കുടുംബത്തിന്റെ ഐക്യവും സമാധാനവും പ്രാർത്ഥനയുമായി അവിഭാജ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു.

മാതാപിതാക്കളുടെ ദൗത്യം

കുടുംബത്തിൽ മാതാപിതാക്കൾ വെറും അധികാരികളല്ല, മറിച്ച് വിശ്വാസത്തിന്റെ കാവൽക്കാരാണ്. ഏത് സാഹചര്യത്തിലും ധ്യാനപൂർവ്വം പ്രതികരിക്കാൻ അവർക്ക് സാധിക്കണം. ജീവിതത്തിലെ പ്രതിസന്ധികളിൽ പതറാതെ, പ്രാർത്ഥനാപൂർവ്വമായ വിവേകത്തോടെ തീരുമാനങ്ങളെടുക്കുമ്പോഴാണ് മാതാപിതാക്കൾ മക്കൾക്ക് ശരിയായ മാതൃകയാകുന്നത്.

www..malankaralibrary.com

വിശ്വാസത്തിന്റെ മുൻഗാമികൾ

നമ്മുടെ വിശ്വാസയാത്രയിൽ ബൈബിൾ നൽകുന്ന വലിയ മാതൃകകൾ നമുക്ക് മുന്നിലുണ്ട്: ലോകം പരിഹസിച്ചപ്പോഴും ദൈവത്തിന്റെ വാക്കിൽ വിശ്വസിച്ച് പെട്ടകം പണിത നോഹയുടെ അചഞ്ചലമായ വിശ്വാസം നമുക്കുണ്ടാകണം. അസാധ്യമായ കാര്യങ്ങളിലും ദൈവത്തിന്റെ വാഗ്ദാനങ്ങൾ നിറവേറുമെന്ന് വിശ്വസിച്ച് ഇറങ്ങിത്തിരിക്കാൻ നമുക്ക് കഴിയണം.

പ്രതിസന്ധികളെ അതിജീവിക്കൽ

ജീവിതത്തിൽ പ്രശ്നങ്ങൾ വരുമ്പോൾ പതറിപ്പോകരുത്. കയ്യിലുള്ളത് ഒരു ഉണങ്ങിയ വടിയാണെങ്കിൽ പോലും, മോശ അത് ദൈവവിശ്വാസത്തോടെ ഉയർത്തിയപ്പോൾ ചെങ്കടൽ വഴിമാറി. അതുപോലെ നമ്മുടെ പരിമിതികളെയും കുറവുകളെയും ദൈവകരങ്ങളിൽ ഏൽപ്പിച്ചാൽ ഏത് വലിയ പ്രതിസന്ധിയെയും അതിജീവിക്കാൻ നമുക്ക് സാധിക്കും.

പ്രാർത്ഥനയുള്ള വീടുകളിൽ ദൈവ സാന്നിധ്യം എപ്പോഴുമുണ്ടാകും. അത് കുടുംബാംഗങ്ങൾക്കിടയിലെ അകൽച്ച കുറയ്ക്കുകയും, കുട്ടികളിൽ നല്ല മൂല്യങ്ങൾ വളർത്തുകയും ചെയ്യുന്നു. ചുരുക്കത്തിൽ, പ്രാർത്ഥന എന്നത് കുടുംബത്തെ സ്നേഹത്തിൽ കോർത്തിണക്കുന്ന ഒരു സ്വർണ്ണ നൂലാണ്. അത് സമാധാനത്തിലേക്കും പ്രത്യാശയിലേക്കും നമ്മെ നയിക്കുന്നു.

കുടുംബം: വിശ്വാസം പൂക്കുന്ന ഗാർഹിക സഭ

സഭയെന്നത് വലിയൊരു വിശ്വാസ സമൂഹമാണെങ്കിൽ, അതിന്റെ ഏറ്റവും ചൈതന്യവത്തായ ചെറിയ യൂണിറ്റാണ് കുടുംബം. രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബങ്ങളെ വിശേഷിപ്പിച്ചത് 'ഗാർഹിക സഭ' (Ecclesia Domestica) എന്നാണ്. സഭയിൽ നാം കാണുന്ന എല്ലാ വിശുദ്ധ കർമ്മങ്ങളും വിശ്വാസ സത്യങ്ങളും പ്രായോഗികമായി ജീവിക്കേണ്ട ആദ്യത്തെ ഇടം ഓരോ ഭവനവുമാണ്.



www..malankaralibrary.com

കവിത

ആരാണ് ഇടയൻ



ഷാജു തേക്കിൻകാട്ടിൽ

ഒറ്റപ്പെടുന്നവന്
കഥകൾ ഒത്തിരി പറയാനുണ്ടാവും!
വെറുക്കപ്പെട്ടവന്
സൗരഭ്യത്തിന്റെ പതിരില്ലാക്കഥയും!
കൂടെയുള്ളവർ
ഉറക്കം നടിച്ചു കിടക്കും
നാമെന്ന് കരുതിയവർ നിങ്ങളെന്ന്
പറഞ്ഞൊഴിയും!
വിയർപ്പിൽ അലിഞ്ഞു വീണ
നിണ രേണുക്കൾ
പരിഹസിച്ചു ചിരിക്കും!
ചുമടേന്തി വളഞ്ഞു പോയ നട്ടെല്ല്
മഴവില്ലിനെ സ്വപ്നം കാണും!
അപ്പോഴും കേൾക്കാമരികിൽ
ഭയമരുതെന്ന ശബ്ദം!
ഒറ്റപ്പെട്ടവൻ, നുറുങ്ങിപ്പോയ
വപുസിനെക്കാൾ
കുത്തിമുറിപ്പെട്ട മനസ്സുള്ളോൻ,
ആകാശനെറുകയിൽ
ഭൂമിയുടെ കാന്തികശക്തിയിൽ
കൈകാലുകൾ കീറിയിട്ടും
ഭയമരുതെന്ന് പറയുന്നവൻ,
ഓടിയൊളിക്കാൻ
ഇടം തേടുന്നവർക്കിടയിൽ
അലിഞ്ഞില്ലാതാകാൻ
സ്വയം വിട്ടുകൊടുത്തോൻ
അവനാണിടയൻ...!

www..malankaralibrary.com

സഭാ വിജ്ഞാനീയം

സാർവത്രിക സഭയിലെ വേദപാരംഗതർ

പാദുവായിലെ വി. അന്തോണിയോസ്





റവ. ഡോ. മാത്യു ചാർത്താക്കുഴിയിൽ

ആമുഖം

ആഗോള കത്തോലിക്കാ സഭയിൽ ഏറ്റവും അധികം സ്നേഹിക്കപ്പെടുന്ന വിശുദ്ധരിൽ ഒരാളാണ് പാദുവായിലെ വി. അന്തോണിയോസ്. നഷ്ടപ്പെട്ടവ കണ്ടെത്താൻ അദ്ദേഹത്തിന്റെ മാധ്യസ്ഥം തേടി പ്രാർത്ഥിക്കുന്നതിനാൽ വിശ്വാസികളുടെ ഹൃദയത്തിൽ അന്തോണിയോസിന് പ്രത്യേക സ്ഥാനമുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ യഥാർത്ഥ മഹത്വം അത്ഭുത പ്രവർത്തകൻ എന്നതിനേക്കാൾ ക്രിസ്തുവിനോടുള്ള ആഴമായ സ്നേഹത്തിലും സുവിശേഷ പ്രഘോഷണത്തിലുമാണ് അടങ്ങിയിരിക്കുന്നത്. ഫ്രാൻസിസ്കൻ സന്യാസസമൂഹത്തിന്റെ ആദ്യകാല അംഗവും വി. ഫ്രാൻസിസ് അസ്സീസിയെ നേരിൽ കണ്ട വിശുദ്ധനുമായ അന്തോണിയോസ്, ചെറുപ്പത്തിൽ തന്നെ അസാധാരണമായ വിജ്ഞാനവും ആത്മീയ അറിവുകളും സമ്പാദിച്ചു. അദ്ദേഹത്തിന്റെ വചനങ്ങൾ അനേകം ഹൃദയങ്ങളെ പരിവർത്തനപ്പെടുത്തുകയും പാപികളെ മാനസാന്തരത്തിലേക്ക് നയിക്കുകയും ചെയ്തു. ഇറ്റലിയിലെ പാദുവായിൽ ജീവിതത്തിന്റെ അവസാന വർഷം മാത്രമേ പ്രവർത്തിച്ചിട്ടുള്ളുവെങ്കിലും, അദ്ദേഹത്തിന്റെ നാമം ആ നഗരത്തെ ലോകമെങ്ങും പ്രസിദ്ധമാക്കി. അതുകൊണ്ടാണ് അദ്ദേഹം 'പാദുവായിലെ അന്തോണിയോസ്' എന്ന് അറിയപ്പെടുന്നത്; അതേസമയം പോർച്ചുഗീസുകാർ ലിസ്ബണിൽ ജനിച്ചതിനാൽ അദ്ദേഹത്തെ സ്നേഹത്തോടെ 'ലിസ്ബണിലെ അന്തോണിയോസ്' എന്നാണ് വിളിക്കുന്നത്. ഈ ഭൂമിയിലെ മുപ്പത്തഞ്ചു വർഷത്തെ ജീവിതം കൊണ്ട് അദ്ദേഹം സമ്പാദിച്ച വിജ്ഞാനവും വിശുദ്ധിയും ഇന്ന് ലോകത്തിന്റെ നാലതിർത്തിയിലും എത്തിച്ചേർന്നിരിക്കുന്നു.

www..malankaralibrary.com

വിശ്വാസം ക്ഷയിച്ചുപോയ ഒരു കാല ഘട്ടത്തിൽ സഭയെ നവീകരിക്കാനായി ദൈവം ഉയർത്തിയ പുണ്യവാന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. വി. ഫ്രാൻസിസ് അസ്സീസിയെയും വി. ഡൊമനിക്കിനെയും പോലെ, അന്തോണിയോസും വിശുദ്ധിയിലും ദാരിദ്ര്യത്തിലും ജീവിച്ചുകൊണ്ട്, എല്ലാവർക്കും മനസ്സിലാകുന്ന ലളിതമായ ഭാഷയിൽ സുവിശേഷം പ്രസംഗിച്ചു. മാനസാന്തരം, നീതി, കരുണ, ദൈവസ്നേഹം, വിശുദ്ധ കുർബാനയോടുള്ള ഭക്തി, പാവങ്ങളോടുള്ള കരുതൽ ഇവ അദ്ദേഹത്തിന്റെ പ്രസംഗങ്ങളുടെ ഉള്ളടക്കമായിരുന്നു. സുവിശേഷം വാക്കുകളിൽ മാത്രം അല്ല, സ്വന്തം സാക്ഷ്യത്തിൽകൂടിയും പ്രസംഗിക്കപ്പെടണം എന്ന സത്യം അദ്ദേഹം തന്റെ ജീവിതത്തിലൂടെ ലോകത്തിന് കാണിച്ചു കൊടുത്തു. പ്രാർത്ഥനയാൽ രൂപപ്പെടുത്തിയ വചനങ്ങൾകൊണ്ടും, വിശുദ്ധിയിൽ വിരാചിച്ച ജീവിതംകൊണ്ടും, ഇന്നും അദ്ദേഹം സഭയിലെ പ്രകാശഗോളമായി നിലകൊള്ളുന്നു. വൈദികർക്കും സുവിശേഷപ്രഘോഷകർക്കും വിശ്വാസികൾക്കും ഒരുപോലെ വഴികാട്ടിയായ വിശുദ്ധനാണ് വി. അന്തോണിയോസ്.

ജനനം, വിദ്യാഭ്യാസം, സന്യാസം

യൂറോപ്യൻ ഭൂഖണ്ഡത്തിന്റെ ദക്ഷിണ-പശ്ചിമ ദിക്കിലായി അറ്റ്ലാന്റിക് സമുദ്ര തീരത്തോട് ചേർന്നു കിടക്കുന്ന രാജ്യമാണ് പോർച്ചുഗൽ. 1498-ൽ കോഴിക്കോട്ട് എത്തിയ വാസ്കോഡ ഗാമയിലൂടെ ഇന്ത്യയിൽ കോളനി സ്ഥാപിച്ച ആദ്യ യൂറോപ്യൻ രാജ്യക്കാർ എന്ന നിലയിൽ പോർച്ചുഗീസുകാരെ നമുക്ക് വളരെ പരിചിതമാണ്. ഈ രാജ്യത്തിന്റെ തലസ്ഥാനമായ ലിസ്ബണിലാണ് അന്തോണിയോസ് ജനിച്ചത്. കൊട്ടാര ഉദ്യോഗസ്ഥനായിരുന്ന വിസന്റെ മാർട്ടിന്റെയും പ്രഭുകുടുംബത്തിൽ പെട്ട തെരേസ പൈസ് തവൈറായുടെയും പുത്രനായിട്ട് 1195 ആഗസ്റ്റ് 15-നായിരുന്നു അന്തോണിയോസിന്റെ ജനനം. ഫെർണാണ്ടോ മാർട്ടിൻസ് ദേ ബുളോസ് എന്നതായിരുന്നു അദ്ദേഹത്തിന്റെ മാമോദീസാപ്പേര്. അദ്ദേഹം ജനിച്ചു എട്ടാം ദിവസം കത്തീഡ്രൽ ദേവാലയത്തിൽ വച്ചാണ് മാമോദീസ നൽകിയത്. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിൽ ജനിച്ചവൻ എന്ന നിലയിൽ വലിയ മാതൃഭക്തനായി ഫെർണാണ്ടോയെ അവന്റെ അമ്മ വളർത്തിക്കൊണ്ടുവരാൻ ശ്രദ്ധിച്ചു. വി. അന്തോണിയോസ് ജനിച്ച ഭവനം ഇപ്പോൾ അവിടുത്തെ കത്തീഡ്രലിനോട് ചേർന്ന് ഒരു ദേവാലയമായി രൂപാന്തരപ്പെടുത്തിയിട്ടുണ്ട്.

മാതാപിതാക്കന്മാരുടെ കാലടികൾ പിന്തുടർന്ന് രാജ്യസേവനം നടത്തി ഉന്നത ഭരണ സ്ഥാനങ്ങളിലെത്തുന്നതിന് ജന്മനാ തിരഞ്ഞെടുക്കപ്പെട്ടവനായിരുന്നു ഫെർണാണ്ടോ. എന്നാൽ ദൈവത്തിന് അദ്ദേഹത്തെക്കുറിച്ചുണ്ടായിരുന്ന പദ്ധതികൾ വ്യത്യസ്തമായിരുന്നു. ഫെർണാണ്ടോയ്ക്ക് തനിക്ക് ചുറ്റുമുണ്ടായിരുന്ന സമ്പന്നത വെറുമൊരു പുകപോലെയെന്നു തിരിച്ചറിയാൻ ചെറുപ്പത്തിൽ തന്നെ കഴിഞ്ഞിരുന്നുവെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു.

ഇക്കാലത്തു ലിസ്ബൺ നഗരം രാഷ്ട്രീയവും മതപരവുമായ വലിയ ചടങ്ങുകൾക്ക് വേദിയായിരുന്ന സ്ഥലമായിരുന്നു. ആഘോഷങ്ങളിലും അധികാര സ്ഥാനങ്ങളിലും അദ്ദേഹത്തിന് വലിയ ആകർഷണം തോന്നിയിരുന്നില്ല. വീടിനോടു ചേർന്നുണ്ടായിരുന്ന നഗരത്തിലെ ഏറ്റം പ്രശസ്തമായ കത്തീഡ്രൽ സ്കൂളിലായിരുന്നു ഫെർണാണ്ടോയുടെ പ്രാഥമിക വിദ്യാഭ്യാസം. എന്നാൽ ദേവാലയത്തിലും, അതിനോടനുബന്ധിച്ച കാര്യങ്ങളിലും അദ്ദേഹം പങ്കെടുക്കുകയും അതിൽ വലിയ ആനന്ദം കണ്ടെത്തുകയും ചെയ്തു. തന്റെ ജീവിതം എപ്പോഴും ദൈവീക വഴിയിലൂടെ പ്രയാണം ചെയ്യുന്നതിനുള്ളതാണെന്ന് അവൻ ചെറുപ്പത്തിൽ തന്നെ തിരിച്ചറിഞ്ഞിരുന്നു.

മാതാപിതാക്കന്മാരുടെ അനുവാദത്തോടെ ഫെർണാണ്ടോ പതിനഞ്ചാമത്തെ വയസ്സിൽ ലിസ്ബണിനടുത്തുള്ള വിശുദ്ധ അഗസ്തീ

www..malankaralibrary.com

നോസിന്റെ ആശ്രമത്തിൽ ചേർന്ന് സന്യാസ പരിശീലനം ആരംഭിച്ചു. എന്നാൽ തങ്ങളുടെ പ്രിയപ്പെട്ട ഫെർണാണ്ടോയോടുള്ള സ്നേഹം പ്രകടിപ്പിക്കുന്നതിനായി വീട്ടുകാരും, കൂട്ടുകാരും, നാട്ടുകാരും ആശ്രമത്തിലെ നിത്യ സന്ദർശകരായിത്തീർന്നു. താൻ അഭിലഷിച്ച ഏകാന്തതയ്ക്കും, പ്രാർത്ഥനാജീവിതത്തിനും ഈ സന്ദർശനങ്ങൾ വിഘാതം സൃഷ്ടിക്കുന്നുവെന്ന് തിരിച്ചറിഞ്ഞ ഫെർണാണ്ടോ അവിടെനിന്നും ഇരുനൂറ് കിലോമീറ്റർ ദൂരത്തിലുള്ള പോർച്ചുഗല്ലിന്റെ അന്നത്തെ പ്രധാന നഗരങ്ങളിലൊന്നായ കോയിമ്ബ്രയിലുള്ള സാന്താക്രൂസ് ആശ്രമത്തിലേക്ക് മാറ്റം ചോദിച്ചു വാങ്ങി. ഇവിടെയാണ് വൈദികനാകുന്നതിനുള്ള ദൈവശാസ്ത്ര പഠനവും, ലത്തീൻ ഭാഷാപഠനവും അദ്ദേഹം തുടർന്നു നടത്തിയത്.

കോയിമ്ബ്രയിലെ താമസവും പഠനവും അദ്ദേഹത്തിന്റെ ജീവിതത്തിൽ പുതിയ



ദിശാബോധം നൽകി. ബൈബിൾ പഠനത്തിലും ആരാധനാ ജീവിതത്തിലും ആഴപ്പെടുന്നതിന് ഈ അവസരം അദ്ദേഹത്തെ സഹായിച്ചു. ഇക്കാലയളവിൽ പ്രാർത്ഥന, ധ്യാനം, പഠനം, തുടങ്ങിയ കാര്യങ്ങളിൽ അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചത് പിന്നീടുള്ള അന്തോണിയോസിന്റെ ജീവിതത്തെ വളരെയധികം സഹായിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളാണ് പിന്നീട് മധ്യകാല യുഗത്തിലെ സഭയിലെ ഏറ്റം പേരുകേട്ട സുവിശേഷപ്രഘോഷകനായി അദ്ദേഹത്തെ രൂപപ്പെടുത്തിയത്. വി. ഗ്രന്ഥത്തെക്കുറിച്ചുള്ള അറിവ് മാത്രമല്ല, പ്രസംഗവിഷയങ്ങളെക്കുറിച്ചുള്ള നീണ്ട ധ്യാനവും അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ കൂടുതൽ ആധികാരികതയുള്ളതാക്കി.

ഫ്രാൻസിസ്ക്കൻ വിളിയും വഴിത്തിരിവും

അഗസ്തീനിയൻ ആശ്രമത്തിൽ തന്റെ സന്യാസ പരിശീലന കാലയളവിൽ അദ്ദേഹം അസാധാരണ പഠനവൈഭവം പ്രകടമാക്കിയിരുന്നു. ഗഹനമായ ദൈവശാസ്ത്ര തത്വങ്ങളും വിശുദ്ധ ഗ്രന്ഥത്തിൽ അന്തർലീനമായിരിക്കുന്ന ആഴമായ അർത്ഥങ്ങളും വളരെ വേഗത്തിൽ ഹൃദിസ്ഥമാക്കുകയും അത് ആവശ്യമുള്ളപ്പോൾ ഓർമ്മിച്ചെടുക്കുകയും ചെയ്തിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ ആഗ്രഹം മുഴുവൻ സ്വർഗ്ഗരാജ്യത്തിനു വേണ്ടി അനേകം ആത്മാക്കളെ നേടിയെടുക്കുന്നതിനായി വിദൂര ദേശങ്ങളിൽ പോയി സുവിശേഷ പ്രഘോഷണം നടത്തുക എന്നതായിരുന്നു.

അഗസ്തീനിയൻ സന്യാസ പരിശീലനം പൂർത്തിയാക്കി 1220-അദ്ദേഹം ഒരു സന്യാസ വൈദികനായി അഭിഷിക്തനായി. ആശ്രമത്തിലെത്തുന്ന അതിഥികളുടെ ചുമതലയായിരുന്നു ഫെർണാണ്ടോയ്ക്ക് കിട്ടിയ ആദ്യ ഉത്തരവാദിത്വം. ഇക്കാലയളവിലാണ് അടുത്ത കാലത്ത് സ്ഥാപിതമായ ഫ്രാൻസിസ്കൻ സന്യാസ സമൂഹത്തിലെ ചില സന്യാസികൾ ഈ ആശ്രമത്തിൽ എത്തിയത്. അവരുടെ ഉദ്ദേശം സുവിശേഷ പ്രഘോഷണത്തിനായി ആഫ്രിക്കയിലേക്ക് യാത്ര ചെയ്യുക എന്നതാ

യിരുന്നു. ഇവരെ ആശ്രമത്തോട് ചേർന്നുള്ള ഈജിപ്തിലെ അന്തോണിയോസിന്റെ നാമത്തിൽ നിർമ്മിച്ച ചെറിയ അതിഥി മന്ദിരത്തിൽ താമസിപ്പിച്ചു. അവരുടെ ലളിത ജീവിതവും, സുവിശേഷാധിഷ്ഠിത ചര്യകളും അവരെ പരിചരിച്ച ഫെർണാണ്ടോയെ അതിയായി ആകർഷിച്ചു.

ലിസ്ബണിൽ നിന്നും കടൽ വഴി മൊറോക്കോയിൽ എത്തിയ സന്യാസികൾ അവിടെ സുവിശേഷപ്രഘോഷണ പ്രവർത്തനത്തിൽ ഏർപ്പെട്ടു. എന്നാൽ അധികം താമസിയാതെ അവർ അഞ്ചു പേരും മൊറോക്കോയിൽ രക്തസാക്ഷിത്വം വരിച്ചുവെന്ന വാർത്തയാണ് പിന്നീട് കേൾക്കുന്നത്. പോർച്ചുഗല്ലിലെ രാജകുടുംബം അവരുടെ ശരീരങ്ങൾ വീണ്ടെടുത്ത് പോർച്ചുഗല്ലിൽ കൊണ്ടുവരികയും വീരോചിതമായ ശവസംസ്കാരം നടത്തുകയും ചെയ്തു. തനിക്ക് നേരിൽ കാണുവാനും ശുശ്രൂഷിക്കുവാനും ഭാഗ്യം ലഭിച്ച ഈ സന്യാസിമാരുടെ ജീവത്യാഗം ഫെർണാണ്ടോയെ വളരെയധികം സ്വാധീനിച്ചു. എല്ലാവരും ഇവരുടെ മരണത്തിൽ ദുഃഖാർത്തരായപ്പോൾ ഫെർണാണ്ടോ അവരുടെ ലളിത ജീവിത ശൈലിയും, ആത്മാക്കളെ നേടുന്നതിനുള്ള തീക്ഷ്ണതയും, രക്തസാക്ഷിത്വത്തിനുള്ള ധീരതയും അനുകരിക്കാനുള്ള പരിശ്രമത്തിലായിരുന്നു. ഇവർ തുടങ്ങിവച്ച ദൗത്യം തുടരുക എന്ന ലക്ഷ്യത്തോടെ അഗസ്തീനോസിന്റെ ആശ്രമത്തിലെ അധികാരികളുടെ അനുവാദത്തോടെ ഫെർണാണ്ടോ ഫ്രാൻസിസ്കൻ സന്യാസ സമൂഹത്തിൽ ചേർന്നു. ആശ്രമത്തോട് ചേർന്നുണ്ടായിരുന്ന, രക്തസാക്ഷികളായ ഫ്രാൻസിസ്ക്കൻ സന്യാസികൾ വസിച്ച, അന്തോണിയോസ് ഗസ്റ്റ് ഹൗസിന്റെ പേരിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടു മരുഭൂമിയിലെ മഹാനായ പുണ്യവാനെ മാതൃകയാക്കി അന്തോണിയോസ് എന്ന പുതിയ നാമവും അദ്ദേഹം സ്വീകരിച്ചു.

മിഷൻ സ്വപ്നവും ദൈവത്തിന്റെ വഴിയും

വി. അഗസ്തീനോസിന്റെയും, തെർത്തുല്യന്റെയും ജന്മദേശം ഉൾപ്പെടുന്ന ആഫ്രിക്കൻ വൻകരയിൽ ക്രിസ്തു സന്ദേശം പൂർവ്വാധികം ശക്തിയോടെ പുനഃസ്ഥാപിക്കുക എന്നത് അന്തോണിയോസിന്റെ വലിയ ആഗ്രഹമായിരുന്നു. അഗസ്തീനിയൻ ബൗദ്ധിക ചൈതന്യവും ഫ്രാൻസിസ്കൻ ലാളിത്യവും നിശ്ചയദാർഢ്യവും അന്തോണിയോസിൽ ഒത്തുചേർന്നപ്പോൾ തന്റെ ആത്മാർത്ഥസുഹൃത്തായിരുന്ന ഫിലിപ്പോയെന്ന അത്മായ സഹോദരനെയും കൂട്ടി അദ്ദേഹം മൊറോക്കോയിലേക്ക് യാത്ര തിരിച്ചു. അവിടം ഇക്കാലയളവിൽ പൂർണ്ണമായും മുസ്ലിം ആധിപത്യത്തിൽ ആയിക്കഴിഞ്ഞിരുന്നു. ക്രിസ്തുവിനെ അറിയാത്തവരുടെ ഇടയിൽ സുവിശേഷം പ്രസംഗിക്കുകയും സ്വർഗ്ഗരാജ്യത്തിന് വേണ്ടി അവരെ നേടിയെടുക്കുകയും ചെയ്യുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. എന്നാൽ അദ്ദേഹം വലുതായി ആഗ്രഹിച്ച രക്തസാക്ഷിത്വകിരീടം അന്തോണിയോസിനുവേണ്ടി ദൈവം കരുതി വച്ചിട്ടുണ്ടായിരുന്നില്ല. മൊറോക്കോയിൽ എത്തി അധികം കഴിയുന്നതിന് മുൻപ് അദ്ദേഹം



www..malankaralibrary.com

രോഗബാധിതനായി. നാല് മാസത്തിനു ശേഷവും ഒരു പുരോഗതിയും കാണാത്ത തിനാൽ അധികാരികളുടെ നിർദേശപ്രകാരം പോർച്ചുഗല്ലിലേക്ക് തിരികെ കപ്പൽ കയറാൻ അദ്ദേഹം നിർബന്ധിതനായി. ഈ തീരുമാനം അദ്ദേഹത്തിന് പ്രയാസം ഉളവാക്കിയെങ്കിലും അനുസരണത്തിന്റെ പേരിൽ അദ്ദേഹം തന്റെ ജന്മദേശത്തേയ്ക്ക് തിരികെ പോകാൻ തയ്യാറായി.

എന്നാൽ യാത്ര തുടങ്ങി അധികം താമസിയാതെ വലിയ കടൽക്ഷോഭം ഉണ്ടാവുകയും പോർച്ചുഗല്ലിൽ എത്തേണ്ടതിന് പകരം കപ്പൽ ഇറ്റാലിയൻ ദ്വീപായ സിസിലിയിൽ എത്തുകയും ചെയ്തു. അവിടുത്തെ മെസ്സീന നഗരത്തിലെ ഫ്രാൻസിസ്കൻ ആശ്രമത്തിൽ അഭയം പ്രാപിച്ച അന്തോണിയോസ് പിന്നീട് ടസ്കണിയിൽ ഫ്രാൻസിസ്കൻ സന്യാസിനികളെ സഹായിക്കാനുള്ള ദൗത്യം ഏറ്റെടുക്കുന്നു. ഇത് അദ്ദേഹത്തിന്റെ ഇറ്റലിയിലെ ജീവിതത്തിന്റെ ആരംഭം കുറിക്കുകയും തുടർന്ന് അന്തോണിയോസിന്റെ യഥാർത്ഥ ദൗത്യം കണ്ടെത്താൻ ദൈവം ഇടയാക്കുകയും ചെയ്തു. തന്റെ ആഗ്രഹത്തിന് വിപരീതമായി ദൈവം മറ്റൊരു ദേശത്തു അദ്ദേഹത്തെ എത്തിച്ചത് അന്തോണിയോസിന് ചില ഉൾക്കാഴ്ചകളും സമ്മാനിച്ചു. താൻ ആഗ്രഹിച്ച ആഫ്രിക്കയിൽ മിഷൻ പ്രവർത്തനമെന്ന ദൗത്യം ലഭിച്ചില്ലെങ്കിലും ദൈവം തനിക്കായി വിഭാവനം ചെയ്ത വഴി സ്വീകരിക്കാൻ അദ്ദേഹം തയ്യാറായി. വിശുദ്ധി തന്റെ തന്നെ മഹത്വം അന്വേഷിക്കുകയല്ല, ദൈവീക പദ്ധതിക്ക് സ്വയം സമർപ്പിക്കുകയാണെന്ന് അന്തോണിയോസ് ഇക്കാലയളവിൽ തിരിച്ചറിഞ്ഞു.

മറഞ്ഞിരുന്ന മഹത്വം: അസ്സീസിയിലെ അനുഭവം

ഇറ്റലിയിൽ എത്തിയപ്പോൾ തന്റെ ജീവിതം വലുതായി മാറിമാറിയാൻ പോകുന്നുവെന്ന് അന്തോണിയോസ് ചിന്തിച്ചിരുന്നില്ല. ഇറ്റലിയിലെ ആശ്രമങ്ങളിൽ ആർക്കും തന്നെ അദ്ദേഹത്തെ അറിയാമായിരുന്നില്ല.



തന്നെ വലിയ അനുഗ്രഹമായി അദ്ദേഹം കണ്ടു. എങ്കിലും, അദ്ദേഹത്തിന്റെ യഥാർത്ഥ മഹത്വം അന്ന് മറഞ്ഞുകിടക്കുകയായിരുന്നു.

ഏകാന്തതയിൽ രൂപപ്പെട്ട വിശുദ്ധി

ഇറ്റലിയിലെ ആശ്രമങ്ങളിൽ അന്തോണിയോസിനെ എടുക്കാൻ ആരും സന്നദ്ധരായിരുന്നില്ല. കൃശഗാത്രനും എപ്പോഴും രോഗിയെപോലെ കാണപ്പെട്ടിരുന്നവനുമായിരുന്ന അദ്ദേഹം, വലിയ വിദ്യാഭ്യാസവും കഴിവുകളും ഉള്ളവനാണെന്ന് പലർക്കും തോന്നിയിരുന്നില്ല. എന്ത് ജോലിയും ചെയ്യാൻ അന്തോണിയോസ് തയ്യാറായിരുന്നെങ്കിലും, പല ആശ്രമാധിപന്മാർക്കും അദ്ദേഹത്തെ സ്വീകരിക്കുന്നത് ഒരു ബാധ്യതയാകുമെന്ന തോന്നൽ ഉണ്ടായിരുന്നു. ഇതിനിടയിൽ, ബൊളോഞ്ഞോ പ്രോവിൻസിന്റെ സുപ്പീരിയർ ഫാ. ഗ്രാസ്സിയന് ഫോർളിയിലെ ചെറിയ ആശ്രമത്തിൽ കുർബാനയർപ്പിക്കാൻ ഒരു വൈദികനെ ആവശ്യമായിരുന്നു.

www..malankaralibrary.com

അങ്ങനെ അന്തോണിയോസ് മലമുകളിലുള്ള മോൻതേ പൗളോ ഭവനത്തിലേക്ക് അയക്കപ്പെട്ടു.

ഈ ചെറിയ ആശ്രമത്തിൽ അദ്ദേഹം അവിടുത്തെ സാധാരണ ജോലികൾ ചെയ്ത് സഹോദരങ്ങളെ സഹായിക്കുകയും, ഏകാന്തതയിലും പ്രാർത്ഥനയിലും സമയം ചിലവഴിക്കുകയും ചെയ്തു. വലിയ സുവിശേഷ പ്രഘോഷകനായി മാറാനിരിക്കുന്നതിന്റെ യാതൊരു ലക്ഷണവും അന്ന് അദ്ദേഹത്തിൽ ദൃശ്യമായിരുന്നില്ല. എന്നാൽ, ഈ കാലഘട്ടം അദ്ദേഹത്തിന്റെ സന്യാസജീവിതത്തെ ആഴപ്പെടുത്തുന്ന നിർണ്ണായക സമയമായിരുന്നു. അദ്ദേഹം അവിടെ ദിവസേന ബലിയർപ്പിക്കുകയും, പിന്നീട് ആശ്രമത്തിന് സമീപമുള്ള ഗുഹയിൽ പ്രാർത്ഥനയിലും ധ്യാനത്തിലും ദൈവസാന്നിധ്യസ്മരണയിലും സമയം ചിലവഴിക്കുകയും ചെയ്തു. ബ്രഡും വെള്ളവും മാത്രം ആഹാരമാക്കി, വൈക്കോലിൽ കല്ല് തലയിണയായി വച്ച് ഉറങ്ങുകയും ചെയ്ത അദ്ദേഹത്തിന്റെ താപസ്സ ജീവിതം അധികമാരും ശ്രദ്ധിച്ചിരുന്നില്ല. ആരെങ്കിലും ശ്രദ്ധിക്കാൻ വേണ്ടി അദ്ദേഹം ഒന്നും തന്നെ ചെയ്തിരുന്നുമില്ല.

ഈ ലളിതവും മറഞ്ഞിരിക്കുന്നതുമായ ജീവിതത്തിലൂടെയാണ് ദൈവം അദ്ദേഹത്തെ വലിയ ദൗത്യത്തിനായി ഒരുക്കിയത്. ഈ കാലഘട്ടത്തിലാണ് അദ്ദേഹം സങ്കീർത്തനങ്ങൾ പഠിക്കുകയും അവയ്ക്ക് തന്റെ ആത്മീയ വ്യാഖ്യാനം വിരചിക്കുകയും ചെയ്തത്. പിന്നീട് ലോകം കേൾക്കുന്ന വലിയ സുവിശേഷ പ്രസംഗകനായി മാറുന്നതിന് ദൈവം തന്നെ ഒരുക്കുകയായിരുന്നുവെന്ന് അന്തോണിയോസുപോലും അന്ന് തിരിച്ചറിഞ്ഞിരുന്നില്ല.

ഒരു പ്രതിഭയുടെ ഉദയം

1222 മാർച്ച് 19-ന് ഫോർലി നഗരത്തിൽ നടന്ന ഡൊമിനിക്കൻ-ഫ്രാൻസിസ്കൻ സന്യാസിമാരുടെ വൈദികപ്പട്ട ശുശ്രൂഷയിൽ പങ്കെടുക്കുന്നതിനായി അന്തോണിയോസിനും അദ്ദേഹത്തിന്റെ ആശ്രമത്തിലെ



സഹോദരന്മാർക്കും ക്ഷണം ലഭിച്ചു. അർത്ഥികളുടെ ബന്ധുക്കളും പ്രദേശത്തെ വിശ്വാസികളും ഉൾപ്പെടെ വലിയൊരു ജനസമൂഹം ഈ പാവന ചടങ്ങിൽ പങ്കെടുകാനായി അവിടെ എത്തിയിരുന്നു. എന്നാൽ അവിടെ വലിയൊരു ആശയക്കുഴപ്പം ഉണ്ടായി: കുർബാന മധ്യേയുള്ള പ്രസംഗം ആരാണ് നടത്തുക? സുവിശേഷ പ്രഘോഷണത്തിൽ പ്രസിദ്ധരായ ഡൊമിനിക്കൻ സന്യാസികൾ തന്നെയാണ് പ്രസംഗം നടത്തുന്നതെന്ന് ഫ്രാൻസിസ്കൻ സഹോദരന്മാർ കരുതി... അവർ തിരിച്ചും. എന്നാൽ ആരും ഇതിനായി ഒരുങ്ങിയിട്ടില്ലെന്ന് എല്ലാവർക്കും മനസ്സിലായി.

ഈ സാഹചര്യത്തിൽ, അവിടെ സന്നിഹിതനായിരുന്ന ഫ്രാൻസിസ്കൻ പ്രൊവിൻഷ്യൽ അന്തോണിയോസിനോട്, അദ്ദേഹത്തിന്റെ എതിർപ്പ് അവഗണിച്ച്, "ദൈവം നിനക്കു നൽകുന്നതുപോലെ സംസാരിക്കൂ" എന്ന് ആവശ്യപ്പെട്ടു. ആ നിമിഷം, വർഷ

www..malankaralibrary.com

ങ്ങളായി മറഞ്ഞുകിടന്നിരുന്ന ഒരു പ്രതിഭ ലോകത്തിന് മുന്നിൽ തെളിഞ്ഞു. അന്തോണിയോസിന്റെ ഉറച്ച ശബ്ദം, ദൈവവചനത്തിലുള്ള ആഴമായ അറിവ്, ലളിതമങ്കിലും ഹൃദയത്തെ ആഴത്തിൽ സ്പർശിക്കുന്ന അവതരണം ഇവ എല്ലാം പ്രസംഗം കേട്ടിരുന്നവരെ വലുതായി സ്വാധീനിച്ചു. അദ്ദേഹത്തിന്റെ വാക്കുകൾ കേവലം ഒരു പ്രസംഗമല്ലായിരുന്നു; അത് ദൈവത്തിന്റെ ജീവനുള്ള വചനമായി ഓരോരുത്തർക്കും അനുഭവപ്പെട്ടു.

ഇങ്ങനെ ഒരു സംഭവം നടന്നില്ലായിരുന്നുവെങ്കിൽ, ഒരുപക്ഷേ അന്തോണിയോസ് എന്ന മഹാനായ സുവിശേഷപ്രസംഗകൻ ലോകത്തിന് മുമ്പിൽ പ്രത്യക്ഷപ്പെടുമായിരുന്നില്ല. എന്നാൽ ദൈവം തന്റെ സമയത്ത്, തന്റേതായ രീതിയിൽ, അദ്ദേഹത്തെ ഉയർത്തി. മുന്നൊരുക്കമില്ലാതെ ഇത്തരത്തിൽ പ്രസംഗിക്കാൻ ഒരാൾക്ക് കഴിയുന്നത്, അദ്ദേഹത്തിൽ പ്രവർത്തിച്ചിരുന്ന ദൈവകൃപയുടെ വ്യക്തമായ അടയാളമായി അവിടെ വന്ന എല്ലാവർക്കും തോന്നി. അങ്ങനെ, അതുവരെ മറഞ്ഞിരുന്ന സന്യാസി ലോകം കേൾക്കുന്ന സുവിശേഷ പ്രസംഗകനായി ഉയർന്നു. അന്തോണിയോസിന്റെ സുവിശേഷപ്രഘോഷണദൗത്യം അന്ന് അവിടെ ആരംഭിച്ചു.

പ്രസംഗകനിൽ നിന്ന് ദൈവശാസ്ത്രജ്ഞനിലേക്ക്

ആരാലും അറിയപ്പെടാതിരുന്ന അന്തോണിയോസ്, ഒറ്റ പ്രസംഗംകൊണ്ട് തന്നെ എല്ലാവരാലും അറിയപ്പെടുന്നവനായി. ഫോർലിയിലെ അത്ഭുതകരമായ ഈ പ്രസംഗം അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു നിർണ്ണായക വഴിത്തിരിവായി മാറി. ഈ സംഭവത്തിനുശേഷം ഫ്രാൻസിസ്കൻ പ്രൊവിൻഷ്യൽ സുപ്പീരിയർ അദ്ദേഹത്തെ തന്റെ പ്രോവിൻസിന്റെ ഔദ്യോഗിക സുവിശേഷപ്രസംഗകനായി നിയമിച്ചു. ഏറെ താമസിയാതെ, അന്തോണിയോസിന്റെ അസാധാരണമായ കഴിവുകളും പ്രസംഗ പാടവവും സംബന്ധിച്ച വാർത്ത ഫ്രാൻസിസ് അസ്സീസിയുടെ ചെവിയിലും എത്തി. തുടർന്ന്, അന്തോണിയോസിന്റെ ഇഷ്ടപ്രകാരം മാത്രമല്ല, മറ്റുള്ളവരുടെ ആവശ്യപ്രകാരവും ഏത് സ്ഥലത്തും, ഏത് സമയത്തും സുവിശേഷം പ്രസംഗിക്കാനുള്ള സ്വാതന്ത്ര്യം ഫ്രാൻസിസ് അദ്ദേഹത്തിന് നൽകി. കൂടാതെ, ദൈവശാസ്ത്രത്തിൽ കൂടുതൽ പഠനങ്ങൾ നടത്തി, അത് സമൂഹത്തിലെ ചെറുപ്പക്കാരായ സന്യാസികൾക്ക് പകർന്നു നൽകാനുള്ള ഉത്തരവാദിത്വവും അദ്ദേഹത്തെ ഏല്പിച്ചു. ഇത് അന്തോണിയോസിന്റെ ജീവിതത്തിലെ ഒരു വലിയ ദൗത്യത്തിന്റെ തുടക്കമായിരുന്നു.



ഫ്രാൻസിസ് അസ്സീസിയുടെ ഭാഗത്തു നിന്നുള്ള ഈ നിയോഗം വളരെ അസാധാരണമായിരുന്നു. കാരണം, വലിയ വിജ്ഞാനം നേടുന്നത് ഒരു സന്യാസിയുടെ ദാരിദ്ര്യ ജീവിതത്തെയും ലാളിത്യത്തെയും ക്ഷയിപ്പിക്കുമെന്ന ആശങ്ക ഫ്രാൻസിസിനുണ്ടായിരുന്നു. വിജ്ഞാനം അഹങ്കാരത്തിലേക്കും ആത്മഗർവ്വിലേക്കും നയിക്കാൻ സാധ്യതയുണ്ടെന്ന ചിന്തയായിരുന്നു അതിന് പിന്നിൽ. ഈ പശ്ചാത്തലത്തിൽ, അന്തോണിയോസിനും തന്റെ പുതിയ ദൗത്യത്തെക്കുറിച്ച് ചില ആശങ്കകൾ ഉണ്ടായിരുന്നു. മിലാൻ പോലുള്ള

www..malankaralibrary.com

വലിയ നഗരങ്ങളിൽ പ്രസംഗിക്കാനായി ക്ഷണിക്കപ്പെടുകയും, തന്റെ വചനങ്ങൾക്കു വലിയ പ്രശംസ ലഭിക്കുകയും ചെയ്തപ്പോൾ, അത് തന്റെ വിനയത്തെയും ലാളിത്യത്തെയും ബാധിക്കുമോ എന്ന ഭയം അദ്ദേഹത്തെ അലട്ടിയിരുന്നു. ഈ സംശയങ്ങൾക്കുള്ള ഉത്തരം തേടിക്കൊണ്ട് അദ്ദേഹം ഫ്രാൻസിസിന് കത്തെഴുതി. അതിന് മറുപടിയായി ഫ്രാൻസിസ് നൽകിയ പ്രോത്സാഹനം അന്തോണിയോസിനു വളരെ നിർണ്ണായകമായിരുന്നു. ദൈവം ഏൽപ്പിച്ച ദൗത്യം വിനയത്തോടെയും ആത്മാർത്ഥതയോടെയും തുടരാൻ അദ്ദേഹം അന്തോണിയോസിനെ പ്രോത്സാഹിപ്പിച്ചു. ഇതുവഴിയായി ഒരു സന്യാസി എന്ന നിലയിൽ അന്തോണിയോസ് തന്റെ വിളിയിൽ കൂടുതൽ ആഴവും ആത്മവിശ്വാസവും നേടി.

വിജ്ഞാനവും വിശുദ്ധിയും നിറഞ്ഞ ജീവിതത്തിന് ഉടമയായ അന്തോണിയോസ്, താൻ പ്രസംഗിക്കുന്ന ഓരോ വചനവും തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ പ്രത്യേക ശ്രദ്ധ പുലർത്തി. അദ്ദേഹത്തിന് പ്രസംഗം വാക്കുകളുടെ മാസ്മരിക കല ആയിരുന്നില്ല; അത് ജീവിതത്തിന്റെ നേർസാക്ഷ്യം ആയിരുന്നു. ഒരിക്കൽ, അദ്ദേഹത്തോടൊപ്പം പോയിരുന്ന ഒരു സന്യാസി, "ഇന്ന് അവിടുന്ന് പ്രസംഗിച്ചില്ലല്ലോ?" എന്ന് ചോദിച്ചപ്പോൾ, അന്തോണിയോസ് നൽകിയ മറുപടി വളരെ പ്രസക്തമാണ്: "നമ്മൾ പ്രസംഗിച്ചുനമ്മുടെ ജീവിതം കൊണ്ട്." തങ്ങളുടെ ലളിതമായ ജീവിതരീതി, വിനയം, പരസ്പര സ്നേഹം, പ്രാർത്ഥന ഇവയെല്ലാം വാക്കുകളേക്കാൾ ശക്തമായ സുവിശേഷ പ്രഘോഷണമാണെന്ന ആശയമാണ് അന്തോണിയോസ് നൽകിയത്. ഇത് ഫ്രാൻസിസ് അസ്സീസിയുടെ ചൈതന്യത്തോടു ചേർന്ന നിലപാടായിരുന്നു: "എപ്പോഴും സുവിശേഷം പ്രസംഗിക്കുക; ആവശ്യമെങ്കിൽ മാത്രം വാക്കുകൾ ഉപയോഗിക്കുക" എന്ന പ്രയോഗം ഇതിൽ നിന്നും ഉണ്ടായതാണ്.

സാവധാനം അന്തോണിയോസ് ഫ്രാൻസിസ്കൻ സന്യാസസമൂഹത്തിന്റെ ആദ്യ ദൈവശാസ്ത്രജ്ഞനായി വളരുകയായിരുന്നു. എന്നാൽ അദ്ദേഹത്തിന് ദൈവശാസ്ത്രം ഒരു ബുദ്ധിപരമായ പ്രകടനം ആയിരുന്നില്ല: അത് ദൈവത്തോടുള്ള അടുത്ത ബന്ധത്തിന്റെ പ്രകാശനം ആയിരുന്നു. ദൈവശാസ്ത്രം അദ്ദേഹത്തിന് ദൈവത്തെ കൂടുതൽ ആഴത്തിൽ അറിയാനും, സഭയെ കൂടുതൽ ശ്രദ്ധയോടെ സേവിക്കാനും സഹായിച്ച ഒരു ആത്മീയ ഉപാധിയായി മാറി. അധികം താമസിയാതെ, അദ്ദേഹത്തിന്റെ സുവിശേഷപ്രഘോഷണ ദൗത്യം ഇറ്റലിയിലും ഫ്രാൻസിലും വ്യാപിച്ചു. വേദവിപരീതങ്ങൾക്കെതിരെ സംസാരിക്കാനായി അദ്ദേഹത്തെ ക്ഷണിച്ചെങ്കിലും, അദ്ദേഹത്തിന്റെ ലക്ഷ്യം ഒരിക്കലും ആരെയെങ്കിലും സംവാദത്തിൽ തോൽപ്പിക്കുക എന്നതായിരുന്നില്ല. മറിച്ച്, ആത്മാക്കളെ ദൈവത്തിലേക്ക് നയിക്കുക, അവരുടെ ഹൃദയങ്ങളെ സത്യത്തിലേക്ക് തുറക്കുക ഇതായിരുന്നു അദ്ദേഹത്തിന്റെ യഥാർത്ഥ ദൗത്യം. വിജ്ഞാനവും വിശുദ്ധിയും ഒന്നിച്ചു ചേർന്നപ്പോൾ, അദ്ദേഹത്തിന്റെ വചനങ്ങൾ വെറും പഠനമല്ല, ജീവിക്കുന്ന സുവിശേഷമായി മാറി.



www..malankaralibrary.com

സുവിശേഷത്തിന്റെ അഗ്നിജ്വാല

ഒരു ദൈവശാസ്ത്രജ്ഞൻ, ഗ്രന്ഥകാരൻ എന്നതിനേക്കാൾ സുവിശേഷപ്രഘോഷകൻ എന്ന നിലയിലാണ് വി. അന്തോണിയോസ് അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ ചുരുക്കം ചില കൃതികൾ തന്നെയും വിരചിതമായിരിക്കുന്നത് പഠനമുറിയിലെ നിശ്ശബ്ദതയിൽ നിന്നല്ല, പിന്നെയോ പ്രസംഗവേദിയിലെ ആത്മീയ പ്രകാശത്തിൽ നിന്നാണ്. 'സുവിശേഷ പ്രസംഗങ്ങൾ' (*Sermones*) എന്ന കൃതിയാണ് വി. അന്തോണിയോസിന്റെ പ്രധാന കൃതി. ഇതിൽ പ്രധാനമായും രണ്ടുതരം പ്രസംഗങ്ങൾ ഉൾപ്പെടുന്നു: 'ഞായറാഴ്ചകളിലെ പ്രസംഗങ്ങൾ' (*Sermones Dominicales*), 'തിരുനാൾ പ്രസംഗങ്ങൾ' (*Sermones in Solemnitatibus*). അന്തോണിയോസിന്റെ പ്രസംഗങ്ങളുടെ സംഗ്രഹം എന്ന നിലയിലേക്ക് ഈ കൃതികളെ ചുരുക്കാനാവില്ല. വളരെ ശ്രദ്ധാപൂർവ്വം



രൂപപ്പെടുത്തിയ ദൈവശാസ്ത്രചിന്തകളുടെ സമാഹാരമാണ് ഇവ. ഫ്രാൻസിസ്ക്കൻ സന്യാസ ആത്മീയതയുടെ ചൈതന്യവും വിശുദ്ധ ഗ്രന്ഥത്തിന്റെ ധ്യാനപരമായ വ്യാഖ്യാനങ്ങളും ഈ ഗ്രന്ഥത്തിന്റെ പ്രത്യേകതയാണ്. ഒരു വേദവാക്യം എടുത്തു, അതിന്റെ നിരവധി അർത്ഥതലങ്ങൾ വിവരിച്ച്,അതിന്റെ ധാർമ്മികവും ആത്മീയവുമായ പ്രാധാന്യം ഒരു സാധാരണ വിശ്വാസിയുടെ ജീവിതവുമായി ബന്ധിപ്പിക്കുന്നതിൽ വി. അന്തോണിയോസിന് പ്രത്യേക കഴിവുണ്ടായിരുന്നു.

ഈ പ്രസംഗങ്ങളിൽ തെളിയുന്നത്, വിശുദ്ധ ഗ്രന്ഥത്തെ ആഴത്തിൽ പഠിച്ച ഒരു ദൈവശാസ്ത്രജ്ഞന്റെ പ്രതിഭയാണ്. സുവിശേഷങ്ങളിൽ നിന്ന് മാത്രമല്ല, പഴയനിയമ ഗ്രന്ഥങ്ങളിൽ നിന്നുമുള്ള നിരവധി ഉദാഹരണങ്ങൾ അദ്ദേഹം തന്റെ പ്രസംഗങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു. കൂടാതെ, വി. അഗസ്തീനോസ്, മഹാനായ ഗ്രിഗറി തുടങ്ങിയ സഭാപിതാക്കന്മാരുടെ ചിന്തകളും അദ്ദേഹം ധാരാളമായി ഉപയോഗിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ അറിവിന്റെ മാത്രം സംവേദനമല്ല, ഒരുവനെ മാനസാന്തരത്തിലേക്ക് നയിക്കാനുള്ളഉപാധികൂടിയാണ്. അതിൽ ധാർമ്മിക നവീകരണത്തിനായുള്ള ആഹ്വാനവും, ദൈവവുമായുള്ള സൗഹൃദം സ്ഥാപിക്കുന്നതിനുള്ള ക്ഷണവുമുണ്ട്.

ഞായർ പ്രസംഗങ്ങളും തിരുനാൾ പ്രഭാഷണങ്ങളും

അന്തോണിയോസിന്റെ 'ഞായറാഴ്ച പ്രസംഗങ്ങൾ' സാധാരണയായി ആ ദിവസത്തെ സുവിശേഷവായനയെ ആസ്പദമാക്കിയവയായിരുന്നു. എന്നാൽ ഇവതന്നെയും വേദഭാഗത്തിന്റെ ലളിതമായ വ്യാഖ്യാനം മാത്രമായിരുന്നില്ല. ശ്രോതാക്കളുടെ ഹൃദയത്തെ ആഴത്തിൽ സ്പർശിക്കും വിധം വചനത്തിന്റെ ആന്തരിക ആത്മീയ അർത്ഥങ്ങളും ജീവിതപ്രസക്തിയും അദ്ദേഹം തുറന്നു കാട്ടി. തിരുനാൾ പ്രസംഗങ്ങൾ ക്രിസ്തുമസ്, ഈസ്റ്റർ, പെന്തക്കോസ്റ്റ്,

www..malankaralibrary.com

വിശുദ്ധന്മാരുടെ തിരുനാളുകൾ എന്നിവയെ ആസ്പദമാക്കി രൂപപ്പെടുത്തിയവയാണ്. ക്രിസ്തുകേന്ദ്രീകൃതവും സഭാകേന്ദ്രീകൃതവുമായ ജീവിതം രൂപപ്പെടുത്തി എടുക്കുന്നതിന് വിശ്വാസികളെ സഹായിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം.

അന്തോണിയോസിന്റെ വ്യാഖ്യാനങ്ങളുടെ പ്രത്യേകത ആലങ്കാരികവും പ്രതീകസമ്പന്നവുമായി വിശുദ്ധ ഗ്രന്ഥത്തെ വിശദീകരിച്ചു എന്നതാണ്. എല്ലാത്തരത്തിലുമുള്ള സൃഷ്ടിയും ദൈവമഹത്വത്തിന്റെ അടയാളങ്ങളാണ്. കൂടാതെ സൃഷ്ടിയിലൂടെ ദൈവത്തെക്കുറിച്ചുള്ള അറിവ് മനുഷ്യന് ലഭിക്കുന്നു. അക്കാലത്തെ ദൈവശാസ്ത്രചിന്തയുടെ ഈ മുഖ്യധാരാ ആശയം വി. അന്തോണിയോസിന്റെയും പ്രസംഗങ്ങളിൽ സജീവമായി കാണുന്നു. ഈ പ്രസംഗങ്ങൾ ബുദ്ധിപരമായ പ്രവൃത്തിയല്ല മനുഷ്യനെ മാനസാന്തരത്തിലേക്കു നയിക്കുന്നതിനുള്ള ഉപാധികളാണ്. ഇത് കേൾക്കുന്നത് വഴി പുണ്യങ്ങളിൽ വളർന്ന് ദൈവവുമായി ആഴത്തിലുള്ള ബന്ധം വളർത്തിയെടുക്കാൻ ഒരുവന് സാധിക്കുന്നു.

നഷ്ടപ്പെട്ടവ കണ്ടെത്തിക്കൊടുക്കുന്ന വിശുദ്ധൻ

കാണാതെ പോയ വസ്തുക്കൾ കണ്ടു കിട്ടുന്നതിന് വേണ്ടി വി. അന്തോണിയോസിന്റെ മധ്യസ്ഥത അപേക്ഷിച്ചു വിശ്വാസികൾ പ്രാർത്ഥിക്കുന്നതിനു പിന്നിൽ അന്തോണിയോസിന്റെ ജീവിതത്തിൽ നടന്ന ഒരു സംഭവമാണ് അടിസ്ഥാനം. ഇറ്റലിയിലെ ബൊളോഞ്ഞയിലെ ആശ്രമത്തിൽ താമസിക്കുന്ന കാലയളവിൽ അന്തോണിയോസിന് വളരെ പ്രിയപ്പെട്ട, പ്രസംഗകുറിപ്പികൾ എഴുതി വച്ചിരുന്ന, സങ്കീർത്തന പുസ്തകം കാണാതായി. ഇത് ആശ്രമജീവിതം ഉപേക്ഷിച്ചു പോകാൻ തീരുമാനമെടുത്ത ഒരു വിദ്യാർത്ഥി മോഷ്ടിച്ചുകൊണ്ടു പോയതായിരുന്നു. അച്ചടി വിദ്യ കണ്ടുപിടിച്ചിട്ടില്ലാത്ത ആ കാലഘട്ടത്തിൽ ഏതു പുസ്തകവും വിലപിടിപ്പുള്ളതായിരുന്നു. ദാരിദ്ര്യവ്രതമെടുത്തിട്ടുള്ള ഒരു സന്യാസിയെ



സംബന്ധിച്ച് പകരം വയ്ക്കാനാവാത്ത അമൂല്യ സമ്പാദ്യമായിരുന്നു ഇത്. അന്തോണിയോസ് പുസ്തകം കണ്ടു കിട്ടുന്നതിനായി തീക്ഷ്ണമായി പ്രാർത്ഥിക്കുകയും തത്ഫലമായി ഈ വിദ്യാർത്ഥി അതുമായി തിരികെയെത്തുകയും, മനസ്താപപ്പെട്ടു വീണ്ടും ആശ്രമത്തിൽ ചേരുന്നതിന് ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. ഈ സംഭവം പിന്നീട് പ്രസിദ്ധിയാർജ്ജിക്കുകയും അന്തോണിയോസിനോട് കാണാതെ പോയ വസ്തുക്കൾക്കായി പ്രാർത്ഥിച്ചാൽ അദ്ദേഹത്തിന് സഹായിക്കാൻ സാധിക്കും എന്ന് വിശ്വാസികൾ ചിന്തിക്കാനും തുടങ്ങി. ഈ പുസ്തകം ഇന്നും ബൊളോഞ്ഞയിലെ ഫ്രാൻസിസ്കൻ ആശ്രമത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് പറയപ്പെടുന്നു.

www..malankaralibrary.com

ചില ഐതീഹങ്ങൾ

അന്തോണിയോസിന്റെ ജീവിതവുമായി ബന്ധപ്പെട്ട് ധാരാളം ഐതീഹങ്ങളും നിലവിലുണ്ട്. അതിൽ രണ്ടെണ്ണം മാത്രം ഇവിടെ കുറിക്കുന്നു. അഡ്രിയാറ്റിക് സമുദ്രതീരത്തുള്ള റിമിനി എന്ന സ്ഥലത്തുള്ള നിരീശ്വരവാദികൾ അന്തോണിയോസിന്റെ സുവിശേഷപ്രഘോണത്തെ നിരാകരിക്കുകയും അദ്ദേഹത്തോട് അവജ്ഞയോടെ പെരുമാറുകയും ചെയ്തു. ക്രിസ്തുവിന്റെ സുവിശേഷം അവർ നിരസിച്ചപ്പോൾ അദ്ദേഹം കടൽത്തീരത്തുപോയി ഏകനായി നിന്നു പ്രസംഗിച്ചു. ഈ അവസരത്തിൽ അദ്ദേഹത്തിന്റെ മുൻപിൽ വലിയൊരു മത്സ്യക്കൂട്ടം പ്രത്യക്ഷപ്പെടുകയും അന്തോണിയോസ് അവയോട് പ്രസംഗിക്കുകയും ചെയ്തു. ഇത് കണ്ട പ്രദേശവാസികൾ മാനസാന്തരപ്പെടുകയും ദൈവത്തിലേക്ക് തിരിയുകയും ചെയ്തുവെന്നതാണ് കഥ.

ഫ്രാൻസിലെ ടുളൂസ് എന്ന സ്ഥലത്തു പ്രസംഗത്തിനായി ചെന്നപ്പോൾ അവിടെയുള്ള അവിശ്വാസികൾ വിശുദ്ധ കുർബാനയിലുള്ള ക്രിസ്തുസാന്നിധ്യം തെളിയിക്കുന്നതിനായി അന്തോണിയോസിനെ വെല്ലുവിളിച്ചു. അന്തോണിയോസിനെ കളിയാക്കിയ ഒരാൾ പട്ടിണിക്കിട്ട ഒരു കഴുതയെ വിശുദ്ധ കുർബാന എഴുന്നള്ളിച്ചുകൊണ്ടുപോയപ്പോൾ അവിടെ കൊണ്ട് വരികയും ആ സമയത്ത് അതിന് തീറ്റ





കൊടുക്കുകയും ചെയ്തു. എന്നാൽ കഴുത തീറ്റ ഉപേക്ഷിച്ചു മുട്ടുകുത്തി നിന്നുവെന്നും അത് അനേകരുടെ വിശ്വാസത്തെ ദൃഢപ്പെടുത്തി എന്നുമാണ് പറയപ്പെടുന്നത്.

അവസാന നാളുകൾ, മരണം, വിശുദ്ധൻ

പാദുവായിലെ വിശുദ്ധ അന്തോണിയോസിന്റെ ജീവിതത്തിന്റെ അവസാനഘട്ടം അദ്ദേഹത്തിന്റെ ആത്മീയ ജീവിതത്തിന്റെ ഔന്നത്യമായിരുന്നു. ഫ്രാൻസിസ്കൻ ആശ്രമത്തിലെ ഉത്തരവാദിത്വങ്ങൾക്കൊപ്പം, അദ്ദേഹം ചിലപ്പോഴൊക്കെ ഫ്രാൻസിലെ മോ പെല്ലിയറിലും ടുളൂസിലുമുള്ള വിദ്യാലയങ്ങളിൽ അധ്യാപനത്തിനും സമയം കണ്ടെത്തി. എന്നാൽ അദ്ദേഹത്തിന്റെ ഏറ്റവും വലിയ കാരിസം സുവിശേഷ പ്രഘോഷണമായിരുന്നു. 1226-ൽ ഫ്രാൻസിലെ ആർലെസിൽ നടന്ന ഫ്രാൻസിസ്ക്കൻ ജനറൽ ചാപ്റ്ററിന് ശേഷം, അദ്ദേഹത്തെ ഇറ്റലിയിലെ വടക്കൻ പ്രോവിൻസിന്റെ മേൽനോട്ടക്കാരനായി അധികാരികൾ നിയമിച്ചു. ഇതോടെ പാദുവ നഗരം അദ്ദേഹത്തിന്റെ പ്രധാന പ്രവർത്തന കേന്ദ്രമായി മാറി. ഒരിക്കൽ ആരും ശ്രദ്ധിക്കാത്ത ഒരു സന്യാസിയായിരുന്ന അന്തോണിയോസ്, പിന്നീട് ജനഹൃദയങ്ങളെ കീഴടക്കുന്ന പ്രബോധകനായി വളർന്നു. 1228-ൽ റോമിൽ

www..malankaralibrary.com

വച്ച് ഗ്രിഗറി ഒൻപതാം മാർപാപ്പ അദ്ദേഹത്തിന്റെ പ്രസംഗം കേട്ടതിന് ശേഷം അന്തോണിയോസിനെ ''വിശുദ്ധഗ്രന്ഥത്തിന്റെ പേടകം'' (Ark of the Scriptures) എന്നാണ് വിശേഷിപ്പിച്ചത്. അദ്ദേഹത്തിന്റെ വചനങ്ങളിൽ ദൈവവചനത്തിന്റെ ആഴവും ആത്മീയ തീക്ഷ്ണതയും നിറഞ്ഞിരുന്നു.

അന്തോണിയോസിന്റെ പ്രസംഗങ്ങൾ കേൾക്കാൻ ആയിരക്കണക്കിന് വിശ്വാസികൾ ഒത്തുചേർന്നിരുന്നു. ചിലപ്പോഴൊക്കെ മുപ്പതിനായിരത്തിലധികം ആളുകൾ വരെ അദ്ദേഹത്തെ കേൾക്കാൻ എത്തിയിരുന്നുവെന്ന് ചരിത്രരേഖകൾ പറയുന്നു. ദേവാലയങ്ങളിൽ ജനങ്ങളെ ഉൾക്കൊള്ളാൻ കഴിയാത്തതിനാൽ, തുറന്ന സ്ഥലങ്ങളിലായിരുന്നു മിക്കപ്പോഴും പ്രസംഗങ്ങൾ നടക്കാറുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ വചനങ്ങൾ ജനങ്ങളുടെ ഹൃദയങ്ങളെ സ്പർശിക്കുകയും പാപികളിൽ മാനസാന്തരം ഉളവാക്കുകയും ചെയ്തു. സമൂഹത്തിലെ അനീതികളെയും അഴിമതികളെയും അദ്ദേഹം ധൈര്യത്തോടെ വിമർശിച്ചു. ഇങ്ങനെ വിശ്രമമില്ലാതെ ജോലിചെയ്തതിനാൽ അദ്ദേഹത്തിന്റെ ആരോഗ്യനില ക്രമേണ ക്ഷയിച്ചു.

1231 ജൂൺ 13-ന്, ഇറ്റലിയിലെ കമ്പോ സാംപിയേരോയിൽ നിന്ന് പാദുവയിലേക്കുള്ള യാത്രയ്ക്കിടയിൽ, തന്റെ മുപ്പത്തഞ്ചാം വയസ്സിൽ അദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞു. ആദ്യം അദ്ദേഹത്തെ





സാന്ത മരിയ മാത്തർ ഡൊമിനി ദേവാലയത്തിൽ അടക്കം ചെയ്തു. അദ്ദേഹത്തിന്റെ മരണസമയത്ത് പാദുവ നഗരത്തിലെ പള്ളിമണികൾ സ്വയം മുഴങ്ങിയെന്ന ഐതീഹ്യം ഇന്നും വിശ്വാസികൾക്കിടയിൽ നിലനിൽക്കുന്നു. പിന്നീട്, അദ്ദേഹത്തിന്റെ ശരീരം പാദുവായിലെ ബസിലിക്കയിലേക്ക് മാറ്റുമ്പോൾ, അനേകരെ ദൈവവചനത്തിലൂടെ നവീകരിച്ച അദ്ദേഹത്തിന്റെ നാവ് ജീർണ്ണതയില്ലാതെ നിലനിന്നതായി കണ്ടെത്തി. ഇന്നും പാദുവായിലെ ബസിലിക്കയിൽ വിശ്വാസികൾക്ക് അത് ദൃശ്യമാണ്.

അന്തോണിയോസിന്റെ വിശുദ്ധി വളരെ വേഗത്തിൽ സഭ അംഗീകരിച്ചു. അദ്ദേഹം അന്തരിച്ചിട്ട് ഒരു വർഷം പൂർത്തിയാകുന്നതിന് മുമ്പേ, 1232-ൽ, ഗ്രിഗറി ഒൻപതാമൻ മാർപാപ്പ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ മധ്യസ്ഥതയിൽ അനേകം അത്ഭുതങ്ങൾ സംഭവിച്ചതും അദ്ദേഹത്തിന്റെ കബറിടം ഒരു വലിയ തീർത്ഥാടനകേന്ദ്രമായി മാറിയതും ഈ തീരുമാനത്തിന് കാരണമായി. പിന്നീട്, അന്തോണിയോസിന്റെ ദൈവശാസ്ത്ര

www..malankaralibrary.com

പരമായ ആഴവും സുവിശേഷപ്രഘോഷണത്തിന്റെ മഹത്വവും പരിഗണിച്ച്, പിയൂസ് പന്ത്രണ്ടാമൻ മാർപാപ്പ 1946 ജനുവരി 16-ന് അദ്ദേഹത്തെ സഭയിലെ വേദപാരംഗതൻ ആയി പ്രഖ്യാപിച്ചു. ഇങ്ങനെ, ജീവിതത്തിലും മരണത്തിലും സുവിശേഷത്തിന്റെ തീപന്തമായി ജ്വലിച്ച അന്തോണിയോസ് ഇന്നും ലോകമെമ്പാടുമുള്ള വിശ്വാസികൾക്ക് പ്രചോദനമായി നിലനിൽക്കുന്നു.

അത്ഭുതങ്ങൾ, തിരുശേഷിപ്പ്, ഭക്തി

വി. അന്തോണിയോസിനോടുള്ള ഭക്തി വളരെവേഗം യൂറോപ്പിലും പിന്നീട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും വ്യാപിച്ചു. കാണാതെപോയ വസ്തുക്കൾ കണ്ടെത്തുന്നതിനുവേണ്ടി മാത്രമല്ല, മനുഷ്യമനസ്സുകളുടെ മനസാന്തരത്തിനും അസാധ്യകാര്യങ്ങൾ സാധ്യമാകുന്നതിനും വിശ്വാസികൾ അദ്ദേഹത്തിന്റെ മധ്യസ്ഥതയിൽ പ്രാർത്ഥിക്കാൻ തുടങ്ങി. വിശ്വാസം നഷ്ടപ്പെട്ടവരും പാപജീവിതത്തിൽ കുടുങ്ങിയവരും അന്തോണിയോസിൽ അഭയം തേടി.



അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ അനേകം അത്ഭുതങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മരണശേഷം അദ്ദേഹത്തിന്റെ കബറിങ്കൽ പ്രാർത്ഥിച്ചവർക്കു ലഭിച്ച അനുഗ്രഹങ്ങൾ അദ്ദേഹത്തിന്റെ വിശുദ്ധിയുടെ ആഴം കൂടുതൽ വിശാലമാക്കി. ഇന്നും അനേകർ അദ്ദേഹത്തിന്റെ മധ്യസ്ഥതയിൽ ആശ്വാസവും കൃപയും അനുഭവിക്കുന്നു. അന്തോണിയോസിന്റെ ചിത്രങ്ങളും രൂപങ്ങളും അദ്ദേഹത്തിന്റെ ജീവിതദൗത്യവും വിശുദ്ധിയും നമ്മെ ഓർമ്മപ്പെടുത്തുന്നു. കൈകളിൽ ഉണ്ണിയേശുവിനെ വഹിച്ചുകൊണ്ട്, ഒരു ഗ്രന്ഥവും ലില്ലിപ്പൂവും കൈയിൽ പിടിച്ചിരിക്കുന്നതാണ് ഏറ്റം പ്രസിദ്ധമായ ചിത്രം. വിശുദ്ധ ഗ്രന്ഥം തിരുവെഴുത്തിനോടും സഭാപ്രബോധനങ്ങളോടും ഉള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയെ സൂചിപ്പിക്കുന്നു. ലില്ലിപ്പൂവ് അന്തോണിയോസിന്റെ നിർമ്മലതയെയും, കൈകളിലുള്ള ഉണ്ണിയേശു ക്രിസ്തുകേന്ദ്രമായ ജീവിതത്തെയും പ്രതിഫലിപ്പിക്കുന്നു.



തലമുറകളിലുള്ള സ്വാധീനം

ഇന്ന് അന്തോണിയോസിനെ അടക്കം ചെയ്തിരിക്കുന്ന ബസിലിക്ക സഭയുടെ ഔദ്യോഗിക എട്ടു അന്തർദേശീയ തീർത്ഥാടന കേന്ദ്രങ്ങളിലൊന്നാണ്. പതിമൂന്നാം നൂറ്റാണ്ടിൽ തന്നെ അവിടെ വലിയൊരു ദേവാലയം നിർമ്മിക്കപ്പെട്ടു; പിന്നീട് പതിനാലും പതിനഞ്ചും നൂറ്റാണ്ടുകളിൽ തീർത്ഥാടകരുടെ ബാഹുല്യം കാരണം അത് വികസിപ്പിക്കുകയും പുതുക്കിപ്പണിയുകയും ചെയ്തു. അന്തോണിയോസിന്റെ നൊവേന പ്രാർത്ഥനകളും മറ്റു ഭക്താഭ്യാസങ്ങളും വ്യാപകമായി

www..malankaralibrary.com

ഉപയോഗത്തിൽ ഉണ്ട്. കൂടാതെ അദ്ദേഹം മരിക്കുന്നതിന് മുൻപായി കമ്പോസാംപിയെറോയിൽ നിന്ന് പാദുവായിലേക്കു നടന്നത് അനുസ്മരിച്ച് ഏകദേശം ഇരുപത്തി അഞ്ച് കിലോമീറ്റർ ദൂരം നടത്തുന്ന തീർത്ഥാടനങ്ങളും ഇന്നും നിലനിൽക്കുന്നു. ഇത് ''അന്തോണിയോസിന്റെ നടത്തം'' അല്ലെങ്കിൽ ''അവസാന നടത്തം'' എന്ന പേരുകളിലാണ് അറിയപ്പെടുന്നത്. ഇറ്റലിയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള അനേകം വിശ്വാസികൾ അദ്ദേഹത്തിന്റെ കബറിടത്തിലേക്കു പദയാത്ര നടത്തി പ്രാർത്ഥിക്കാൻ എത്തുന്നു.

വി. അന്തോണിയോസ് ഇന്നും അത്യന്തം പ്രസക്തിയുള്ള വിശുദ്ധനാണ്. യഥാർത്ഥ ജ്ഞാനവും ആത്മീയബോധവും സമ്പാദിക്കുന്നതിന് നമുക്ക് അദ്ദേഹത്തെ മാതൃകയാക്കാൻ സാധിക്കും. സുവിശേഷം കൃത്യതയോടെയും എളിമയോടെയും അജപാലന ബോധത്തോടെയും പ്രസംഗിക്കപ്പെടണം. യഥാർത്ഥ പ്രസംഗകൻ പ്രാർത്ഥനയുടെ മനുഷ്യനാകണം; വിശുദ്ധിയാണ് അവന്റെ വാക്കുകൾക്ക് ആധികാരികത നൽകുന്നത്. ഒരു വഴി അടയ്ക്കുമ്പോൾ ദൈവം അതിലും മഹത്തായ മറ്റൊരു വഴി തുറക്കുന്നു എന്നതാണ് അദ്ദേഹത്തിന്റെ ജീവിതസാക്ഷ്യം. മതാധ്യാപകർക്കും പുരോഹിതർക്കും പ്രസംഗകർക്കും അദ്ദേഹം വലിയ മാതൃകയാണ്.

ഉപസംഹാരം

ഇന്നും ലോകം മുഴുവനിലുമുള്ള വി. അന്തോണിയോസിന്റെ സ്വാധീനം അദ്ദേഹത്തിന്റെ വിശുദ്ധ ജീവിതത്തിന്റെ ശക്തമായ അടയാളമാണ്. ആധികാരിക ഗ്രന്ഥങ്ങളൊന്നും എഴുതാതെ സഭയിലെ വേദപാരംഗതരുടെ ഗണത്തിൽ ഉൾപ്പെട്ടിരിക്കുന്ന ചുരുക്കം ചില വിശുദ്ധരിൽ ഒരാളാണ് വി. അന്തോണിയോസ്. എന്നാൽ ക്രിസ്തീയ ജീവിതത്തിന്റെ ഹൃദയഭാവം തലമുറകൾക്ക് വെളിപ്പെടുത്തി നൽകിയ വിശുദ്ധനാണ് അദ്ദേഹം. വിശുദ്ധ ഗ്രന്ഥത്തിൽ ആഴമായി വേരൂന്നിയതും, പ്രാർത്ഥനയാൽ പടുത്തുയർത്തിയതും, സാക്ഷ്യജീവിതത്തിന്റെ ഉദാത്ത മാതൃകയുമാണ് അദ്ദേഹത്തിന്റെ ജീവിതം. ക്രിസ്തുവുമായുള്ള സജീവബന്ധത്തിൽ എങ്ങനെ ഒരു വിശ്വാസിക്ക് വളരാൻ സാധിക്കുമെന്ന് തന്റെ വാക്കിലൂടെയും പ്രവർത്തിയിലൂടെയും അന്തോണിയോസ് തലമുറകളെ പഠിപ്പിച്ചു. എളിമയിലൂടെയും പ്രാർത്ഥനയിലൂടെയും മാത്രമേ നമ്മുടെ ബൗദ്ധിക മികവുകൾ അനുഗ്രഹത്തിനുള്ള വഴികളാകൂ എന്ന് അദ്ദേഹം കാണിച്ചു



തരുന്നു. ഭൗതിക ജ്ഞാനവും വിശുദ്ധിയും ഒരുവനിൽ സംഗമിക്കുമ്പോൾ സുവിശേഷ പ്രഘോഷണം എത്രമാത്രം ഫലദായകമാവുന്നു എന്നതിന്റെ ഉദാഹരണമാണ് വി. അന്തോണിയോസ്. ക്രിസ്തുവിന്റെ സുവിശേഷം വ്യക്തതയോടും കരുണയോടും ആത്മവിശ്വാസത്തോടും അനേകരിൽ എത്തിക്കേണ്ടുന്ന ദൗത്യം എല്ലാ വിശ്വാസികളുടേതുമാണെന്ന് അദ്ദേഹം നമ്മെ ഓർമ്മിപ്പിക്കുന്നു. വിശുദ്ധ ഗ്രന്ഥത്തിൽ അടിസ്ഥാനപ്പെടുത്തി മനുഷ്യജീവിതത്തിന്റെ നിത്യാനുഭവങ്ങളുമായി ബന്ധിപ്പിച്ചു സുവിശേഷം വ്യാഖ്യാനിക്കുന്നതിനു വി. അന്തോണിയോസ് നമുക്ക് മാതൃകയാണ്. പൂർണ്ണമായ സമർപ്പണം നമ്മുടെ ആത്മീയ ജീവിതത്തിന്റെ അടിസ്ഥാനമാവുമ്പോൾ നമ്മുടെ പരിമിതികളിലൂടെയും ദൈവം പ്രവർത്തിച്ചുകൊണ്ടേയിരിക്കും. ക്രിസ്തുവിന് പൂർണ്ണമായി സമർപ്പിക്കപ്പെട്ട ഒരു ജീവിതം കാലത്തെയും ദേശത്തെയും അതിലംഘിക്കുന്ന സ്വാധീനം ലോകത്തിൽ ഉരുവാക്കുവാൻ സാധിക്കും. ക്രിസ്തുവിനെ ആഴത്തിൽ അറിയാനും സ്നേഹിക്കാനും അനുധാവനം ചെയ്യാനും അതുവഴി സുവിശേഷത്തിന്റെ പ്രകാശം അനേകം ഹൃദയങ്ങളിൽ എത്തിക്കാനും വി. അന്തോണിയോസ് തന്റെ ജീവിതം വഴി നമ്മോടും ആവശ്യപ്പെടുന്നു.

www.malankaralibrary.com



ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം മാറ്റിവരയ്ക്കാൻ ശ്രമിക്കുമ്പോൾ

ബോബി ഏബ്രഹാം

ഇന്ത്യ, ഭാരതം എന്നൊക്കെ പഴയകാലം മുതൽ അറിയപ്പെട്ടിരുന്നെങ്കിലും ഈ ഉപഭൂഖണ്ഡം ഒരു രാജ്യമായി മാറിയത് സ്വാതന്ത്ര്യപ്രാപ്തിക്കുശേഷമാണ്. അതുവരെ അത് സ്വതന്ത്ര നാട്ടുരാജ്യങ്ങളും ബ്രിട്ടൻ ഉൾപ്പെടെയുള്ള പാശ്ചാത്യശക്തികളുടെ കീഴിലുള്ള പ്രദേശങ്ങളും ഒക്കെ ഉൾപ്പെടുന്ന ഒരു ഭൂവിഭാഗമായിരുന്നു. അതുകൊണ്ടാണ് ബ്രിട്ടീഷുകാർ ഇന്ത്യ വിടുമ്പോൾ ബ്രിട്ടീഷ് ഇന്ത്യ ഒഴിച്ചുള്ള നാട്ടുരാജ്യങ്ങൾക്ക് ഇന്ത്യയിലോ പാക്കിസ്ഥാനിലോ ചേരാമെന്നു പറഞ്ഞത്. ജനങ്ങളുടെ ഇച്ഛയ്ക്കെതിരായി പാക്കിസ്ഥാനിൽ ചേരാൻ ശ്രമിച്ച ഹൈദരാബാദ് നൈസാമിനെ മറികടക്കാൻ ഇന്ത്യക്കു കഴിഞ്ഞത് ഇന്ത്യ എന്ന വികാരം ജ്വലിപ്പിക്കാൻ കഴിഞ്ഞതുകൊണ്ടാഉയകണ്. സ്വതന്ത്ര തിരുവിതാംകൂർ എന്ന ആശയത്തെ മുളയിലേ നുള്ളിയ തിരുവിതാംകൂർ ജനതയും ഉയർത്തിപ്പിടിച്ചത് ഇന്ത്യ എന്ന വികാരത്തെയാണ്. അതിന് അവർ തയാറായത് പാശ്ചാത്യ അധിനിവേശ ശക്തികൾക്കെതിരായി മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ നടത്തിയ സ്വാതന്ത്ര്യ സമരത്തിൽ നിന്ന് ആവേശം ഉൾക്കൊണ്ടും ദേശീയതയെന്ന വികാരം ഉയർത്തിപ്പിടിച്ചും ആണ്. നാനാത്വത്തിൽ വൈവിധ്യം എന്ന ആശയത്തെയും എല്ലാവരെയും ഒരുപോലെ പരിഗണിക്കുന്ന പുതിയ ഭാരതം എന്ന വാക്കും ഉൾക്കൊണ്ടാണ് വിവിധ നാട്ടുരാജ്യങ്ങൾ സ്വമേധയാ ഇന്ത്യൻ യൂണിയനിൽ അംഗമായത്. ഓരോ പ്രദേശവും അവരുടെ സാംസ്കാരികത്തനിമയും ഭാഷയും മതപരമായ സ്വാതന്ത്ര്യവും ഭക്ഷണ സംസ്കാരവും എല്ലാം നിലനിർത്താനാകുമെന്ന് അവർക്ക് ഉറപ്പുണ്ടായിരുന്നു. നെഹറു, പട്ടേൽ തുടങ്ങിയ നേതാക്കൾ നൽകിയ വാക്കിൽ അത്രയേറെ വിശ്വാസമായിരുന്നു അവർക്ക്. അംബേദ്കറുടെ നേതൃത്തിൽ തയാറാക്കിയ ഭരണഘടനയിലും ഈ ആശയങ്ങളെല്ലാം ഉൾക്കൊണ്ടു. കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ നടന്ന ചർച്ചകളും മേൽപറഞ്ഞ ഉറപ്പുകളെ സാധൂകരിക്കുന്നതായിരുന്നു.

ഇന്ത്യക്കൊപ്പം സ്വാതന്ത്ര്യം നേടിയ പാക്കിസ്ഥാൻ എല്ലാ ജനാധിപത്യമൂല്യങ്ങളും കാറ്റിൽപ്പറത്തുകയും മതരാഷ്ട്രത്തിന്റെ രൂപഭാവങ്ങൾ ആർജിക്കുകയും ചെയ്തതിന്റെ പരിണിതഫലമായി നാശത്തിന്റെ പടുകുഴിയിലെത്തിനിൽക്കുന്നു. എന്നാൽ രാഷ്ട്രനിർമാതാക്കൾ പുലർത്തിയ ദീർഘവീക്ഷണവും എല്ലാവരെയും ഉൾക്കൊള്ളുകയും എല്ലാവരെയും ബഹുമാനിക്കുകയും ചെയ്യുന്ന സമീപനവും മൂലം ഇന്ത്യ ഇന്നും ഇന്ത്യയായി നിലനിൽക്കുന്നു. ജാതി മതവർഗ ഭിന്നതകൾക്കപ്പുറം ഇന്ത്യയെന്ന ഏകവികാരം സൃഷ്ടിക്കാൻ കഴിഞ്ഞത് അങ്ങനെയാണ്. എന്നാൽ ഈ മൂല്യങ്ങളെല്ലാം തകർക്കുന്ന മട്ടിലാണ് ഇപ്പോൾ കാര്യങ്ങളുടെ പോക്ക്.

പൗരത്വ നിയമത്തിലൂടെ ചില വിഭാഗങ്ങളെ അന്യവത്കരിക്കാൻ ശ്രമിക്കുന്നു എന്ന ആശങ്ക രാജ്യമെങ്ങും ഉയർന്നിരുന്നു.

പിന്നാലെ ഹിന്ദി അടിച്ചേൽപിക്കാനുള്ള മറ്റൊരു ശ്രമവും ഉണ്ടായി. ഇതിനൊക്കെ എതിരെ വലിയ എതിർപ്പ് ഉയർന്നുവന്നു. ഒരു രാജ്യം, ഒരു ഭാഷ തുടങ്ങി പലതും നടപ്പാക്കുന്നതിലൂടെ സാംസ്കാരിക വൈവിധ്യം ഇല്ലാതാകുമെന്ന ആശങ്ക ഉയർന്നിരുന്നു. ദക്ഷിണേന്ത്യയിൽ ഈ ആശങ്ക അതിശക്തമായിരുന്നു. ഇത്തരം ഏകപക്ഷീയ നീക്കങ്ങളുടെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമായിരുന്നു വനിതാ സംവരണത്തിന്റെ മറവിൽ കൊണ്ടുവരാൻ ശ്രമിച്ച ഡീ ലിമിറ്റേഷൻ ബിൽ അഥവാ ലോക്സഭയിലും മറ്റും സീറ്റ് വർധിപ്പിക്കാനുള്ള നീക്കം. നാലു സംസ്ഥാനങ്ങളിൽ നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്നതിനിടെ നാടകീയമായി നടത്തിയ ഈ നീക്കത്തിന്റെ യഥാർഥ ലക്ഷ്യം എന്തെന്ന കാര്യത്തിൽ ഇപ്പോഴും വ്യക്തതയായിട്ടില്ല. നിലവിൽ ലോക്സഭയിൽ 543 സീറ്റ് ആണുള്ളത്. നേരത്തേ പാർലമെന്റ് പാസാക്കിയ വനിതാ സംവരണ നിയമം പ്രാബല്യത്തിലാക്കുകയാണെങ്കിൽ 543 സീറ്റിന്റെ 33 ശതമാനം വനിതകൾക്കായി നീക്കിവയ്ക്കാമായിരുന്നു. എന്നാൽ നിയമം പാസാക്കി മൂന്നുവർഷം കഴിഞ്ഞിട്ടും വിജ്ഞാപനം ചെയ്യുകയോ ചട്ടം രൂപീകരിക്കുകയോ ചെയ്യാതെ സീറ്റ് വർധിപ്പിച്ച് വനിതകളുടെ എണ്ണം കൂട്ടാനുള്ള നീക്കത്തിലായിരുന്നു അപകടം. മൊത്തം സീറ്റുകളുടെ എണ്ണം 850 ആക്കാനായിരുന്നു നീക്കം. സംസ്ഥാനങ്ങൾക്കായി 815 സീറ്റും കേന്ദ്രഭരണ പ്രദേശങ്ങൾക്കായി 35 സീറ്റുമാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നത്. എല്ലാ സംസ്ഥാനങ്ങളിലും നിലവിലുള്ള സീറ്റുകളുടെ എണ്ണം 50 ശതമാനം വർധിപ്പിക്കുമെന്ന് വാക്കാൽ പറഞ്ഞെങ്കിലും അത് ലോക്സഭയിൽ അവതരിപ്പിച്ച ബില്ലിൽ ഉണ്ടായിരുന്നില്ല.

ഡീലിമിറ്റേഷൻ സങ്കീർണമായ വിഷയമാണ്. രാജ്യത്തെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ സീറ്റുകൾ പുനർവിഭജിക്കാനുള്ള നീക്കത്തിൽ അനീതിയുണ്ടെന്ന അഭിപ്രായം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കുണ്ട്. രാജ്യത്ത് കൊണ്ടുവന്ന ജനസംഖ്യാ നിയന്ത്രണ പദ്ധതിയോട് ക്രിയാത്മകമായി സഹകരിച്ചവരാണ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ. കേരളത്തിൽ പല ജില്ലകളിലും ജനസംഖ്യയുടെ കാര്യത്തിൽ നെഗറ്റീവ് ഗ്രോത്ത് ആണെന്നു കാണാം. ഇതേസമയം ജനസംഖ്യാ നിയന്ത്രണ പദ്ധതികളൊന്നും രാജ്യത്തിന്റെ പല ഭാഗങ്ങളിലും കാര്യക്ഷമമായി നടപ്പാക്കിയിരുന്നില്ല. മണ്ഡല പുനർനിർണയം വരുമ്പോൾ ജനസംഖ്യാ നിയന്ത്രണം നടപ്പാക്കിയ സംസ്ഥാനങ്ങൾക്ക് വൻ തിരിച്ചടി ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല.ലോക്സഭയിൽ ആഭ്യന്തര മന്ത്രി അമിത് ഷാ അവതരിപ്പിച്ച ബിൽ അനുസരിച്ചാണെങ്കിൽ സീറ്റ് 850 ആയി വർധിക്കുമ്പോൾ ഏറ്റവും ഗുണമുണ്ടാവുക ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾക്കാവുമായിരുന്നു.

2014ൽ അധികാരമേറുമ്പോൾ ബിജെപി പറഞ്ഞത് ഇനി 25 വർഷം ഞങ്ങൾ ഭരിക്കുമെന്നായിരുന്നു. അതിനുള്ള പദ്ധതികളാണ് അന്നുമുതൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പൗരത്വ ബിൽ, എസ്ഐആർ, അതിനു പിന്നാലെ മണ്ഡല പുനർനിർണയവും. വോട്ടർ പട്ടിക പരിഷ്കരണം മുമ്പും നടന്നിട്ടുണ്ട്. പക്ഷേ ഇതുപോലെ വൻതോതിൽ വോട്ടർമാരെ വെട്ടിമാറ്റുന്ന പരിഷ്കരണമായിരുന്നില്ല അതൊന്നും. ഇത്തവണ ഇലക്ഷൻ കമ്മിഷൻ നേരിട്ട് രാഷ്ട്രീയക്കളത്തിലിറങ്ങുന്നതുപോലെയുള്ള അനുഭവമായിരുന്നു. ബംഗാളിലും മറ്റും നിലവിലുള്ള വോട്ടർമാരുടെ 11 ശതമാനത്തോളം വെട്ടിമാറ്റപ്പെട്ടു. കോടതിയിൽ നിന്നു പോലും അവർക്ക് നീതി കിട്ടിയെന്നു പറയാനാവില്ല. ഇത്തവണ അവരിൽ ബഹുഭൂരിപക്ഷത്തിനും ജനാധിപത്യ പ്രക്രിയയിൽ പങ്കെടുക്കാനുള്ള അവസരം നിഷേധിക്കപ്പെട്ടു.

വനിതാ സംവരണത്തിന്റെ മറവിൽ കൊണ്ടുവരാൻ ശ്രമിച്ച മണ്ഡല പുനർവിഭജന നീക്കവും അധികാരത്തിൽ തുടരാനുള്ള മറ്റൊരു നീക്കമായിരുന്നു. ഈ നീക്കം നടപ്പായിരുന്നെങ്കിൽ ഉത്തർപ്രദേശിൽ മാത്രം വർധിക്കുമായിരുന്നത് 40 സീറ്റ് ആണ്. ബിഹാറിലും കേന്ദ്രഭരണ പ്രദേശമായ ഡൽഹിയിലും വൻതോതിൽ സീറ്റ് വർധന

www..malankaralibrary.com

ഉണ്ടാകും. ഉത്തർപ്രദേശ്, ബിഹാർ, മധ്യ പ്രദേശ്, മഹാരാഷ്ട്ര പോലെയുള്ള വൻ സംസ്ഥാനങ്ങൾ പിടിച്ചടക്കിയാൽ മാത്രം രാജ്യഭരണം ദീർഘകാലത്തേക്ക് കൈപ്പിടിയിലൊതുക്കാനുള്ള അത്യുഗ്രൻ പദ്ധതിയായിരുന്നു കൊണ്ടുവന്നത്.

നാലു സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പ് നടക്കുമ്പോൾ ഈ പദ്ധതി കൊണ്ടുവരാൻ എന്തുകൊണ്ടു ബിജെപി ശ്രമിച്ചു.

1. തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ എതിർക്കാൻ പ്രതിപക്ഷത്തിനാവില്ലെന്ന് ബിജെപി കണക്കുകൂട്ടിയിട്ടുണ്ടാവണം.

2. യുപിയിലും മറ്റും വൻതോതിൽ സീറ്റ് വർധിക്കുമെന്നതിനാൽ അഖിലേഷ് യാദവിനെപ്പോലുള്ളവരുടെ പിന്തുണ കിട്ടുമെന്ന് കരുതിയിട്ടുണ്ടാവാം.

3. ബിൽ പരാജയപ്പെട്ടാലും പ്രതിപക്ഷം വനിതാ സംവരണത്തിന് എതിരാണെന്ന പ്രചാരണം അഴിച്ചുവിടാമെന്നു ചിന്തിച്ചിട്ടുണ്ടാവും.

മൂന്നാമത്തെ കാരണമാണ് കുറേക്കൂടി ഉചിതമായി തോന്നുന്നത്. പക്ഷേ, പ്രതിപക്ഷം ആ കെണിയിൽ വീണില്ല. 543 സീറ്റിൽ സംവരണം കൊണ്ടുവന്നാൽ അപ്പോൾ തന്നെ അനുകൂലിക്കാം എന്ന തിരിച്ചടി സർക്കാർ പ്രതീക്ഷിച്ചിട്ടുണ്ടാവില്ല. സഭയിൽ പ്രതിപക്ഷം ഒറ്റക്കെട്ടായി നിന്നു. പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ പ്രസംഗം അതിശക്തമായിരുന്നു. നിങ്ങളല്ല ഇന്ത്യ, നിങ്ങളല്ല പട്ടാളം എന്ന ശക്തമായ വാക്കുകൾ പ്രതിപക്ഷത്തിന് ഊർജം പകർന്നു. ബിൽ സഭയിൽ പരാജയപ്പെട്ടു. സമഗ്രാധിപത്യത്തിനുവേണ്ടിയുള്ള ബഹുമുഖ ശ്രമങ്ങൾക്കേറ്റ ഏറ്റവും കഠിനമായ പ്രഹരമായി ഈ വോട്ടെടുപ്പുതോൽവിയെ വിലയിരുത്തുന്നവരുണ്ട്. വനിതാസംവരണവും മണ്ഡലപുനർനിർണയവും സംബന്ധിച്ച വ്യവസ്ഥകളിൽ സംസ്ഥാനങ്ങളോടും പ്രതിപക്ഷത്തോടും വേണ്ടത്ര കൂടിയാലോചനകൾ വേണ്ടിയിരുന്നില്ലേ എന്ന ചോദ്യം ഉയരുന്നുണ്ട്.

വനിതാസംവരണത്തിനു തങ്ങൾ അനുകൂലമാണെന്നും എന്നാൽ അതിന്റെ മറവിൽ മണ്ഡലപുനർനിർണയത്തിനുള്ള നീക്കത്തെയാണ് എതിർക്കുന്നതെന്നും പ്രതിപക്ഷം വ്യക്തമാക്കിയിട്ടും ബിൽ മാറ്റിവയ്ക്കാൻ മോദി സർക്കാർ തയാറാകാതിരുന്നതു സംശയങ്ങൾ വർധിപ്പിച്ചു. പ്രതിപക്ഷം ഒറ്റക്കെട്ടായി നിലയുറപ്പിച്ചാൽ ബിൽ ലോക്സഭയിൽ പരാജയപ്പെടുമെന്നറിഞ്ഞിട്ടും അതുമായി മുന്നോട്ടുപോകാനായിരുന്നു സർക്കാർ തീരുമാനം.



ദക്ഷിണേന്ത്യൻ, വടക്കുകിഴക്കൻ സംസ്ഥാനങ്ങളുടെയും ചെറുസംസ്ഥാനങ്ങളുടെയും പ്രാതിനിധ്യം എടുത്തുകളഞ്ഞ്, രാജ്യത്തിന്റെ തിരഞ്ഞെടുപ്പുഭൂപടം മാറ്റിയെഴുതാൻ ലക്ഷ്യമിടുന്ന ബില്ലുകൾ രാജ്യവിരുദ്ധമാണെന്നാണ് പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി ലോക്സഭയിൽ ആരോപിച്ചത്. 2011ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ മണ്ഡല പുനർനിർണയം നടത്തുന്നത് ജാതി സെൻസസിൽനിന്ന് ഒളിച്ചോടാനുള്ള സർക്കാർ അജൻഡയുടെ ഭാഗമാണെന്ന വാദവും പ്രതിപക്ഷം ഉയർത്തി.

വനിതാസംവരണം മറയാക്കി ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾക്ക് അതിയായ പ്രാതിനിധ്യം ഉറപ്പാക്കാനാണു സർക്കാർ ശ്രമിച്ചത്.

ഹിന്ദി ഹൃദയഭൂമിയിൽ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ സീറ്റ് വർധിപ്പിച്ച് മണ്ഡല പുനർനിർണയം നടപ്പാക്കുമ്പോൾ, ഫലത്തിൽ രാഷ്ട്രീയസ്വാധീനങ്ങളുടെ ഉൾപ്പെടെ സ്വഭാവം മാറും. നിയമനിർമാണങ്ങളെയും അതു ബാധിക്കും. അതുകൊണ്ടുതന്നെ, ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ ആശങ്ക തികച്ചും പ്രസക്തമാണ്. ബിൽ തൽക്കാലം പരാജയപ്പെട്ടെങ്കിലും ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം മാറ്റാനുള്ള നീക്കം അങ്ങനെയങ്ങ് ഉപേക്ഷിക്കപ്പെടുമെന്നു തോന്നുന്നില്ല. അതിലും ഉപരിയായി ഇന്ത്യയിലെ ജനങ്ങളുടെ മനസ്സിൽ വലിയൊരു വിഭജനം കൊടിയേറുന്നു എന്നതാണ് ഏറ്റവും അപകടകരം. നാനാത്വത്തിലെ ഏകത്വം എന്ന ആശയത്തിൽ രൂപപ്പെട്ട ഇന്ത്യ എന്നും ഒറ്റക്കെട്ടായി നിൽക്കേണ്ടതാണ്. അവിടെ തമിഴന് തമിഴനായി നിൽക്കാനാവണം. തിരുക്കുറളിലെ ചിന്തകൾ അവർക്ക് വിലപ്പെട്ടതാണ്. തമിഴ് ഭാഷ അവർക്ക് ഏറ്റവും പ്രിയപ്പെട്ടതാണ്. ഓരോ പ്രദേശങ്ങൾക്കും അങ്ങനെ തന്നെയാണ്. പക്ഷേ ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം മാറ്റിവരയ്ക്കുമ്പോൾ, സാംസ്കാരിക അധിനിവേശം അടിച്ചേൽപിക്കപ്പെടുമ്പോൾ നഷ്ടമാവുക ഓരോ സമൂഹത്തിന്റെയും സ്വത്വമാണ്. ഡൽഹിയിൽ ഇരിക്കുന്നവർക്ക് അതു മനസ്സിലാകണമെന്നില്ല.

വിഭജിച്ചു ഭരിക്കുക എന്നത് ബ്രിട്ടീഷുകാരുടെ നയമായിരുന്നു. അതേ നയം തന്നെ രാജ്യം ഭരിക്കുന്ന കക്ഷി സ്വീകരിക്കുമ്പോൾ ജനങ്ങളുടെ വിശ്വാസം ആണ് നഷ്ടപ്പെടുന്നത്. തങ്ങളാണ് ഇന്ത്യ, തങ്ങൾ മാത്രമാണ് ഇന്ത്യ, തങ്ങളാണ് സൈന്യം, തങ്ങൾ മാത്രമാണ് രാജ്യസ്നേഹികൾ എന്ന ധാരണ സൃഷ്ടിക്കാൻ ചിലർ ശ്രമിക്കുമ്പോൾ ശക്തമായ തിരിച്ചടി രാജ്യത്തിനകത്തുനിന്നു തന്നെ ഉയർന്നുവരുന്നുണ്ട് എന്നത് ആശ്വാസകരമാണ്.

മേമ്പൊടി

വനിതാ ബിൽ എന്ന മൂടുപടം ഇട്ട മണ്ഡല പുനർ നിർണയ ബിൽ പരാജയപ്പെട്ടതിനു പിന്നാലെ പ്രധാനമന്ത്രി നരേന്ദ്ര മോദി ദൂരദർശനിലൂടെ രാഷ്ട്രത്തോടായി നടത്തിയ പ്രസംഗം തീർത്തും രാഷ്ട്രീയ പ്രസംഗമായിരുന്നു. തിരഞ്ഞെടുപ്പ് നടക്കുന്ന സമയത്ത് നടത്തിയ ഈ പ്രസംഗം തിരഞ്ഞെടുപ്പ് ചട്ടങ്ങളുടെ ലംഘനമാണെന്നു ചൂണ്ടിക്കാട്ടി ഒട്ടേറെ പരാതികളാണ് പ്രതിപക്ഷ നേതാക്കളുൾപ്പെടെ നൽകിയത്. എന്നാൽ ഇലക്ഷൻ കമ്മിഷൻ അറിഞ്ഞ മട്ടില്ല. പക്ഷേ നരേന്ദ്ര മോദിക്കെതിരെ കോൺഗ്രസ് പ്രസിഡന്റ് മല്ലികാർജുൻ ഖാർഗേ നടത്തിയ പരാമർശം കമ്മിഷൻ അറിയുകയും ഉടൻ വിശദീകരണം ചോദിക്കുകയും ചെയ്തു. ആരും കമ്മിഷന്റെ നിഷ്പക്ഷതയെ സംശയിക്കരുത്. ഏതായാലും ചീഫ് ഇലക്ഷൻ കമ്മിഷണറെ ഇംപീച്ച് ചെയ്യാൻ വീണ്ടും ശ്രമം തുടങ്ങിയിട്ടുണ്ട്. പാവങ്ങൾ എന്തറിയുന്നു. ഈ നാടകം ഒക്കെ കേന്ദ്രത്തിൽ നടക്കുമ്പോൾ കേരളത്തിൽ കോൺഗ്രസുകാർ മുഖ്യമന്ത്രിയെ നിശ്ചയിക്കാനുള്ള ഓട്ടത്തിലാണ്. 2021ൽ മന്ത്രിസഭവരെ രൂപീകരിച്ചതായിരുന്നു. പക്ഷേ വോട്ടെണ്ണിയപ്പോൾ പണി പാളി. മേയ് നാലുവരെ സമയമുണ്ട് എന്നുപോലും ഓർക്കാതെ എല്ലാവരും മുഖ്യമന്ത്രിക്കുപ്പായം തുന്നിച്ച് ഇരിക്കുകയാണ്. ഇവരുടെയൊക്കെ തലയിൽ എന്നാണ് വെളിച്ചം ഉദിക്കുക എന്നേ അറിയാതുള്ളു. വെറുതേ നാട്ടുകാരെക്കൊണ്ടു പറയിപ്പിക്കാൻ കുറേയെണ്ണം. അല്ലാതെന്തു പറയാൻ!



www..malankaralibrary.com



റവ. ഡോ. തോമസ് പ്രമോദ് ഒ.ഐ.സി.

ശ്റോഗോ ദ് ഉറ്ഹോ (വഴിവിളക്ക്)

മാമോദീസ

(തുടർച്ച)

ഇന്ന് നാം ഉപയോഗിക്കുന്ന മാമോദീസാ ക്രമം അന്ത്യോഖ്യയിലെ പാത്രിയർക്കീസ് ആയിരുന്ന സേവേറിയൂസിൻറെ പേരിലാണ് അറിയപ്പെടുന്നത്. ഇതിൻറെ കൈയ്യെഴുത്ത് പ്രതികളെക്കുറിച്ചുള്ള പഠനത്തിൻറെ വെളിച്ചത്തിൽ ഈ ആരാധനക്രമം ആദ്യമായി ഗ്രീക്ക് ഭാഷയിൽ എഴുതപ്പെടുകയും പിന്നീട് സുറിയാനി ഭാഷയിലേക്ക് എഡേസ്സയിലെ യാക്കോബ് തർജ്ജിമ ചെയ്യുകയും ചെയ്തു. ഇന്ന് നാം ഉപയോഗിക്കുന്നത് പതിമൂന്നാം നൂറ്റാണ്ടിൽ ഗ്രിഗോറിയോസ് മാർ ഹെബ്രയൂസ് ചിട്ടപ്പെടുത്തിയ ശുശ്രൂഷ ക്രമമാണ്.

മാമോദീസ എന്ന കൂദാശയുടെ ദൈവശാസ്ത്രം അതിൻറെ ആരാധനക്രമത്തിൽ അധിഷ്ഠിതമാണ്. ഈ ശുശ്രൂഷ ക്രമം നിരവധി പ്രക്രിയകളിലൂടെ കടന്നുപോയിട്ടുണ്ട്. ഒട്ടനവധി പ്രാർത്ഥന ക്രമങ്ങളും അനുഷ്ഠാനങ്ങളും കൂട്ടിയോജിപ്പിക്കുകയും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. മറ്റ് ആരാധനാ പാരമ്പര്യങ്ങളിൽ നിന്നും പലതും ഈ ആരാധന ക്രമം സ്വീകരിച്ചിട്ടുമുണ്ട്. ഇതിൻറെ വികസനത്തിൻറെ കാലഘട്ടത്തിൽ മൗലികം (essential) ആയിട്ടുള്ള കാര്യങ്ങൾ മാറ്റമില്ലാതെ അഭംഗുരം നിലനിർത്തിയിട്ടുണ്ട്. എന്നാൽ അനുബന്ധമായ (accessories) കാര്യങ്ങൾ- ഉദാഹരത്തിന് പല വായനകൾ- മാറ്റത്തിന് വിധേയമായിട്ടുണ്ട്. ഈ കൂദാശയിലെ പ്രാർത്ഥനകളും അടയാളങ്ങളും മാമോദീസയുടെ ദൈവശാസ്ത്രം വിവരിക്കുന്നു. അടയാളങ്ങളുടെ വ്യാഖ്യാനത്തിന് ദൃഷ്ടന്തപരമായ ശൈലി പ്രയുക്തമാക്കുന്നുണ്ട്. ആയതിനാൽ വിത്യസ്തമായ വ്യാഖ്യാനങ്ങൾ ലഭ്യമാണ്.

മാമോദീസ എന്ന കൂദാശയുടെ അനിവാര്യത

1. രണ്ടാം ജനനം (Spiritual Rebirth)

മാമോദീസയെ ഒരു 'രണ്ടാം ജനനം'

www..malankaralibrary.com

ആയിട്ടാണ് സുറിയാനി പിതാക്കന്മാർ കാണുന്നത്. വെള്ളത്തിൽ മുങ്ങുന്നത് പഴയ മനുഷ്യന്റെ മരണത്തെയും, വെള്ളത്തിൽ നിന്ന് ഉയരുന്നത് ക്രിസ്തുവിനോടൊപ്പമുള്ള പുതിയ മനുഷ്യന്റെ പുനരുത്ഥാനത്തെയും സൂചിപ്പിക്കുന്നു. അതിനാൽ മാമ്മോദീസ തൊട്ടിയെ (Baptismal Font) ഒരേസമയം 'കല്ലറ'യായും (tomb) 'ഗർഭപാത്രം' (womb) ആയും ദൈവശാസ്ത്രം വിശേഷിപ്പിക്കുന്നു.

2. ദൈവപുത്രത്വം (Divine Adoption)

മാമോദീസയിലൂടെ ഒരാൾ ദൈവത്തിന്റെ മകനോ മകളോ ആയി ദത്തെടുക്കപ്പെടുന്നു. ആയതിനാൽ സുറിയാനി പ്രാർത്ഥനകളിൽ ഇതിനെ 'പുത്രസ്വീകാരത്തിന്റെ കൂദാശ' എന്ന് വിളിക്കുന്നു. ഇതുവഴി വിശ്വാസിക്ക് ദൈവത്തെ 'അബ്ബാ, പിതാവേ' എന്ന് വിളിക്കാനുള്ള അധികാരം ലഭിക്കുന്നു. ഈ കൂദാശാ സ്വീകരണം വഴി വ്യക്തി ദൈവത്തിന്റെ സ്വന്തമാകുന്നു. പുത്രൻ അഥവ പുത്രിയ്ക്കടുത്ത എല്ലാ നൽവരങ്ങൾക്കും അർഹത പ്രാപിക്കുന്നു.

3. പ്രകാശീകരണം (Illumination)

മാമോദീസ 'വെളിച്ചത്തിൻറെ കൂദാശ' (Sacrament of Illumination) എന്നറിയപെടുന്നു. സുറിയാനി ദൈവശാസ്ത്രത്തിൽ മാമോദീസയെ 'റോസോ ഡി മനേഹ്റോനുതോ' (Sacrament of Enlightenment) എന്ന് വിളിക്കുന്നു. ഇത് അജ്ഞതയുടെ ഇരുട്ടിൽ നിന്ന് ദൈവീക പ്രകാശത്തിലേക്കുള്ള പ്രവേശനമാണ്. അതുകൊണ്ടാണ് മാമോദീസയ്ക്ക് ശേഷം വെള്ള വസ്ത്രം ധരിപ്പിക്കുന്നത്; ഇത് ക്രിസ്തുവാകുന്ന പ്രകാശത്തെ ധരിക്കുന്നതിനെ സൂചിപ്പിക്കുന്നു.

4. ഉടമസ്ഥാവകാശത്തിന്റെ മുദ്ര (Seal of Ownership)

മലങ്കര സുറിയാനി സഭയുടെ മാമോദീസ ക്രമത്തിൽ 'റൂശ്മ'(Rushma/Signing) അഥവാ കുരിശ് വരച്ച് മുദ്രയിടുന്നത് ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗമാണ്. സുറിയാനിയിൽ 'റൂശ്മ' എന്ന വാക്കിന് 'അടയാളം', 'മുദ്ര' അല്ലെങ്കിൽ 'വര' എന്നൊക്കെയാണർത്ഥം.

മാമോദീസ സ്വീകരിക്കുന കുഞ്ഞിന്/ വ്യക്തിക്ക് ലഭിക്കുന്ന പദവികൾ

ഒരു കുട്ടി മാമോദീസ മുങ്ങി വെള്ളത്തിൽ നിന്ന് പുറത്തുവരുമ്പോൾ ആ കുട്ടി കേവലം ഒരു മനുഷ്യശിശുവല്ല; മറിച്ച് ദൈവീക പദവികളുള്ള ഒരു വ്യക്തിയായി മാറുന്നു. പ്രധാനമായും താഴെപ്പറയുന്ന ശീർഷകങ്ങളാണ് (Titles) ആത്മീയമായി ആ കുട്ടിക്ക് ലഭിക്കുന്നത്:

1. ദൈവപുത്രൻ/ ദൈവപുത്രി (Child of God)

ഏറ്റവും പ്രധാനപ്പെട്ട പദവിയാണിത്. മാമോദീസയിലൂടെ കുട്ടി ദൈവത്തിൻറെ സ്വന്തം മകനായി/മകളായി ദത്തെടുക്കപ്പെടുന്നു.

2. ക്രിസ്ത്യാനി (Christian)

'ക്രിസ്തുവിനുള്ളവൻ' എന്നാണ് ഇതിന്റെ അർത്ഥം. മാമ്മോദീസയിലെ തൈലാഭിഷേകത്തിലൂടെ(Chrismation) കുട്ടി ക്രിസ്തുവിന്റെ നാമം ധരിക്കുകയും 'ക്രിസ്ത്യാനി' എന്ന പദവിക്ക് അർഹനാകുകയും ചെയ്യുന്നു.

3. വെളിച്ചത്തിന്റെ മകൻ/മകൾ (Child of Light)

മാമോദീസയെ 'പ്രകാശനം' (Illumination) എന്ന് വിളിക്കുന്നതുകൊണ്ട്, മാമോദീസ സ്വീകരിച്ച കുട്ടിയെ 'വെളിച്ചത്തിൻറെ മകൻ/മകൾ' എന്ന് വിളിക്കുന്നു.

4. ആട്ടിൻകുട്ടി (Lamb of the Flock)

ക്രിസ്തുവാകുന്ന നല്ല ഇടയൻറെ ആട്ടിൻ കൂട്ടത്തിലേക്ക് (സഭയിലേക്ക്) ചേർക്കപ്പെട്ട പുതിയ 'ആട്ടിൻകുട്ടി' ആയി ആ കുഞ്ഞിനെ കണക്കാക്കുന്നു.

5. സ്വർഗ്ഗരാജ്യത്തിന്റെ അവകാശി (Heir of the Kingdom)

മാമോദീസയിലൂടെ കുട്ടിക്ക് സ്വർഗ്ഗരാജ്യത്തിന്മേൽ അവകാശം ലഭിക്കുന്നു. അതുകൊണ്ട് ആ കുട്ടിയെ 'രാജ്യത്തിന്റെ അവകാശി' (Heir of the Kingdom) എന്ന് വിളിക്കുന്നു.

6. ആത്മീയ പോരാളി (Spiritual Soldier)

വിശുദ്ധ മൂറോൻ കൊണ്ട് നെറ്റിയിൽ മുദ്രയിടുമ്പോൾ, ആ കുട്ടി തിന്മയ്ക്കെതിരെ

www..malankaralibrary.com

പോരാടുന്ന 'ക്രിസ്തുവിൻറെ സൈനികൻ' ആയി മാറുന്നു..

7. ആരാധകൻ/ഭക്തൻ

മാമോദീസ സ്വീകരിക്കുന്നതോടെ ഒരാൾ സഭയിലെ വെറുമൊരു കാണിയല്ല, മറിച്ച് ആരാധനയിൽ സജീവമായി പങ്കുചേരാൻ അധികാരമുള്ള ഒരു 'ആരാധകൻ' (Worshipper) ആയി മാറുന്നു. ഇതിലൂടെ ലഭിക്കുന്ന പ്രധാന പദവികൾ ഇവയാണ്:

അഭിഷിക്തൻ (Anointed): 'ക്രിസ്തു' എന്ന വാക്കിന്റെ അർത്ഥം 'അഭിഷിക്തൻ' എന്നാണ്. മാമോദീസായിലെ തൈലാഭിഷേകത്തിലൂടെ ഓരോ വിശ്വാസിയും ക്രിസ്തുവിന്റെ അഭിഷേകത്തിൽ പങ്കുചേരുകയും ക്രിസ്തുവിനെപ്പോലെ ദൈവത്തെ ആരാധിക്കാൻ യോഗ്യനാകുകയും ചെയ്യുന്നു.

രാജകീയ പൗരോഹിത്യം (Royal Priesthood)

വിശുദ്ധ പത്രോസ് ശ്ലീഹാ തന്റെ ലേഖനത്തിൽ മാമോദീസ സ്വീകരിച്ചവരെ വിശേഷിപ്പിക്കുന്നത് ഇങ്ങനെയാണ്: 'നിങ്ങളാകട്ടെ, തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിത ഗണവും വിശുദ്ധ ജനതയും ദൈവത്തിൻറെ സ്വന്തം ജനവുമാണ്'(1 പത്രോസ് 2:9). ഇതനുസരിച്ച്, ഓരോ വിശ്വാസിയും തന്റെ ജീവിതത്തെയും പ്രാർത്ഥനയെയും ദൈവത്തിന് പ്രസാദകരമായ ബലിയായി അർപ്പിക്കാൻ വിളിക്കപ്പെട്ട ഒരു 'പുരോഹിതൻ' (ആരാധകൻ) ആണ്.

മുദ്രയിടൽ

മാമോദീസായിൽ പ്രധാനമായും മൂന്ന് ഘട്ടങ്ങളിലായാണ് കുരിശു വരച്ച് മുദ്രയിടുന്നത്. ഇതിൻറെ ആത്മീയ വശങ്ങൾ താഴെ പറയുന്നവയാണ്:

1. ക്രിസ്തുവിന്റെ സ്വന്തം ആകുന്ന മുദ്ര (Seal of Ownership)

കുരിശുരൂപത്തിൽ കുട്ടിയുടെ നെറ്റിയിൽ മുദ്രയിടുമ്പോൾ, ആ കുട്ടി ഇനി മുതൽ 'ക്രിസ്തുവിൻറെ സ്വന്തം' ആണെന്ന് പ്രഖ്യാപിക്കപ്പെടുന്നു.

2. ആത്മീയ കവചം (Spiritual Armour)

കുരിശിന്റെ അടയാളം ഒരു സംരക്ഷണ മുദ്രയാണ്. ഇസ്രായേൽ മക്കൾ ഈജിപ്തിൽ വച്ച് തങ്ങളുടെ കട്ടിളപ്പടികളിൽ രക്തം കൊണ്ട് അടയാളമിട്ടപ്പോൾ സംഹാരദൂതൻ അവരെ വിട്ടൊഴിഞ്ഞു പോയതുപോലെ, മാമോദീസായിലെ ഈ റൂശ്മ വിശ്വാസിയെ തിന്മയുടെ ശക്തികളിൽ നിന്ന് സംരക്ഷിക്കുന്ന ഒരു ആത്മീയ കവചമായി (Fortress) മാറുന്നു.

3. പരിശുദ്ധാത്മാവിൻറെ ലേപനം (Anointing with Holy Oil)

നെറ്റിയിൽ വിശുദ്ധ തൈലം (Chrism/Myron) കൊണ്ട് അഭിഷേകം ചെയ്യുന്നു. ഇത് പരിശുദ്ധാത്മാവിൻറെ ദാനത്തെ സൂചിപ്പിക്കുന്നു. രാജാവ്, പ്രവാചകൻ, പുരോഹിതൻ എന്നി ത്രിവിധ ദൗത്യത്തിൽ പങ്കുചേരുന്നു. പഴയനിയമത്തിൽ രാജാക്കന്മാരെയും പ്രവാചകന്മാരെയും അഭിഷേകം ചെയ്തിരുന്നതുപോലെ, ഓരോ ക്രൈസ്തവനും ക്രിസ്തുവിന്റെ രാജകീയവും പ്രവാചകപരവും പൗരോഹിത്യപരവുമായ ദൗത്യത്തിൽ പങ്കുചേരുന്നു.

4. ബോധോദയവും പ്രകാശവും (Enlightenment)

ബുദ്ധിയുടെയും ചിന്തയുടെയും കേന്ദ്രമായ നെറ്റിയിൽ കുരിശുവരയ്ക്കുന്നതു വഴി, ആ വ്യക്തിയുടെ മനസ്സ് ക്രിസ്തുവിൻറെ പ്രകാശത്താൽ പ്രകാശിതമാകണമെന്നും ദൈവഹിതമനുസരിച്ച് ചിന്തിക്കണമെന്നും ഇത് സൂചിപ്പിക്കുന്നു.

മൂന്ന് മുദ്രകൾ (Three Signings)

1. ആദ്യത്തെ മുദ്ര (തൈലം ഇല്ലാതെ): സഭയുടെ അംഗമായി കുട്ടിയെ സ്വീകരിക്കുന്നു എന്നതിന്റെ അടയാളം.

2. രണ്ടാമത്തെ മുദ്ര (സൈത്ത് എണ്ണ കൊണ്ട്): ഇത് 'ആനന്ദതൈലം' (Oil of Gladness) ഉപയോഗിച്ചാണ് ചെയ്യുന്നത്. ഇത് കുട്ടിയെ ആത്മീയ യുദ്ധത്തിന് തയ്യാറെടു

www..malankaralibrary.com



ക്കുന്ന ഒരു സൈനികനായി (Soldier of Christ) അഭിഷേകം ചെയ്യുന്നു.

3. മൂന്നാമത്തെ മുദ്ര (വിശുദ്ധ മൂറോൻ കൊണ്ട്): മാമോദീസയ്ക്ക് ശേഷം നെറ്റിയിലും ശരീരത്തിന്റെ ഇന്ദ്രിയങ്ങളിലും മുദ്രയിടുന്നു. ഇത് പരിശുദ്ധാത്മാവിന്റെ ദാനത്തെയും ആ വ്യക്തി ദൈവത്തിൻറെ ആലയമായി മാറിയതിനെയും സൂചിപ്പിക്കുന്നു.

കുരിശിന്റെ അടയാളം (Sign of the Cross)

സുറിയാനി ആരാധന ക്രമത്തിൽ വിരൽ കൊണ്ട് കുരിശ് വരയ്ക്കുന്നത് വെറുമൊരു ചടങ്ങല്ല. കുരിശ് എന്നത് ക്രിസ്തുവിൻറെ വിജയത്തിന്റെ അടയാളമാണ്. നെറ്റിയിൽ കുരിശു വരയ്ക്കുന്നത് നമ്മുടെ ചിന്തകളെയും ബോധത്തെയും ക്രിസ്തുവിനായി സമർപ്പിക്കുന്നു എന്നതിൻറെ പ്രതീകമാണ്.

മായ്ക്കപ്പെടാത്ത മുദ്ര (Indelible Mark)

ഈ മുദ്ര ഒരിക്കലും മാഞ്ഞുപോകാത്ത ഒന്നാണെന്ന് സഭ പഠിപ്പിക്കുന്നു. അതുകൊണ്ടാണ് മാമോദീസ ഒരാൾക്ക് ജീവിതത്തിൽ ഒരിക്കൽ മാത്രം നൽകുന്നത്. എന്താണ് ഇതിൻറെ അർഥം ? മായ്ക്കപ്പെടാത്ത മുദ്ര ദൈവത്തിൻറെ സ്വന്തം എന്ന അടയാളമാണ്. ആവർത്തിക്കാൻ പാടില്ലാത്ത അനുഷ്ഠാന മാണിത്; കാരണം, ഈ മുദ്ര ആത്മാവിൽ ഒരിക്കൽ മാത്രം പതിപ്പിക്കപ്പെടുന്ന ഒന്നാണ്. അതിനാൽത്തന്നെ, ഒരാൾ സഭ വിട്ടുപോയാലോ പാപം ചെയ്താലോ ഈ മുദ്ര മാഞ്ഞു പോകില്ല. ഇക്കാരണത്താൽ മാമോദീസ ജീവിതത്തിൽ ഒരിക്കൽ മാത്രമേ സ്വീകരിക്കാൻ പാടുള്ളൂ (Unrepeatable). ഇത് പരിശുദ്ധാത്മാവിന്റെ മുദ്രയാണ്. സഭയുടെ പഠനമനുസരിച്ച്, പരിശുദ്ധാത്മാവ് നൽകുന്ന ഈ മുദ്ര ആ വ്യക്തിയെ ക്രിസ്തുവിൻറെ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും രാജകിയ ദൗത്യത്തിലും പങ്കുചേരാൻ യോഗ്യനാക്കുന്നു. ആരാധനക്രമങ്ങൾ അനുഷ്ഠിക്കുവാനും മറ്റ് കൂദാശകൾ സ്വീകരിക്കാനുമുള്ള അവകാശം ഈ മുദ്രയിലൂടെയാണ് ലഭിക്കുന്നത്. ഇത് നിത്യതയിലേക്കുള്ള അടയാളമാണ്. ഈ മുദ്ര ഈ ലോകത്ത് മാത്രമല്ല, മരണശേഷവും ആത്മാവിൽ നിലനിൽക്കുന്നു എന്നാണ് വിശ്വാസം. അതുകൊണ്ടാണ് ഇതിനെ 'മായ്ക്കപ്പെടാത്തത്' എന്ന് വിളിക്കുന്നത്. ക്രിസ്തുവിന്റെ ദാനമായ രക്ഷയിലേക്കുള്ള ഒരു 'ഗാരന്റി' അല്ലെങ്കിൽ 'വാഗ്ദാനം' ആയിട്ടാണ് ഇതിനെ വിശേഷിപ്പിക്കുന്നത്.

തേജസ്സിന്റെ വസ്ത്രം (Garment of Glory)

സുറിയാനി ദൈവശാസ്ത്രത്തിലെ ഏറ്റവും മനോഹരമായ ഒരു സങ്കൽപ്പമാണ് 'തേജസ്സിന്റെ വസ്ത്രം' (Garment of Glory)

അഥവാ 'സ്തോല'. മാമോദീസയെ വെറും ഒരു ശുദ്ധീകരണ ചടങ്ങായല്ല, മറിച്ച് നഷ്ട പ്പെട്ടുപോയ ആത്മീയ വസ്ത്രം തിരികെ ലഭി ക്കുന്ന ഒന്നായിട്ടാണ് സുറിയാനി പിതാക്ക ന്മാർ (പ്രത്യേകിച്ച് വിശുദ്ധ അപ്രേം) പഠിപ്പിക്കുന്നത്. ഈ സങ്കൽപ്പത്തിന്റെ പ്രധാന വശങ്ങൾ താഴെ പറയുന്നവയാണ്:

1. നഷ്ടപ്പെട്ട വസ്ത്രം (The Lost Robe)

സുറിയാനി പിതാക്കന്മാരുടെ ചിന്തയനു സരിച്ച്, ആദാമും ഹവ്വയും ഏദൻ തോട്ടത്തിൽ വച്ച് പാപം ചെയ്തപ്പോൾ അവർ നഗ്ന രായിത്തീർന്നു എന്ന് പറയുമ്പോൾ, അത് ശാരീരികമായ നഗ്നത മാത്രമല്ല. ദൈവം അവർക്ക് നൽകിയിരുന്ന ആത്മീയ പ്രകാശ ത്തിന്റെ വസ്ത്രം (Robe of Light) അവർക്ക് നഷ്ടമായി എന്നാണ്. ആദാം നഷ്ടപ്പെടുത്തിയ ആ തേജസ്സിന്റെ വസ്ത്രം മനുഷ്യവർഗ്ഗത്തിന് തിരികെ നൽകാനാണ് ക്രിസ്തു വന്നത്.

2. ക്രിസ്തു ജോർദ്ദാനിൽ നിക്ഷേപിച്ച വസ്ത്രം

സുറിയാനി കവികളും പിതാക്കന്മാരും പഠിപ്പിക്കുന്നത്, യേശു ജോർദ്ദാൻ നദിയിൽ സ്നാനം ഏറ്റപ്പോൾ താൻ ധരിച്ചിരുന്ന ആത്മീയ തേജസ്സ് ആ വെള്ളത്തിൽ നിക്ഷേ പിച്ചു എന്നാണ്. മാമോദീസ മുങ്ങുന്ന ഓരോ വ്യക്തിയും ആ വെള്ളത്തിൽ നിന്ന് അദൃ ശ്യമായ ആ തേജസ്സിന്റെ വസ്ത്രം ധരിച്ചു കൊണ്ടാണ് പുറത്തുവരുന്നത്.

3. 'ക്രിസ്തുവിനെ ധരിക്കുക'

വിശുദ്ധ പൗലോസ് അപ്പോസ്തോലൻ പറയുന്നത് പോലെ, 'ക്രിസ്തുവിനോട് ചേരുവാൻ മാമ്മോദീസ മുങ്ങിയവർ എല്ലാ വരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു' (ഗലാ 3:27). ഇവിടെ ക്രിസ്തു തന്നെയാണ് ആ തേജസ്സിൻറെ വസ്ത്രം.

എന്താണ് ഇവിടെ വിവരിക്കപ്പെടുന്ന നഗ്നത? മാമ്മോദീസ തൊട്ടിയിലേക്ക് (Baptismal Font) ഇറങ്ങുന്നതിന് മുൻപ് പഴയ വസ്ത്രങ്ങൾ നീക്കം ചെയ്യുന്നത് പഴയ ആദാമിനെയും പാപത്തിന്റെ അവസ്ഥയെയും ഉപേക്ഷിക്കുന്നതിനെ സൂചിപ്പിക്കുന്നു. മാമോദീസയ്ക്ക് ശേഷം ഉടൻ തന്നെ കുഞ്ഞിനെ ധരിപ്പിക്കുന്ന വെള്ള വസ്ത്രം 'തേജസ്സിന്റെ വസ്ത്രത്തിന്റെ' ദൃശ്യമായ അടയാളമാണ്. ഇത് വിശുദ്ധിയെയും പ്രകാശത്തെയും സൂചിപ്പിക്കുന്ന സ്വർഗ്ഗീയ വസ്ത്രമാണ്. ഈ വസ്ത്രം ധരിക്കുന്ന തിലൂടെ വിശ്വാസി സ്വർഗ്ഗീയ വിരുന്നിന് (വിശുദ്ധ കുർബ്ബാന) യോഗ്യത നേടുന്നു.

ഇതിന്റെ ആത്മീയ ഫലങ്ങൾ

1. പ്രത്യാശ: ഇത് പുനരുത്ഥാനത്തിന്റെ വസ്ത്രമാണ്. മരണം വഴി ശരീരം നശിച്ചാലും, ആത്മാവ് ഈ തേജസ്സിന്റെ വസ്ത്രം ധരിച്ച് ദൈവത്തെ കാണും എന്നതാണ് വിശ്വാസം.

2. വിശുദ്ധി: ഒരിക്കൽ ലഭിച്ച ഈ വസ്ത്രം പാപക്കറകൾ ഏൽക്കാതെ സൂക്ഷിക്കേണ്ടത് വിശ്വാസിയുടെ ഉത്തരവാദിത്തമാണ്.

3. രാജകീയ പദവി: ദൈവസന്നിധിയിൽ നാം വെറും ഭൃത്യരല്ല; മറിച്ച് രാജകീയ വസ്ത്രം ധരിച്ച പുത്രന്മാരും പുത്രിമാരു മാണെന്ന് ഇത് ഓർമ്മിപ്പിക്കുന്നു.

ചുരുക്കത്തിൽ, 'തേജസ്സിൻറെ വസ്ത്രം' ധരിച്ച വ്യക്തി ദൈവത്തിൻറെ സന്നിധിയിൽ ഒരു 'രാജകുമാരൻ' അല്ലെങ്കിൽ 'രാജകുമാരി' എന്ന പദവിയാണ് അലങ്കരിക്കുന്നത്.

പാപമോചനം

മലങ്കര സുറിയാനി ദൈവശാസ്ത്ര പ്രകാരം മാമോദീസയിലൂടെയുള്ള പാപ മോചനം എന്നത് വെറുമൊരു നിയമപരമായ ശുദ്ധീകരണമല്ല; മറിച്ച് ആത്മീയവും അസ്തിത്വപരവുമായ ഒരു നവീകരണമാണ്. ഇത് ജന്മപാപത്തിൻറെ കഴുകിക്കളയലാണ്. ആദാമിൽ നിന്ന് സകല മനുഷ്യരിലേക്കും പകർന്നു വന്ന പാപത്തിൻറെ കറ (Stain of Adam) മാമോദീസയിലെ വെള്ളത്തിലൂടെ കഴുകിക്കളയപ്പെടുന്നു. ഇത് ഒരു ആത്മീയ സ്നാനം (Spiritual Laundering) ആണ് .

സുറിയാനി ആരാധനാക്രമം മാമോദീ സായെ 'ആത്മാക്കളുടെ ശുദ്ധീകരണസ്ഥലം'

www..malankaralibrary.com

എന്ന് വിളിക്കുന്നു. വെള്ളത്തിൽ മുങ്ങുമ്പോൾ പാപത്താൽ മലിനമായ 'പഴയ മനുഷ്യൻ' മരിക്കുന്നു. വെള്ളത്തിൽ നിന്ന് ഉയരുമ്പോൾ പാപമില്ലാത്ത 'പുതിയ മനുഷ്യനായി' ജനിക്കുന്നു. ഇവിടെ ശിക്ഷാവിധിയിൽ നിന്നുള്ള മോചനം ലഭ്യമാകുന്നു. പാപം മൂലം മനുഷ്യൻ സാത്താന്റെ അടിമത്തത്തിലായിരുന്നു. മാമോദീസയിലെ പാപമോചനം വഴി ആ അടിമത്തം അവസാനിക്കുന്നു. മുദ്രയിടൽ വഴി വ്യക്തി ഇനിമേൽ പാപത്തിന്റെ ഉടമസ്ഥതയിലല്ല, മറിച്ച് ദൈവത്തിന്റെ ഉടമസ്ഥതയിലാണെന്ന് പ്രഖ്യാപിക്കുന്നു. ഇത് പാപത്തിന്റെ കടപ്പത്രത്തെ (Debt-bond) കീറിക്കളയുന്നു.

ജോർദ്ദാൻ നദി മാനവരാശിക്ക് പ്രദാനം ചെയ്തത് പാപമോചനമാണ്. സുറിയാനി പാരമ്പര്യത്തിൽ, യേശു ജോർദ്ദാൻ നദിയിൽ സ്നാനം ഏറ്റപ്പോൾ സകല മനുഷ്യരുടെയും പാപങ്ങൾ ആ വെള്ളത്തിൽ നിക്ഷേപിക്കുകയും അതിനെ വിശുദ്ധീകരിക്കുകയും ചെയ്തു. അതിനാൽ ഓരോ മാമോദീസ വെള്ളവും ആത്മീയമായി 'ജോർദ്ദാൻ' ആയി മാറുന്നു. ആ വെള്ളത്തിൽ മുങ്ങുന്നവൻറെ പാപങ്ങൾ ക്രിസ്തുവിന്റെ പുണ്യത്താൽ ഇല്ലാതാകുന്നു.

(തുടരും)...



www.malankaralibrary.com



മലങ്കര സുറിയാനി കത്തോലിക്കാ സഭ: വി. കുർബാനയുടെ പഠനങ്ങൾ

(തുടർച്ച)



റവ. ഡോ. തോമസ് പണിക്കർ

മഹത്വമുള്ളവനായ ഏശയ്യാ ദീർഘദർശിക്ക് ജറുസലേം ദേവാലയത്തിൽവച്ചുണ്ടായ ദർശനം മലങ്കരകുർബാനയുടെ ഉള്ളടക്കത്തെ സാരമായി സ്വാധീനിച്ചിട്ടുണ്ട്.

(a) കർത്താവ് ഉന്നതമായ ഒരു സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നത് ഞാൻ കണ്ടു. (ഏശ 6:1). ദേവാലയത്തിലെ ഏറ്റവും ഉയർന്ന ഭാഗമായ മദ്ബഹയിലെ ത്രോണോസ് ഏശയ്യാ കണ്ടതുപോലുള്ള ഉന്നതമായ സിംഹാസനമാണ്. സ്വർഗ്ഗീയ രാജാവായ കർത്താവിന്റെ പ്രതാപപൂർണ്ണമായ സിംഹാസനമാണ് നമ്മുടെ പള്ളിയിലെ ത്രോണോസ്. ദീർഘദർശി പറഞ്ഞിരിക്കുന്നത് ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. സൈന്യങ്ങളുടെ കർത്താവായ രാജാവിനെ എന്റെ നയനങ്ങൾ ദർശിച്ചിരിക്കുന്നു. (ഏശ 6:5). രാജകീയ സിംഹാസനത്തിനു ചേർന്ന വിശിഷ്ടമായ പട്ടുകൊണ്ടുണ്ടാക്കിയ ചിത്തോലയാൽ ത്രോണോസ് അലങ്കരിക്കുന്നതിന്റെ കാരണമിതാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് വി. കുർബാനയിലെ ആദ്യത്തെ ഗീതത്തിൽ ഇപ്രകാരം നാം പാടുന്നത്.

സ്വർഗ്ഗാധിപതേ ദേവാ, നിന്നുടെ ആലയമതിനുൾ പൂകിയിതാ ഞാൻ സിംഹാസനസവിധേ വന്ദിപ്പൂ ലംഘനമെല്ലാം മോചിച്ചെൻപാപമശേഷം മായ്ക്കേണം.

(b) *അവിടുത്തെ വസ്ത്രാഞ്ചലം ദേവാലയം മുഴുവൻ നിറഞ്ഞുനിന്നു* (ഏശ 6:1). ത്രോണോസിന്റെ മുമ്പാകെ വൈദികൻ സാഷ്ടാംഗ പ്രണാമം ചെയ്തു വണങ്ങുമ്പോൾ കാപ്പ നിവർത്തി ത്രോണോസിന്റെ താഴെയുള്ള സ്ഥലം മുഴുവൻ വ്യാപിച്ചതുപോലെ തോന്നും. ദൈവം ധരിച്ചിരുന്ന വസ്ത്രം അവിടുത്തെ തേജസ്സാണ് (സങ്കീ 104:1-2). ആ തേജസ്സുകൊണ്ട് വിശുദ്ധസ്ഥലം നിറഞ്ഞിരിക്കുന്നതിനെ കാപ്പയുടെ വിടർന്ന സ്ഥിതി സൂചിപ്പിക്കുന്നു. ദൈവത്തിന്റെ വസ്ത്രമാകുന്ന തേജസ്സുകൊണ്ട് വിശുദ്ധസ്ഥലം നിറഞ്ഞിരിക്കുന്നതായി കാഴ്ചവസ്തുക്കൾ ശോശപ്പാകൊണ്ട് മൂടുമ്പോഴും പറയുന്നുണ്ട്.

www..malankaralibrary.com

(c) *ദേവാലയം ധൂമപൂരിതമാവുകയും ചെയ്തു* (ഏശ 6:4). ശോശാപ്പാകൊണ്ട് കാഴ്ച വസ്തുക്കൾ മൂടിയശേഷം ധുപകലശത്തിൽ വൈദികൻ കുന്തിരിക്കമിട്ട് വീശുമ്പോൾ മദ്ബഹാ മുഴുവൻ ധൂമപൂരിതമാകുന്നു. ഒരുക്ക ശുശ്രൂഷയിലെ ധൂപാർപ്പണം ഏശയ്യായുടെ ദർശനത്തിലെ പ്രസ്തുത ഭാഗത്തെ സൂചിപ്പിച്ച് സംവിധാനം ചെയ്തിരിക്കുന്നതാണ്. ഈ ധൂപാർപ്പണം തുടർന്ന് മലങ്കരകുർബാനയുടെ വിവിധഭാഗങ്ങളിലുമുണ്ട്.

(d) *അവയുടെ ശബ്ദാഘോഷത്താൽ പൂമുഖത്തിന്റെ അടിസ്ഥാനങ്ങൾ ഇളകി* (ഏശ 6:4). വി. കുർബാനയുടെ പരസ്യാരംഭത്തിലെ ഗീതങ്ങളുടെയും മണിനാദങ്ങളുടെയും, മർബഹാസയുടെയും ശബ്ദാഘോഷം പള്ളിമുഴുവൻ മുഖരിതമാക്കുന്നു. ഈ ശബ്ദഘോഷങ്ങളും പല തവണ മലങ്കര കുർബാനയിൽ ആവർത്തിക്കപ്പെടുന്നു.

(e) *അവർ പരസ്പരം ഉദ്ഘോഷിച്ചുകൊണ്ടിരുന്നു. പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ* (ഏശ 6:3). വി. കുർബാനയുടെ പരസ്യാരംഭത്തിൽ ചൊല്ലുന്ന ദൈവമേ നീ പരിശുദ്ധനാകുന്നു എന്ന ത്രൈശുദ്ധകീർത്തനം ഏശയ്യായുടെ ദർശനത്തിൽ സ്രോപ്പേമാലാഖമാർ പരിശുദ്ധൻ എന്ന് പാടിക്കൊണ്ടിരുന്നതിനെ അനുസ്മരിപ്പിക്കുന്നു. സ്ഥാപന വചനങ്ങൾക്കുമുമ്പുള്ള മാലാഖമാരുടെ സ്തുതികീർത്തനത്തിലും പരിശുദ്ധൻ എന്ന് മുഴങ്ങിക്കേൾക്കുന്നു. പിന്നീട് ഖണ്ഡന ശുശ്രൂഷയുടെ സമയത്ത് സ്രാപ്പികളെ കണ്ടേശായ എന്ന ഗീതം പാടി ഏശയ്യായുടെ ദർശനത്തെ സവിശേഷമായി നാം ആഘോഷിക്കുന്നു.

(f) *അപ്പോൾ സെറാഫുകളിലൊന്ന് ബലിപീഠത്തിൽ നിന്ന് കൊടിൽകൊണ്ട് എടുത്ത ഒരു തീക്കനലുമായി പറന്നുവന്നു* (ഏശ 6:6). ഏശയ്യായുടെ ദർശനത്തിലെ ഈ രംഗത്തെ ഓർമ്മിപ്പിക്കുന്ന ഭാഗമാണ് വി. കുർബാനയിലെ കുർബാന സ്വീകരണ സമയം. *നമ്മുടെ ദൈവമായ മിശിഹായുടെ ശരീര രക്തങ്ങളാകുന്ന തീക്കട്ട* എന്ന പ്രയോഗം ഈ ദർശനത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ്.

(g) *അതിനുശേഷം കർത്താവ് അരുളിചെയ്യുന്നത് ഞാൻ കേട്ടു. ആരെയാണ് ഞാൻ അയയ്ക്കുക? ആരാണ് നമുക്കുവേണ്ടി പോവുക? അപ്പോൾ ഞാൻ പറഞ്ഞു ഇതാ ഞാൻ! എന്നെ അയച്ചാലും!* (ഏശ 6:7). വി. കുർബാനാനുഭവം അനുദിന ജീവിതത്തിനുള്ള ഒരുക്കമാണ്. വി. കുർബാനകഴിഞ്ഞ് വിശ്വാസികളെ പറഞ്ഞയക്കുന്നത് കർത്താവിൽ നിന്നുള്ള ദൗത്യവുമായിട്ടാണ്. ദൈവം അവിടുത്തെ ജോലിക്ക് ഏശയ്യായെ പറഞ്ഞയച്ചതിനു സമാനമായ ഒരു ഭാഗമാണ് നമ്മുടെ കുർബാനയിൽ യാത്രപറച്ചിലിൽ ഉള്ളത്. *കർത്താവിന്റെ പാപപരിഹാരപ്രദമായ ബലിപീഠത്തിൽ നിന്നും നിങ്ങൾ പ്രാപിച്ച അനുഗ്രഹത്തോടും യാത്രാഭക്ഷണത്തോടും കൂടെ പരിശുദ്ധ ത്രിത്വത്തിന്റെ കൃപയ്ക്കും അനുഗ്രഹങ്ങൾക്കും ഞങ്ങൾ നിങ്ങളെ ഭാരമേൽപ്പിക്കുന്ന ഈ സമയത്ത് സമാധാനത്തോടുകൂടെ പോകുവിൻ.* ഓരോ കുർബാന കഴിഞ്ഞ് വീട്ടിലേക്കു പോകുമ്പോഴും ഒരു പ്രത്യേക ദൗത്യവുമായി ദൈവത്താൽ അയയ്ക്കപ്പെട്ടവരാണെന്ന ബോധ്യം വിശ്വാസികൾക്കുണ്ടാകണം. കൗദാശികമായ കുർബാന അവസാനിക്കുന്നിടത്ത് ജീവിതത്തിലെ കുർബാന ആരംഭിക്കുകയാണ്.

പിന്നെ അവൻ അപ്പമെടുത്ത്, കൃതജ്ഞതാ സ്തോത്രംചെയ്ത്, മുറിച്ച്, അവർക്കുകൊടുത്തുകൊണ്ട് അരുളിച്ചെയ്തു (ലൂ22:19)

നമ്മുടെ കർത്താവ് അന്ത്യ അത്താഴ സമയത്ത് വി.കുർബാന സ്ഥാപിച്ചപ്പോൾ നാലു കാര്യങ്ങൾ ചെയ്തു. 1. അപ്പമെടുത്തു 2. കൃതജ്ഞതാ സ്തോത്രംചെയ്തു 3. മുറിച്ചു 4. അവർക്കുകൊടുത്തുകൊണ്ട് അരുളിച്ചെയ്തു. ഈ കാര്യങ്ങളെ അടിസ്ഥാനമാക്കിയാണ് മലങ്കര കുർബാന നാലു ഭാഗങ്ങളായി ക്രമീകരിച്ചിരിക്കുന്നത്.

1. അപ്പമെടുത്തു : ഒരുക്ക ശുശ്രൂഷ

www..malankaralibrary.com

2. കൃതജ്ഞതാ
   സ്തോത്രംചെയ്തു : വചന ശുശ്രൂഷ
3. മുറിച്ചു : ബലി അർപ്പണം
4. അവർക്കുകൊടുത്തു : ബലി വിരുന്ന്

എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇത് ചെയ്യുവിൻ (ലൂ 22:19) എന്ന നമ്മുടെ കർത്താവിന്റെ അനുശാസനം വളരെ വ്യാപകമായ അർത്ഥത്തിലാണ് മലങ്കര സഭ മനസ്സിലാക്കുന്നത്. നമ്മുടെ കർത്താവിന്റെ പാരത്രികവും ഐഹികവുമായ ജീവിതം മുഴുവന്റെയും ബലിപരവും സജീവവുമായ ഓർമ്മയാണ് കൗദാശികരൂപത്തിൽ മലങ്കരകുർബാനയിൽ ആഘോഷിക്കുന്നത്. ദൈവിക ആളത്വത്തിന്റെയും മനുഷ്യാവതാരത്തിലെ ക്രിസ്തുവിന്റെ ദൗത്യങ്ങളുടെയും സമ്പൂർണ്ണതയിൽ നമ്മുടെ കർത്താവേശുമിശിഹായെ ആരാധനാ സമൂഹത്തിൽ സന്നിഹിതനാക്കത്തക്കവിധത്തിൽ മലങ്കര കുർബാന സംവിധാനം ചെയ്തിരിക്കുന്നു. രാജാവ്, പ്രവാചകൻ, പുരോഹിതൻ, ദൈവപുത്രൻ എന്നീ നാലു ശ്രേഷ്ഠ പദവികളുടെ പൂർണതയിൽ രക്ഷകനായ യേശു മിശിഹായെ ലോകാന്ത്യം വരെയുള്ള മനുഷ്യർക്ക് അനവരതം നിത്യനൂതനമായി പുനരവതരിപ്പിക്കത്തക്കവിധം രക്ഷാകര ചരിത്രം മുഴുവൻ കൂദാശയും യാഗവും യാഗവിരുന്നുമായി കോർത്തിണക്കിയിരിക്കുന്ന ഒരു ശുശ്രൂഷയായിട്ടത്രെ മലങ്കര കുർബാനയുടെ ഘടനയിൽ നാം കാണുന്നത്.

മനുഷ്യന്റെ അധ:പതന പ്രക്രിയയിലെ നാലു ഘട്ടങ്ങളെ[5] കൂടുതൽ ആഴമായി അപഗ്രഥിച്ചാൽ മലങ്കരകുർബാന ഇപ്രകാരം സംവിധാനം ചെയ്തിരിക്കുന്നതിന്റെ പൊരുൾ മനസ്സിലാക്കാൻ സാധിക്കും. രാജത്വം, പ്രവാചകത്വം, പൗരോഹിത്യം, ദൈവപുത്രസ്ഥാനം എന്നീ നാലു ശ്രേഷ്ഠ പദവികൾ കൊടുത്താണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. എന്നാൽ ഈ നാലു പദവികളും പടിപടിയായി നഷ്ടപ്പെടുത്തി.

1. അനുസരണക്കേട്

വൃക്ഷത്തിന്റെ പഴം ആസ്വാദ്യവും കണ്ണിനു കൗതുകകരവും. അറിവേകാൻ കഴിയുമെന്നതിനാൽ അഭികാമ്യവുമാണെന്ന് കണ്ട് ഹവ്വാ അതു പറിച്ചു തിന്നു. ഭർത്താവിനും കൊടുത്തു. അവനും തിന്നു (ഉൽപ 3:6).

അങ്ങനെ നമ്മുടെ ആദിമാതാപിതാക്കന്മാർ ദൈവത്തോട് അനുസരണക്കേട് കാണിക്കുകയും പിശാചിന്റെ ഭരണത്തിനു അധീനരാവുകയും ചെയ്തു. സ്രഷ്ടാവും ദൈവവുമായ രാജാവിനെ ഉപേക്ഷിച്ച് തൽസ്ഥാനത്ത് പിശാചിനെ അവരുടെ രാജാവായി സ്വീകരിച്ച് അവർക്ക് കിട്ടിയ രാജത്വം എന്ന ശ്രേഷ്ഠ പദവി നഷ്ടപ്പെടുത്തി. നഷ്ടപ്പെട്ട ഈ പദവി വീണ്ടെടുത്ത് മാനവരാശിയെ സമുദ്ധരിക്കാനുള്ള രക്ഷകൻ തീർച്ചയായും ഒരു മഹാരാജാവായിരുന്നേ മതിയാവു. പൈശാചിക ദാസ്യത്തിലമർന്ന മനുഷ്യരാശിയെ അതിൽ നിന്ന് സ്വതന്ത്രമാക്കാൻ, പിശാചിനോടു സുധീരം പോരാടി വിജയം വരിക്കുന്ന ഒരു മഹാരാജാവിന്റെ ആവശ്യമാണ് നാമിവിടെ കാണുന്നത്. മരണം വരെ - അതേ കുരിശുമരണം വരെ - അനുസരണമുള്ളവനായി (ഫിലി 2:8) ഗോഗുൽത്തായിലെ വീണ്ടെടുപ്പു വഴി, മഹാരാജാവെന്ന നിലയിൽ പൈശാചിക ഭരണത്തിൽ നിന്ന് മാനവരാശിയെ മിശിഹാ മോചിപ്പിച്ചു. നമ്മുടെ കർത്താവിന്റെ



രക്ഷണീയ ദൗത്യങ്ങളിലൊന്നായ രാജത്വം നാം ഇവിടെ ദർശിക്കുന്നു. വി. മത്തായിയുടെ സുവിശേഷത്തിലെ പ്രധാനപ്രമേയം നമ്മുടെ കർത്താവിന്റെ രാജത്വമാണെന്നു പറയാം (മത്താ 2:2; 27:11,37).

2. അവിശ്വാസം

തോട്ടത്തിന്റെ നടുവിലുള്ള മരത്തിന്റെ പഴം ഭക്ഷിക്കുകയോ തൊടുകപോലുമോ അരുത്, ഭക്ഷിച്ചാൽ നിങ്ങൾ മരിക്കും (ഉൽപ 3:3) എന്ന് ദൈവം കല്പിച്ചിരുന്നതിനെ ഹവ്വാ അവിശ്വസിച്ചു. നിങ്ങൾ മരിക്കുകയില്ല. അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നും ദൈവത്തിനറിയാം (ഉൽപ 3:5) എന്നു സർപ്പം പറഞ്ഞ വാക്കുകൾ വിശ്വസിച്ച് പഴം പറിച്ചുതിന്നു. പിശാചിന്റെ വഞ്ചനാപരമായ വാക്കുകൾ ശ്രവിച്ച് ദൈവത്തിന്റെ തിരുവചനത്തെ ആദിമമാതാപിതാക്കൾ അവിശ്വസിച്ചു. ഈ അവിശ്വാസത്തിന്റെ ഫലമായി ദൈവത്തെക്കുറിച്ചുള്ള ശരിയായ അറിവ് മനുഷ്യരാശിക്കു നഷ്ടപ്പെട്ടു. കാലക്രമേണ മാനവരാശി അജ്ഞാനാന്ധകാരത്തിലും വിഗ്രഹാരാധനയിലും നിപതിച്ചു. ഈ ദൃശ്യമായ ദുരവസ്ഥയിൽ നിന്ന് മനുഷ്യവംശത്തെ സമുദ്ധരിക്കുവാനുള്ള രക്ഷകൻ ഒരു മഹാപ്രവാചകനായിരിക്കണം. ഇരുട്ടിലും മരണനിഴലിലുമിരിക്കുന്ന മനുഷ്യരെ സത്യമാർഗ്ഗത്തിൽ നയിക്കുവാൻ ഒരു പ്രവാചകന്റെ ആവശ്യമാണ് നാമിവിടെ കാണുന്നത്. ക്രിസ്തുമതം എന്ന സമ്പൂർണ്ണമായ ദൈവിക വെളിപാട് ലോകത്തിന് നൽകിക്കൊണ്ട് നമ്മുടെകർത്താവ് മഹാപ്രവാചകനായി അന്ധകാരത്തിൽ നിന്നും വിഗ്രഹാരാധനയിൽ നിന്നും നമ്മെ രക്ഷിച്ചു. രക്ഷണ്യ വേലയിലെ പ്രവാചക ദൗത്യമാണ് ക്രിസ്തു ഇതുമൂലം നിർവ്വഹിച്ചത്. വി. മാർക്കോസിന്റെ സുവിശേഷത്തിലെ (മർക്കോ 6:4,15) പ്രതിപാദ്യ വിഷയം ഇതാണെന്ന് പൊതുവേ പറയാം.

3. അകൽച്ച

വെയിലാറിയപ്പോൾ ദൈവമായ കർത്താവ് തോട്ടത്തിൽ ഉലാത്തുന്നതിന്റെ ശബ്ദം കെട്ടു. പുരുഷനും ഭാര്യയും അവിടുത്തെ മുമ്പിൽ നിന്നു മാറി, തോട്ടത്തിലെ മരങ്ങൾക്കിടയിലൊളിച്ചു (ഉൽപ 3:8). അനുസരണക്കേടിന്റെയും അവിശ്വാസത്തിന്റെയും പരിണതഫലമെന്നപോലെ ആദിമാതാപിതാക്കൾ ദൈവത്തിന്റെ സാമീപ്യത്തിൽ നിന്ന് അകലുന്നു. ഈ ദുരന്തത്തിൽ നിന്ന് മനുഷ്യനെ രക്ഷിക്കാൻ ഒരു മദ്ധ്യസ്ഥപുരോഹിതനു മാത്രമേ കഴിയൂ. അകൽചയിലിരിക്കുന്ന ഉഭയകക്ഷികളെ തമ്മിൽ രമ്യപ്പെടുത്തുവാൻ കഴിവുറ്റ ഒരു മദ്ധ്യസ്ഥ മഹാ പുരോഹിതനായി ക്രിസ്തു ഈ ഭൂമിയിൽ അവതരിച്ചു. ദൈവനീതിക്കു ചേർന്നവിധം മനുഷ്യൻ അർഹിച്ചിരുന്ന ശിക്ഷ നമ്മുടെ കർത്താവ് സ്വയം ഏറ്റെടുത്തു. ഗോഗുൽത്തായിലെ പരമയാഗംവഴി നമ്മുടെ കർത്താവ് ബലിവസ്തുവും, ബലിയർപ്പകനായ മദ്ധ്യസ്ഥ പുരോഹിതനുമായി വർത്തിച്ചു. മാനവകുലത്തിന്റെ കടച്ചീട്ടിനെ കീറിക്കളഞ്ഞ് അതിനെ ദൈവപിതാവുമായി രമ്യപ്പെടുത്തി. പാപംമൂലം അടയ്ക്കപ്പെട്ട സ്വർഗ്ഗവാതിൽ തുറന്നുതന്ന മഹാപുരോഹിതനാണ് ക്രിസ്തു. നമ്മുടെ കർത്താവിന്റെ രക്ഷണ്യ വേലയിലെ പൗരോഹിത്യ ദൗത്യം വി. ലൂക്കോസിന്റെ സുവിശേഷത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

4. അനൈക്യം

കർത്താവ് അവരെ ഏദൻതോട്ടത്തിൽ നിന്ന് പുറത്താക്കി (ഉൽപ 3:24). ദൈവം മനുഷ്യനെ സൃഷ്ടിച്ച് ഏദനിലാക്കിയത് ദൈവതേജസ്സിലും ദൈവിക ജീവനിലും അവനെ പങ്കാളിയാക്കാനായിരുന്നു. എന്നാൽ അനുസരണക്കേടും അവിശ്വാസവും, അകൽചയും നിമിത്തം അവൻ അതിന് അനർഹനായി. ദൈവസംസർഗ്ഗവും ഭാവിയിൽ അവൻ പ്രാപിക്കേണ്ടിയിരുന്ന തേജസ്സും ദൈവിക ജീവനിലുള്ള പങ്കാളിത്തവും അവനു നഷ്ടപ്പെട്ടു. ദൈവവും മനുഷ്യനും, മനുഷ്യനും മനുഷ്യനും, മനുഷ്യനും മറ്റു ജീവികളും തമ്മിൽ അനൈക്യമുണ്ടാക്കി. അനൈക്യത്തിന്റെ ദുരവസ്ഥ നിവാരണം ചെയ്ത് മനുഷ്യനെ ദൈവത്തോടു പുനരൈക്യപ്പെടുത്തുവാൻ ഒരു

www..malankaralibrary.com

ദൈവീക വ്യക്തിക്കല്ലാതെ മറ്റാർക്കും സാധ്യമല്ലായിരുന്നു. അങ്ങനെ പുനരൈക്യം കൈവരുത്തുവാൻ ദൈവപുത്രൻ ദൈവത്വം കൈവെടിയാതെ മനുഷ്യനായി ഭൂമിയിൽ അവതരിച്ചു. വി.യോഹന്നാന്റെ സുവിശേഷം ക്രിസ്തുവിന്റെ ദൈവപുത്ര സ്ഥാനത്തിനാണ് ഊന്നൽ നൽകിയിരിക്കുന്നത്.

ആദിയിൽ ദൈവം ആദിമാതാപിതാക്കന്മാരെ സൃഷ്ടിച്ച് കൃപാവരത്തിൽ ഉയർത്തിയപ്പോൾ, ഭാവിയിൽ ദൈവതേജസ്സിലും, ദൈവിക ജീവിതത്തിലും പങ്കുകൊള്ളേണ്ട രാജാവും, പ്രവാചകനും, പുരോഹിതനും ദൈവപുത്രനുമായിട്ടാണ് ആദാമിനെ ഏദൻതോട്ടത്തിൽ പാർപ്പിച്ചത്. അവർ ദൈവകല്പന ലംഘിച്ചതോടെ അനുസരണക്കേട്, അവിശ്വാസം,അകൽച്ച,അനൈക്യം എന്നിവ വഴി ഈ നാലു പദവികളും നഷ്ടമായി. അങ്ങനെ പാപം മൂലം അവർ നഷ്ടമാക്കിയ പദവികളെ നമുക്കു തിരിച്ചുതരാനായി ദൈവപുത്രൻ തന്റെ ദൈവിക ആളത്വത്തോടെ മനുഷ്യാവതാരം ചെയ്തു. അതുവഴി ദൈവപുത്രനായ ക്രിസ്തു രാജത്വവും, പ്രവാചകത്വവും പൗരോഹിത്യവും സ്വീകരിച്ചുകൊണ്ട്, രക്ഷാകരവേല നിർവ്വഹിച്ചു. പഴയ മനുഷ്യനായ ഒന്നാം ആദാം നഷ്ടമാക്കിയ പദവികൾ രണ്ടാം ആദാമായ ക്രിസ്തു നേടിയെടുത്തു. മനുഷ്യരാശിയുടെ അധ:പതനത്തിന്റെ നാലുഘട്ടങ്ങളായ അനുസരണക്കേട്, അവിശ്വാസം, അകൽച,അനൈക്യം എന്നിവയ്ക്ക് നിവാരണമായി നമ്മുടെ കർത്താവ് രാജാവെന്ന നിലയിൽ വീണ്ടെടുപ്പും, പ്രവാചകനെന്ന നിലയിൽ വെളിപാടും, പുരോഹിതൻ എന്ന നിലയിൽ അനുരഞ്ജനവും ദൈവപുത്രൻ എന്ന നിലയിൽ പുനരൈക്യവും നടത്തി പൂർണ്ണ രക്ഷ നമുക്കു നൽകിയിരിക്കയാണ്. മേൽപ്പറഞ്ഞ നാലുപദവികളെ ആസ്പദമാക്കിയാണ് മലങ്കരകുർബാന ഇന്നത്തെ ഘടനയിൽ രൂപം പ്രാപിച്ചത്.

തന്റെ രക്ഷണ്യവേലയുടെ അമൂല്യഫലങ്ങളായ വീണ്ടെടുപ്പ്, വെളിപാട്, അനുരഞ്ജനം, പുനരൈക്യം എന്നിവ ലോകാന്ത്യം വരെയുള്ള എല്ലാ ദേശങ്ങളിലെയും എല്ലാക്കാലങ്ങളിലെയും മനുഷ്യർക്ക് ലഭിക്കാനാണ് നമ്മുടെ കർത്താവ് സെഹിയോൻ മാളികയിൽവച്ച് വി.കുർബാന ബലിയും കൂദാശയും വിരുന്നുമായി സ്ഥാപിച്ചത്. അധ:പതിച്ച മനു

വി. കുർബാനയുടെ ഘടന

മനുഷ്യന്റെ അധഃപതന ഘട്ടങ്ങളും നഷ്ടപ്പെട്ട പദവികളും	സുവിശേഷങ്ങളും ക്രിസ്തുവിന്റെ ശ്രേഷ്ഠ പദവികളും	രക്ഷയുടെ ഘടകങ്ങളും മതാനുഷ്ഠാനവും	വിശുദ്ധ കുർബാനയുടെ ഘടന
അനുസരണക്കേട് (Disobedience) രാജത്വം	വി. മത്തായി മഹാരാജാവ്	വീണ്ടെടുപ്പ് (Redemption) പാപ പരിഹാരം	തുയോബൊ ഒരുക്കശുശ്രൂഷ
അവിശ്വാസം (Disbelief) രാജത്വം	വി. മർക്കോസ് മഹാപ്രവാചകൻ	വെളിപാട് (Revelation) ആരാധന	തുൽമോദോ വചനശുശ്രൂഷ
അകൽച്ച (Disruption) പൗരോഹിത്യം	വി. ലൂക്കോസ് മഹാപുരോഹിതൻ	അനുരഞ്ജനം (Reconciliation) മദ്ധ്യസ്ഥാപേക്ഷ	അനാഫോറ യാഗാർപ്പണം
അനൈക്യം (Disunion) ദൈവപുത്രത്വം	വി. യോഹന്നാൻ ദൈവപുത്രൻ	പുനരൈക്യം (Reunion) കൃതജ്ഞത	മെശ്തുസൊ യാഗവിരുന്ന്

www..malankaralibrary.com

ഷ്യന് യാതൊരു കാഴ്ച സമർപ്പണവും യോഗ്യമായി നടത്തുക സാദ്ധ്യമായിരുന്നില്ല. എന്നാൽ നമ്മുടെ കർത്താവ് കുരിശുമരണത്താലും ഉയിർപ്പിനാലും മനുഷ്യരാശിയെ പൈശാചിക ഭരണത്തിൽ നിന്നും മോചിപ്പിച്ചു. ആ വിമോചനം ക്രിസ്തുരാജൻ പിശാചിന്റെ ആധിപത്യം തകർത്തതോടെയാണ് സംജാതമായത്.

1. ഒരുക്ക ശുശ്രൂഷ-രാജാവായ ക്രിസ്തു

ആദ്യത്തെ രഹസ്യ ശുശ്രൂഷമുതൽ മറനീക്കി സ്വഭാവപ്രകാരം മരണമില്ലാത്തവനും.....എന്നിത്യാദിവരെയുള്ളതാണ് വി. കുർബാനയുടെ ഒന്നാം ഭാഗം - ഒരുക്കശുശ്രൂഷ. ഇവിടെ നാം ക്രിസ്തുവിനെ രാജാവായി ദർശിക്കുന്നു. അനുസരണക്കേടിനു പ്രതിവിധിയായി പാപപരിഹാരം എന്ന മതാനുഷ്ഠാനമാണ് ഈ ഭാഗത്ത് നടക്കുന്നത്. രാജാവായ ക്രിസ്തു കുരിശുമരണം വരെയുള്ള അനുസരണംകൊണ്ട് (ഫിലി 2:8) നമ്മെ വീണ്ടെടുത്തു. സുറിയാനിയിൽ *തൂയോബാ* എന്നറിയപ്പെടുന്ന ഒരുക്കശുശ്രൂഷയിലെ പ്രാർത്ഥനകളും കർമ്മങ്ങളും ക്രിസ്തുവിന്റെ രാജത്വത്തെ വെളിവാക്കുന്നവയാണ്.

2. വചനശുശ്രൂഷ-പ്രവാചകനായ ക്രിസ്തു

ദൈവമേ നീ പരിശുദ്ധനാകുന്നു. . . മുതൽ വിശ്വാസപ്രമാണം വരെയുള്ള ഭാഗം *തുൽമോദൊ* എന്ന പേരിൽ അറിയപ്പെടുന്നു. അദ്ധ്യയന ശുശ്രൂഷ അല്ലെങ്കിൽ വചനശുശ്രൂഷ എന്നാണ് സുറിയാനി പദത്തിന്റെ അർത്ഥം. അത് നമ്മുടെ കർത്താവ് പ്രവാചകനെന്ന നിലയിൽ ക്രിസ്തീയ വെളിപാട് നൽകിയതിന്റെ ഓർമ്മയാണ്. ഈ ഭാഗത്ത് അവിശ്വാസത്തിനു പരിഹാരമായി ദൈവജനം വിശ്വസിച്ച് ഏറ്റുപറയുകയും ആരാധന നടത്തുകയും ചെയ്യുന്നു.

3. ബലി അർപ്പണം-പുരോഹിതനായ ക്രിസ്തു

സമാധാനത്തിന്റെ പ്രാർത്ഥനമുതൽ മൂന്നാമത്തെ *റുശ്മാ* (മുദ്രകുത്തൽ-ആശീർവാദം) വരെയുള്ള ഭാഗത്താണ് യാഗാർപ്പണ ശുശ്രൂഷ നടക്കുന്നത്. ഗ്രീക്കിൽ *അനാഫോറാ* എന്നറിയപ്പെടുന്ന ഈ ഭാഗത്ത് ക്രിസ്തു മഹാപുരോഹിതൻ എന്ന നിലയിൽ ചെയ്ത രക്ഷണീയ കർമ്മങ്ങളെ ഓർക്കുന്നു. ക്രിസ്തുവിനെ ബലിവസ്തുവും, ബലിയും, പുരോഹിതനുമായി നാം ഇവിടെ കാണുന്നു. അകൽച്ചയ്ക്കു പരിപരിഹാരമായിട്ടുള്ള അനുരഞ്ജനമാണ് ഈ ശുശ്രൂഷയിൽ ദൈവജനം നടത്തുന്നത്.

4. ബലി വിരുന്ന് - ദൈവപുത്രനായ ക്രിസ്തു

കാസായും പീലാസായും ഉയർത്തുന്നതു മുതൽ അവസാനം വരെയുള്ള ഭാഗം *മെശ്തുസൊ* എന്ന് സുറിയാനിയിൽ അറിയപ്പെടുന്നു. യാഗവിരുന്ന് എന്നാണ് അർത്ഥം. ഈ ഭാഗത്ത് ക്രിസ്തുവിനെ ദൈവപുത്രനായി ദർശിച്ച് ആരാധിക്കുകയും വി. കുർബാനാനുഭവം വഴി ദൈവവുമായുള്ള പുനരൈക്യം കൈവരുത്തുകയും ചെയ്യുന്നു.



www..malankaralibrary.com

ധന്യൻ മാർ ഈവാനിയോസ് തിരുമേനിയെപ്പറ്റി എഴുതപ്പെട്ട ഏറ്റവും പുതിയ പുസ്തകം

പ്രസിദ്ധീകരിച്ചത്: ജനുവരി 2026
പുനഃപ്രസിദ്ധീകരണം: 5 ഏപ്രിൽ 2026



ലഭിക്കുന്നത്:

- സെൻറ് ഇഗ്നേഷ്യസ് സെന്റർ, പട്ടം കത്തിഡ്രൽ, പട്ടം.
- ബഥനി ബുക്ക് സെന്റർ, നാലാഞ്ചിറ.
- ശാലോം ബുക്ക് സെന്റർ, പത്തനംതിട്ട കത്തിഡ്രൽ.
- സെൻറ് മേരീസ് ബഥനി ബുക്ക് സെന്റർ, പുത്തൻപീടിക.
- മലങ്കര മേജർ സെമിനാരി ബുക്ക് സ്റ്റാൾ, നാലാഞ്ചിറ.
- സെമിനാരി ബുക്ക് സ്റ്റാൾ, വടവാതൂർ സെമിനാരി, കോട്ടയം.
- ദീപിക സെന്റർ, കോട്ടയം.
- ജ്യോതി ബുക്ക് സെന്റർ, ക്നാനായ സെന്റർ, കോട്ടയം.
- ഗ്ലോറിയ സെന്റർ, ആർച്ചുബിഷപ്സ് ഹൗസ്, തിരുവല്ല.
- ബഥനി ആശ്രമം, കറ്റാനം.

വില: 300 രൂപ

ഡോ. ജോൺ സാമുവൽ പാലവിളയിൽ ഒ.ഐ.സി.

NB: (25 -ൽ കൂടുതൽ കോപ്പി വാങ്ങുന്നവർക്ക് ബഥനി ആശ്രമം, കറ്റാനത്ത് നിന്ന് 200 രൂപയ്ക്ക് ലഭിക്കുന്നതാണ്).



2026 ഏപ്രിൽ 7 ന് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിനുവേണ്ടി
അഭിഷേകം സ്വീകരിച്ച നവവൈദികർ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിക്കും
അഭിവന്ദ്യ പിതാക്കൻമാർക്കുമൊപ്പം

www.malankaralibrary.com

RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)/284/2024-2026
Date of Publication 29-04-2026
www..malankaralibrary.com
Christavakahalam Monthly, MAY 2026
Annual Subscription Rs. 150/-
Single Copy Rs. 15/-

മലങ്കര സുറിയാനി
കത്തോലിക്കാ സഭയുടെ
പ്രഥമ പ്രസിദ്ധീകരണം.
ആകർഷകമായ രൂപകല്പനയിൽ
എല്ലാ കുടുംബങ്ങളിലേക്കും....



ക്രൈസ്തവ കാഹളം

വായിക്കുക പ്രചരിപ്പിക്കുക വരിക്കാരാക്കുക

Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374,
e-mail:stmaryspresspattom@gmail.com